
2025 OCTOBER
VOL 24
ISSUE 10
PAGE 48
PRICE ₹50

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക



# കാലത്തിനു കാവലായി
# കല്പനകൾ

ഡോ. അനീഷ് ജോൺ

JESUS YOUTH
A MISSIONARY MOVEMENT AT THE SERVICE OF THE CHURCH

www.jykairosmedia.org




**പിയർ ജോർജിയോ ഫ്രസാത്തിയും കാർലോ അക്യുട്ടിസും വിശുദ്ധരായതിനാൽ സഭ സന്തോഷിക്കുന്നു.** ***ലിയോ XIV പാപ്പ, 2025 സെപ്റ്റംബർ 7.***

### വി. പിയർ ജോർജിയോ ഫ്രസാത്തി

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ജീവിച്ചിരുന്ന ഒരു യുവ ഇറ്റാലിയൻ വംശജനായ പിയർ ജോർജിയോ ഫ്രസാത്തി കത്തോലിക്കാ സംഘടനകളിൽ സജീവമായി പങ്കെടുക്കുകയും ദരിദ്രരെ സേവിക്കുകയും ചെയ്തു. വിശ്വാസം സ്വകാര്യമല്ല, മറിച്ച് സമൂഹത്തിലും രാഷ്ട്രീയ ഇടപെടലിലും മറ്റുള്ളവർക്കുള്ള ഉദാരമായ സേവനത്തിലും അഭിവൃദ്ധി പ്രാപിക്കുന്നുവെന്ന് കാണിക്കുന്ന തന്റെ ജീവിതം 'സാധാരണക്കാരുടെ ആത്മീയതയ്ക്കുള്ള ഒരു വഴികാട്ടിയായി' തുടരുന്നു എന്ന് ലിയോ പാപ്പാ പറഞ്ഞു.

### വി. കാർലോ അക്യുട്ടിസ്

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ജീവിച്ചിരുന്ന കൗമാരക്കാരനായ കാർലോ അക്യുട്ടിസ് തന്റെ കുടുംബം, ഇടവക, സ്കൂൾ എന്നിവയിലൂടെ യേശുവിനെ കണ്ടുമുട്ടി. കാർലോയുടെ മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും സാന്നിധ്യം വിശുദ്ധ പ്രഖ്യാപനത്തിനായുള്ള ദിവ്യബലിയിൽ ലിയോ പാപ്പാ എടുത്തുകാട്ടി. പ്രാർഥന, കായികം, പഠനം, ദാനധർമം എന്നിവ ദൈനംദിന ജീവിതത്തിലേക്ക് കാർലോ സംയോജിപ്പിച്ചു, വിശുദ്ധി ലളിതമായും സ്വാഭാവികമായും ജീവിക്കാൻ കഴിയുമെന്ന് തെളിയിച്ചു.

എഡിറ്റേഴ്സ് റൂം -
അഡ്വ. കെ.ജെ. ജോൺസൺ
jjadvocatesjy@gmail.com



# ഭയമല്ല, ജാഗ്രതയാണ് വേണ്ടത്

യുദ്ധങ്ങളുടെയും സംഘർഷങ്ങളുടെയും കാലമാണിത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ വെല്ലുവിളിയുടെ തിക്തഫലങ്ങൾ അനുഭവിക്കുന്നു. യുദ്ധമുഖത്തുള്ളവർ ആദ്യം നിരീക്ഷിക്കുന്നത് ശത്രുവിന്റെ ശക്തിയെ കുറിച്ചും ദൗർബല്യത്തെക്കുറിച്ചുമാണ്. ശത്രുവിന്റെ ശക്തിയറിഞ്ഞ് പ്രതിരോധം സൃഷ്ടിക്കാനും ദൗർബല്യങ്ങൾ മുതലെടുത്ത് ആക്രമിക്കാനും ഇതുവഴി സാധിക്കും. ആത്മീയ ജീവിതത്തിൽ ഈ തത്ത്വത്തിന് വളരെ പ്രാധാന്യമുണ്ട്. നന്മയിൽ ജീവിക്കാൻ ആഗ്രഹിക്കാത്തതുകൊണ്ടല്ല മനുഷ്യൻ തിന്മയിൽ വ്യാപരിക്കുന്നത്. മറിച്ച് തിന്മയുടെ സ്വാധീന ശക്തിയെ നിസ്സാരവത്ക്കരിക്കുന്നതുകൊണ്ടാകാം. പത്തു കല്പനകളിൽ അവസാനത്തെ ഏഴു കല്പനകളും തിന്മയിലേക്കും അസമാധാനത്തിലേക്കും മനുഷ്യൻ നിപതിക്കാതിരിക്കാനുള്ള ചാലകങ്ങളായി നിൽക്കുന്നതു കാണാം. ക്രിസ്തു വളരെ മനോഹരമായി ഇവയെ വിശാലമായ അർഥത്തിൽ വ്യാഖ്യാനിക്കുന്നുണ്ട്. വ്യഭിചാരം ചെയ്യരുതെന്ന കല്പന ക്രിസ്തുവിന്റെ വ്യാഖ്യാനത്തിൽ ഒരു പ്രവൃത്തിയെക്കാൾ, അതിലേക്ക് നയിക്കുന്ന ചിന്തയേയും മനോഭാവത്തെയുമാണ് ഉൾക്കൊള്ളുന്നത്. ഒരു മനുഷ്യന്റെ അന്തരംഗം തിന്മയിലേക്ക് ചാഞ്ഞിരിക്കുന്നുവെന്ന് വേദപുസ്തകം മുന്നറിയിപ്പ് നൽകുന്നു.

തിന്മയുടെ ശക്തി ഓരോ വ്യക്തിയേയും കീഴടക്കാൻ ശ്രമിക്കുന്നു. ആ ശക്തിയുടെ വ്യാപ്തിയെപ്പറ്റി അറിയാത്തവർ പതുക്കെ ആ തിന്മയുടെ കാണാക്കയത്തിലേക്ക് ആഴ്ന്നു പോകുന്നു. ആരംഭത്തിൽത്തന്നെ തിരിച്ചറിയാൻ കഴിഞ്ഞാൽ അകന്നു മാറാവുന്ന അപകടത്തിൽ, അറിയാതെ വീണു പോകുന്നവരാണ് അധികവും. "നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചുകൊണ്ട് ചുറ്റി നടക്കുന്നു. വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് അവനെ എതിർക്കുവിൻ" എന്നാണ് പത്രോസ് ശ്ലീഹ മുന്നറിയിപ്പ് നൽകുന്നത്. ക്രിസ്തു ഈ തിന്മയുടെ സ്വാധീനത്തിന്റെ വഴികളെ, "സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത എന്നിവയാൽ നിങ്ങളുടെ മനസ്സ് ദുർബലമാവുകയും ആ ദിവസം ഒരു കെണിയെന്ന പോലെ പെട്ടെന്ന് നിങ്ങളുടെ മേൽ വന്നു വീഴുകയും ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുക" എന്ന് ലളിതമായാണ് വിവരിക്കുന്നത്. "ദുർമോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു"വെന്ന ഒരു പദപ്രയോഗം കൊണ്ട് യാക്കോബ് ശ്ലീഹ ഈ തിന്മയുടെ വഴികളെ കാണിച്ചു തരുന്നുണ്ട്. തിന്മയുടെ ശക്തിയെ ഭയത്തോടെയല്ല മറിച്ച്, ജാഗ്രതയോടെയാണ് കാണേണ്ടത്.

എല്ലാ തിന്മകളെയും അതിജീവിച്ചുകൊണ്ടാണ് ക്രിസ്തു ഉയർത്തെഴുന്നേറ്റത്. തിന്മകളുടെ സ്വാധീനത്തെ അതിജീവിക്കാൻവേണ്ട കരുത്ത് വിശ്വാസംവഴി ഓരോ മനുഷ്യനും ലഭിച്ചിട്ടുണ്ട്. ആ വിശ്വാസത്തിൽ ഉറച്ചുനിന്ന് തിന്മക്കെതിരെ പടപൊരുതുകയാണ് വേണ്ടത്.

ആക്രമണമാണ് ഏറ്റവും നല്ല പ്രതിരോധമെന്നത് യുദ്ധമുറകളുടെ ഒരു കാഴ്ചപ്പാടാണ്. നിങ്ങൾ സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുക എന്ന് ക്രിസ്തു ആവശ്യപ്പെടുന്നതും ഇക്കാര്യം കൊണ്ടാകാം. സുവിശേഷം പ്രസംഗിക്കാനും അത് ജീവിക്കാനും അതിനുവേണ്ടി നിലകൊള്ളാനും ഒരാൾ ശ്രമിക്കുമ്പോൾ അത് തിന്മയിൽനിന്നു കൂടിയുള്ള മോചനത്തിന്റെ ഭാഗമാകുന്നു. "സൈനിക സേവനത്തിൽ ഏർപ്പെട്ടിരിക്കുന്ന പടയാളി, തന്നെ സൈന്യത്തിൽ ചേർത്ത ആളിന്റെ ഇഷ്ടം നിറവേറ്റാനുള്ളതിനാൽ മറ്റു കാര്യങ്ങളിൽ തലയിടാറില്ല" എന്നാണ് പൗലോസ് ശ്ലീഹ പറയുന്നത്. സഭയുടെ മിഷൻ പ്രവർത്തനം എന്നത് വിശുദ്ധിയിലേക്കുള്ള വിളിയും ക്രൈസ്തവന്റെ ദൗത്യവുമാണ്.



എഡിറ്റർ-ഇൻ-ചീഫ്

Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*
His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr Paul A.J. *(KJYC Animator)*

**Printer and Publisher**
Reji J. Karot 9447394142

**Managing Trustee**
Ginees Francis 9562379515

**Executive Director**
Godwin Ignatious 9995211689 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@jykairosmedia.org)

**Associate Editors**
Sunny Kokkappillil 9446890744
Sujamol Jose 9497166591

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Co-ordinator**
Anto L Puthur, Cochin, India +91 9605511644

**Associate Circulation Co-ordinators**
***Australia*** Mintu Vijoy, Melbourne +61 452 538 785
***Bahrain*** Neenu Maria Jibin +973 337 15472
***Bangladesh*** Tias Victor Palma +880 1717-152023
***Combodia*** Sophearong Ravy, Phnom Penh +855 96 426 5472
***Canada*** Abhilesh Thomas +1 (289) 952-1785
***East Timor*** Sr. Julie Antony +670 77827618 +91 97447 32431
***Germany*** Anna Paul, Berlin +49 176 83495451
***India*** Austin Michael, Mangalore +91 8277405251
***Ireland*** Suresh V Joy +353 87 963 0904
***Israel*** Jaison K Thattil, Tel Aviv +972 55 9974339
***Italy*** Anoop P Varghese +39 3884256258
***Kuwait*** Rajeev J Chacko, Ahmadi +965 66388310
***Malaysia*** Sweety Kamala Prasad +60 162568139
***Netherlands*** Jojo Varghese, Utrecht +31 684974552
***New Zealand*** Derick Daniel, Auckland +642 9127 0650
***Oman*** Jino Joy Ghala +968 953 84654
***Pakistan*** Asif Emmanuel +92 3022534254
***Papua New Guniea*** Abin Michael +675 7479 4368
***Qatar*** Sijo C. Johny +974 3357 2544
***Singapore*** Savio Francies +65 9021 9798
***Srilanka*** Sonal Fernando +94 77 3818399
***Switzerland*** Anu Jose +41 799177100
***Thailand*** Vineeth Andrew +66 86 372 6601
***UAE*** Seejo, Dubai +971 502782383
***Uganda*** Mboowa Ronald +256 706844152
***UK*** Mathachen Maduckakuzhy +44 7969 365686
***USA*** Denny Joseph +1 (832) 640-3106

**Finance Manager**
Rani George +91 9446563335 finance@jykairosmedia.org

**Office** Smitha Jose: smitha.jose@jykairosmedia.org

**Mailing Address**
**INDIA:** 8/174, Navodaya Studio Complex,
Thengode P.O, Kochi 682030, Kerala, India.
infoin@jykairosmedia.org
+91 484 2984327

**USA:** Kairos International Inc.,
3010 Mason Grove Ln, Pearland, TX 77584 USA
info@jykairosmedia.org
+1 832 592 3675

www.jykairosmedia.org
Facebook.com/Readkairos
Twitter.com/kairosmalayalam

കെയ്‌റോസ് മലയാളം/കെയ്‌റോസ് ഗ്ലോബൽ/
കെയ്‌റോസ്ബഡ്സ് എന്നിവ ലഭിക്കാൻ:

Cloudcatholic Mobile App

Print (Mal, Eng, Buds)

**Design:** Shaji Joseph Arakkal +91 98954 05631 arakkalshaji@gmail.com

contents

06


10

12

14

17

20

24


**കെയ്റോസിന് ബാങ്കുവഴി പണമടക്കുവാൻ:**

KAIROSE TRUST,
A/c No. 14690200009621
IFSC- FDRL0001469
FEDERAL BANK, KAKKANAD,
SEAPORT - AIRPORT ROAD

**ഓഫീസ് വിലാസം:**

കെയ്റോസ് മീഡിയ, 8/174, നവോദയ
സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ.
കാക്കനാട്, കൊച്ചി 682030
0484 2984327  62382 79115
kairosmag@jykairosmedia.org

# letters

STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT KAIROS

| | | |
|---|---|---|
| Title of Newspaper | : | Kairos |
| Registration No. | : | RNI No. KERMAL/2002/12027 |
| Language | : | Malayalam |
| Periodicity of Publication | : | Monthly |
| Single Subscription | : | Rs 50.00 |
| Printer & Publisher | : | Reji J. Karot |
| Nationality | : | Indian |
| Address | : | Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682030 |
| Editor's Name | : | Adv. K.J. Johnson |
| Nationality | : | Indian |
| Address | : | Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682030 |
| Owner's Name | : | Kairos Trust, Chevayur P.O, Kozhikode |


I Reji J. Karot here by declare that the particular given above are true to the best of my knowledge and belief

34 44 29 36 46




സെപ്റ്റംബർ ലക്കം മാസികയിൽ ദൈവകല്പനകളുടെ പശ്ചാത്തലത്തിൽ ലേഖനങ്ങൾ ഉണ്ടായിരുന്നത് എന്തുകൊണ്ടും ഉചിതമായി തോന്നി. ഒക്ടോബർ ലക്കത്തിൽ ഇതിന്റെ പിന്തുടർച്ച ഉണ്ടാകുമെന്ന് കരുതുന്നു. ഇടയ്ക്ക് ഇതേപോലെ ബൈബിളിനെ കൂടുതൽ അറിയാനും വചനത്തെ അറിയാനും പഠിക്കാനുമൊക്കെ ലേഖനങ്ങൾ ഉണ്ടാകുന്നത് ഏറെ ഉപകാരപ്രദമായിരിക്കും. ജീസസ് യൂത്ത് മുന്നേറ്റത്തിലെ ഫുൾടൈമർഷിപ്പിനെ കുറിച്ച് എഴുതിയത് ഈ മേഖലയെ കുറിച്ച് ഞങ്ങളെപ്പോലുള്ളവർക്ക് ജീസസ് യൂത്തിനെയും പ്രവർത്തനങ്ങളെയും ഒക്കെ ഇതിലൂടെ അറിയാനിടയായി. വാർത്താവിചാരത്തിൽ ക്രൈസ്തവ സഭയുടെ സേവനങ്ങളെ പ്രതിപാദിക്കുന്നതും ഓർമപ്പെടുത്തുന്നതുമൊക്കെ ഏറെ പ്രശംസനീയം തന്നെ.

വിൻസെന്റ് പോൾ, കൊല്ലം.



ഫ്രം ദി ഹാർട്ട് – ഡോ. എഡ്വേർഡ് എടേഴത്ത്

# വിദഗ്ധ ശില്പികളാകാൻ വിളിക്കപ്പെട്ട ജീസസ് യൂത്ത്

എന്റെ ഇടവക പള്ളിയിലെ തിരുഹൃദയ ചിത്രീകരണം, ഉയിർപ്പും പിതൃഹൃദയവുമൊക്കെ ഒത്തുചേരുന്നതാണ്. ഈ മനോഹര ശില്പവും പുതിയ പള്ളിയും ഒക്കെ രൂപകല്പന ചെയ്തതോ, മുൻ ഇടവക വികാരി ഫാ. അഗസ്റ്റിൻ. പിന്നീട് അദ്ദേഹത്തെ മറ്റൊരു ഇടവകയിലേക്ക് മാറ്റി. അദ്ദേഹം അവിടെയും പള്ളി പുനർനിർമിച്ചു. വർഷങ്ങളായി അദ്ദേഹം നിർമാണത്തിനു നേതൃത്വം നൽകിയ ദേവാലയങ്ങൾ രൂപതയിൽ പലയിടത്തുമുണ്ട് – ഇഷ്ടികയിലും ചാന്തിലും ദർശനത്തിലും കരുപിടിപ്പിച്ച വിശ്വാസത്തിന്റെ ദൃശ്യമായ അടയാളങ്ങൾ.

മറ്റു നിർമാതാക്കളെക്കുറിച്ച് ചിന്തിക്കുമ്പോൾ, തന്റെ വീട് പുതുക്കിപ്പണിത എന്റെ സുഹൃത്തിനെ ഞാൻ ഓർക്കുന്നു. ആ അനുഭവ സമ്പത്ത് അയാളെ നയിച്ചത് മറ്റൊരു ഭവന നിർമാണത്തിലേക്കാണ്. അദ്ദേഹം ആ വീട് നിർമിച്ച് വിറ്റു. അങ്ങനെ അപ്രതീക്ഷിതമായി ആ സ്നേഹിതൻ വീടുകൾ നിർമിച്ചു തലമുറകൾക്ക് അഭയം നൽകുന്നവനായി. ഒരു പുതുദർശനമാണോ അതോ സാമ്പത്തിക ലാഭമാണോ അയാളെ നയിച്ചതെന്ന് എനിക്കറിഞ്ഞുകൂടാ.

ജീസസ് യൂത്ത് നേതൃഗുണങ്ങളിൽ പ്രഥമ സ്ഥാനത്തുണ്ടാകേണ്ട നിർമാണ വൈഭവത്തെക്കുറിച്ച് ഓർത്തപ്പോഴാണ് ഈ നിർമാണ വിദഗ്ധർ കടന്നു വന്നത്. ചിലർ സിമന്റും കല്ലും ഉപയോഗിച്ച് പണിയുമ്പോൾ നമ്മിൽ പലരും വിശ്വാസവും ബന്ധങ്ങളും സാംസ്കാരിക ഘടകങ്ങളും ഒക്കെ കൂട്ടിച്ചേർത്തു മറ്റെന്തൊക്കെയോ പണിതുയർത്തുന്നു. ഏതായാലും ക്രിസ്തീയ വഴിയിൽ കൂട്ടായ്മകളുടെ പണിതുയർത്തൽ മറ്റു നിർമാണ പ്രവർത്തനങ്ങളെക്കാൾ പ്രധാനം തന്നെ. അത് വ്യക്തികളെയും സമൂഹങ്ങളെയും രൂപപ്പെടുത്താനുള്ള സുപ്രധാന വിളിയാണ്.

## ബൈബിളിലെ ചില സൂചനകൾ

നിർമാണപ്രവർത്തനവുമായി ബന്ധപ്പെടുന്ന വചന ഭാഗങ്ങൾ നമുക്ക് സുപരിചിതമാണ്. വി. പൗലോസ് കോറിന്ത്യർക്ക് എഴുതുന്നത് ഇങ്ങനെയാണ്, "എനിക്കു നൽകപ്പെട്ട ദൈവകൃപ



യനുസരിച്ച്, ഒരു വിദഗ്ധ ശില്പിയെപ്പോലെ, ഞാൻ അടിസ്ഥാന മിട്ടു. മറ്റൊരുവൻ അതിൻമേൽ പണിയുകയും ചെയ്യുന്നു" (1 കോറി 3, 10). ശ്ലീഹാ തുടരുന്നു, പണിതുയർത്താൻ യേശു ക്രിസ്തു അല്ലാതെ മറ്റൊരു അടിത്തറ ഇല്ല. ആ അസ്ഥിവാര ത്തിൽ വേണം വിശ്വാസ സമൂഹങ്ങൾ പണിതുയർത്തപ്പെടാൻ.

വിശ്വസ്തരായ പണിക്കാർക്ക് വലിയ പ്രതിഫലം ലഭിക്കുമെന്നും, അശ്രദ്ധർക്ക് എല്ലാം നഷ്ടപ്പെടുമെന്നും പൗലോസ് ഓർമപ്പെടു ത്തുന്നു. അതിനുമപ്പുറം, ദൈവത്തിന്റെ പ്രവൃത്തിയെ സ്വാർഥ തയോടെ നശിപ്പിക്കുന്നവർ ന്യായവിധിയെ നേരിടേണ്ടി വരും. ഓർക്കുക, ദൈവ രാജ്യ ശില്പിയാകുകയെ ന്നത് ഒരു ആദര പദവിയും ഉത്തരവാദിത്വവുമാണ്.

**മുന്നേറ്റത്തിന്റെ കഴിഞ്ഞ കാലങ്ങളിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ, നല്ല ജീസസ് യൂത്ത് നേതാക്കളുടെ സവിശേഷത അവർ ലക്ഷണമൊത്ത വിദഗ്ധ ശില്പികളാണെന്നതാണ്.**

ഓരോ ജീസസ് യൂത്ത് മിഷണറിയോടുമുള്ള ഈ ഉദ്ബോധനം തീർച്ചയായും ഉള്ളിൽ തട്ടുന്നതാണ്. മുന്നേറ്റത്തിന്റെ കഴിഞ്ഞ കാലങ്ങളിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ, നല്ല ജീസസ് യൂത്ത് നേതാക്കളുടെ സവിശേഷത അവർ ലക്ഷണമൊത്ത വിദഗ്ധ ശില്പികളാണെന്നതാണ്. കെട്ടിട ങ്ങളുടെയും സ്മാരകങ്ങളുടെയുമല്ല മറിച്ച് വ്യക്തികൾ, കൂട്ടാ യ്മകൾ, സാംസ്കാരിക ശൈലികൾ, സ്നേഹ ശൃംഖലകൾ തുടങ്ങിയവ കെട്ടിപ്പടുക്കുന്ന നൈപുണ്യമാർന്ന പണിക്കാർ.

## ഒരു കഥയുടെ തുടക്കം

1978 ഒക്ടോബറിലെ ഒരോർമ. ആദ്യത്തെ യുവജന സമ്മേളന ത്തിനുള്ള തയ്യാറെടുപ്പിന്റെ ഭാഗമായി സിസ്റ്റർ ക്ലിയോപാട്രയോ ടൊപ്പം ഞാൻ ഫാ. ഫിയോയെ കാണാൻ പോയി. യുവജന ങ്ങളെ ഒന്നിച്ചുകൂട്ടാനുള്ള ആശയം മുന്നോട്ടുവച്ച അദ്ദേഹം അന്ന് ഡിണ്ടിഗലിൽ സന്ന്യാസ പരിശീലനത്തിലായിരുന്നു. ഒരുക്ക പദ്ധതികൾ ശ്രവിച്ചതിനുശേഷം അദ്ദേഹം ഞങ്ങൾക്ക് ചില നിർ ദേശങ്ങൾ നൽകി. ഒരുവിധത്തിൽ അതിന്നും പ്രസക്തമാണ്: 'നിങ്ങൾ ഒട്ടേറെ യുവാക്കളെ ഒരുമിച്ചുകൂട്ടിയിരിക്കുന്നു. ഇനിയി പ്പോൾ വലിയ സമ്മേളനവും നടക്കാൻ പോകുന്നു. എന്താ കണം നിങ്ങളുടെ അടുത്ത ഊന്നൽ? യുവാക്കളെ പ്രാദേശി കമായി കൂട്ടായ്മകളിൽ ഒത്തുകൂട്ടുക, അവയെ തമ്മിൽ ബന്ധിപ്പിക്കുക, അത്തരം ഒരു ശൃംഖല രൂപപ്പെടുത്തുക.'

അതുകഴിഞ്ഞിട്ട് നാല് പതിറ്റാണ്ടിലേറെ ആയെങ്കിലും ഇന്നും ആ ദർശനം ജീസസ് യൂത്തിന് വഴിവിളക്കാകുന്നു. ഓരോ പ്രദേശങ്ങളിൽ വേരുപാകുന്ന, സൗഹൃദത്തിൽ തഴച്ചുവളരുന്ന, തമ്മിൽ ശൃംഖല തീർക്കുന്ന യുവജന കൂട്ടങ്ങൾ. അതൊരിക്കലും വലിയ സംഭവപരമ്പരകളെ കുറിച്ചല്ല; മറിച്ച് തുടർച്ച ഉറപ്പാക്കി ക്കൊണ്ട് ഓരോ വ്യക്തിയെയും, കൂട്ടായ്മയെയും പണിയുക, അങ്ങനെ ഒരു പുതു സംസ്കാരത്തെയും കെട്ടിപ്പടുക്കുക എന്നതിനെക്കുറിച്ചാണ്.

## ജീവനുള്ള കല്ലുകൊണ്ട് പടിപടിയായി പണിയാൻ

ദൈവാത്മാവ് സൗമ്യസുന്ദരമായ ശൈലിയിൽ വളർച്ചയുടെ നിർദിഷ്ട ഘട്ടങ്ങളിലൂടെ ആളുകളെ പണിതുയർത്തുന്നു. ആദ്യം, ഗുരുവിനെ അന്വേഷിക്കുന്നവരായി, പിന്നെ കൃപാ സ്പർശനം കിട്ടി അവനിൽ വിശ്വസിക്കുന്നവരായി, ആ സ്നേഹബന്ധം ആഴപ്പെടുമ്പോൾ, ഉത്സാഹഭരിതരായ ശിഷ്യരായി ഓരോരുത്തരും വളരുന്നു, യേശുവുമായുള്ള സഹയാത്രയുടെ ഒരു പ്രത്യേക ഘട്ടത്തിൽ അവർ അപ്പസ്തോലന്മാരായി അയയ്ക്കപ്പെടുന്നു, ലോകത്തിൽ സുവിശേഷ സാക്ഷികളാകുന്ന നല്ല മിഷണറിമാർ.

എന്നാൽ, ആ യാത്ര അവിടെ അവസാനിക്കുന്നില്ല. ഈ അപ്പസ്തോലന്മാരിൽ പലരും ഒരു പടി കടന്ന് ദൈവരാജ്യവും ക്രിസ്തുശരീരവും പണിയുന്നവരായി മാറുന്നു. അവർ മറ്റുള്ളവ രെ നയിക്കുന്നു, മിഷണറിമാരെ വളർത്തുന്നു, സമൂഹങ്ങൾ രൂപപ്പെടുത്തുന്നു, ഓരോ ഇടങ്ങളിലും പുതു സംസ്കാരങ്ങൾ രൂപപ്പെടുത്തുന്നു. ഇവരല്ലേ ശ്ലീഹാ എടുത്തുപറയുന്ന വിദഗ്ധ ശില്പികൾ? വലിയ ഉത്തരവാദിത്വങ്ങൾ നാഥൻ ഇവരെ ഏൽപി ക്കുന്നു – ദേശീയ സംരംഭങ്ങളെ ഇവർ നയിക്കുന്നു, അന്താരാഷ്ട്ര ശൃംഖലകളെ ഇവർ പ്രചോദിപ്പിക്കുന്നു, സുവിശേഷ ദൗത്യത്തി നായി ക്രിയാത്മക വേദികൾ ഇവർ രൂപകല്പന ചെയ്യുന്നു.

ജീസസ് യൂത്ത് രൂപീകരണ യാത്രയുടെ അസാമാന്യ വൈഭവം ഇതാണ്: ഇത് വ്യക്തിഗത വളർച്ചയിൽ തീരുന്നില്ല, മറിച്ച് സ്വാഭാവികമായി മറ്റുള്ളവരെ പണിതുയർത്തുന്നതിലേയ്ക്ക് ഒഴുകിയെത്തുന്നു. രൂപപ്പെടുന്ന ഓരോ വ്യക്തിയും ദൈവഭവന സൗധത്തിന്റെ ജീവനുള്ള ശിലയായി മാറുന്നു, അതിനുമപ്പുറം മറ്റുള്ളവരെ വളർത്തുന്നവരും ആയിത്തീരുന്നു.

## ആഗോളവത്കരണ യുഗത്തിലെ നവദർശന നിർമാതാക്കൾ

ലോകപരപ്പുള്ള ബന്ധങ്ങളുടെ നവീന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. വിനാശകരമായ ഒരു വെല്ലുവിളിയായാണ് പലരും ഇതിനെ കാണുന്നത്. ജീസസ് യൂത്തിനെ സംബന്ധിച്ചിടത്തോളം ഇത് വലിയൊരു സാധ്യതയും അവസരവുമാണ്.

നല്ല കൂട്ടായ്മകൾ കെട്ടിപ്പടുക്കാൻ പ്രാവീണ്യമുള്ളവരാണ് ലക്ഷണമൊത്ത ജീസസ് യൂത്ത് നിർമാതാക്കൾ. അകലങ്ങൾ ഒഴിവാക്കി ഹൃദയങ്ങളും സൗഹൃദവലയങ്ങളും ഒന്നിപ്പിക്കാൻ പുതു ഡിജിറ്റൽ അറിവുകൾ, നവ മാധ്യമങ്ങൾ, മാനേജ്മെന്റ് സങ്കേതങ്ങൾ തുടങ്ങി ആധുനിക ഉപകരണങ്ങളും രീതികളും എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് അവർക്കറിയാം. ഒരുകാ ലത്ത് ദീർഘയാത്രകളും കത്തുകളും ആവശ്യമായിരുന്നിടത്ത് ഇപ്പോൾ തത്ക്ഷണ സന്ദേശങ്ങൾ, വീഡിയോ കോൾ, ചാറ്റ് പ്ലാറ്റ്ഫോമുകൾ എന്നിവ വഴി കൂട്ടായ്മ നിർമിതി എളുപ്പമായി രിക്കുന്നു. മാത്രമല്ല, മുൻപൊരിക്കലും ചിന്തിക്കാൻ പോലും പറ്റാതിരുന്ന വേഗത്തിലും കാര്യക്ഷമതയിലും അത് നടത്താനും കഴിയുന്നു.

എന്നാൽ, ഈ നവസാധ്യതകൾ അവയിൽത്തന്നെ ലക്ഷ്യങ്ങളല്ല. വിശ്വാസ അടിത്തറയിൽ ബന്ധങ്ങൾ കെട്ടിപ്പടുക്കുക, സമൂഹങ്ങളെ ശക്തിപ്പെടുത്തുക, സുവിശേഷ സമ്പന്നമായ കൂട്ടായ്മാ ശൃംഖലകൾ രൂപപ്പെടുത്തുക എന്നിവയാകണം അവയുടെ ലക്ഷ്യങ്ങൾ. ഇന്നത്തെ ജീസസ് യൂത്ത് ശില്പികൾ പ്രാർഥിക്കാനും നല്ല വ്യക്തിബന്ധങ്ങൾ വളർത്താനും വൈദഗ്ധ്യം നേടുന്നതിനൊപ്പം വ്യത്യസ്ത സംസ്കാരങ്ങളിൽ ഉള്ളവരെ ഒരുമിച്ചുകൊണ്ടു വരാനും നവമാധ്യമങ്ങൾ ഉപയോഗിക്കാനും കൂടെ പഠിക്കണം.

## ദാനങ്ങളുടെ ഐക്യം

ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ സവിശേഷതകളിലൊന്ന് വൈവിധ്യമാർന്ന ദാനങ്ങളുടെയും കഴിവുകളുടെയും ഒത്തുചേരലാണ്. സംഗീതജ്ഞർ, നാടകകൃത്തുക്കൾ, പ്രഘോഷകർ, മധ്യസ്ഥർ, അധ്യാപകർ, സംഘാടകർ, എഴുത്തുകാർ എന്നിങ്ങനെ അനേകർ ഒരു മേശയ്ക്ക് ചുറ്റും ഒത്തുവരുന്നു.

പഴയനിയമത്തിലെ ജറുസലേം ദേവാലയ നിർമാണം ഓർക്കുമല്ലോ. പരിശുദ്ധാത്മാവ് വ്യത്യസ്ത ആളുകളെ വൈവിധ്യമാർന്ന കഴിവുകളാൽ സജ്ജമാക്കി. അങ്ങനെ കരകൗശല വിദഗ്ധർ, കലാകാരന്മാർ, നേതാക്കൾ ഒക്കെ ഒരുമിച്ച് സൗന്ദര്യ മികവിന്റെയും ഹൃദയൈക്യത്തിന്റെയും പുതു സൃഷ്ടി സാധ്യമാക്കി (പുറപ്പാട് 31). അതുപോലെ, ജീസസ് യൂത്ത് ശില്പികളും വൈവിധ്യമാർന്നവരാണ്, കൂട്ടായ്മകളും ഏകരൂപമല്ലല്ലോ, സുന്ദരമായ മൊസൈക്കുകൾ പോലെ. വ്യത്യസ്ത നിറങ്ങളും രൂപങ്ങളും ഒത്തുചേർന്ന് ജീവൻ നിറഞ്ഞ ക്രിസ്തു ശരീരം രൂപപ്പെടുത്തുന്നു.

**ഫോണിലും സൂമിലും മണിക്കൂറുകൾ മാറ്റിവയ്ക്കുന്നവർ, സുന്ദര ചിത്രങ്ങളും ഗാനങ്ങളും ഒരുക്കി എല്ലാം ആകർഷകമാക്കുന്നവർ, കൂട്ടായ്മകൾ രസകരമാക്കാൻ ഭക്ഷണവും കളികളും തയ്യാറാക്കുന്നവർ, മടികൂടാതെ ദീർഘയാത്ര നടത്തി സംരംഭങ്ങൾ വളർത്തുന്നവർ..**

എല്ലാ യുഗങ്ങളിലും, സഭയ്ക്ക് നല്ല ശില്പികളെ വേണം. ചിലർ ഒളിഞ്ഞിരുന്നും മറ്റുള്ളവർ പൊതുവേദിയിൽ പ്രത്യക്ഷരായും നിർമാണ വൃത്തിയിൽ മുഴുകുന്നു. അവ പരസ്പര പൂരകം എന്ന് പറയേണ്ടതില്ലല്ലോ. ചെറു കൂട്ടായ്മകളും പ്രാർഥനാ ഗ്രൂപ്പുകളും വളർത്തുന്നവർ, വ്യക്തികളെ വിടാതെ പിന്തുടർന്ന് അവരെ രൂപപ്പെടുത്തുന്നവർ, അനുദിനം ഇതിനായി ഫോണിലും സൂമിലും മണിക്കൂറുകൾ മാറ്റിവയ്ക്കുന്നവർ, സുന്ദര ചിത്രങ്ങളും ഗാനങ്ങളും ഒരുക്കി എല്ലാം ആകർഷകമാക്കുന്നവർ, കൂട്ടായ്മകൾ രസകരമാക്കാൻ ഭക്ഷണവും കളികളും തയ്യാറാക്കുന്നവർ, മടികൂടാതെ ദീർഘയാത്ര നടത്തി സംരംഭങ്ങൾ വളർത്തുന്നവർ. ഇങ്ങനെ എണ്ണമറ്റ നിറങ്ങളിലും താളങ്ങളിലും ആത്മാവിനൊപ്പം അനേകർ ഒന്നിച്ചാണ് ഇന്നും ദൈവരാജ്യ സൗധം പണിതുയർത്തുന്നത്.

## ഒരേ അടിത്തറയിൽ വൈവിധ്യമാർന്ന്

പിൻനോക്കുമ്പോൾ, '78 –ൽ ഫിയോ അച്ചൻ തന്ന ആ ലളിതമായ നിർദേശം നമുക്ക് തുടരുന്ന മാർഗനിർദേശമായി മാറി. എന്നാൽ, ഒരു മനസ്സോടെ കൂടുതൽ അന്നും ഇന്നും അനേകർ സങ്കീർണമാകുന്ന വൈവിധ്യത്തോടെ, യുവാക്കളെ ആകർഷിക്കാനും, വ്യക്തികളെ വളർത്താനും കൂട്ടായ്മകൾ പണിയാനുമുള്ള തിരക്കിലാണ്. അത്തരം യുവ സുവിശേഷവത്കരണ ശില്പികളെ ഒരുക്കുക, എന്നതാണല്ലോ ജീസസ് യൂത്ത് ദൗത്യത്തിന്റെ കാതലായ ഭാഗം.

ഒരു ചോദ്യം സുപ്രധാനമാണ്: ഈ പണിതുയർത്തലിന്റെ ഇന്നത്തെ അത്യാവശ്യം എന്താണ്? പ്രപഞ്ചത്തിൽ നിരന്തരം പറന്നകലുന്ന നക്ഷത്ര വ്യൂഹങ്ങളെപ്പോലെ, നമ്മുടെ ലോകവും നിരന്തരം വളരുന്ന ശിഥിലീകരണ വെല്ലുവിളി നേരിടുന്നു. എന്നാൽ, അതിന് കടകവിരുദ്ധമായി ക്രിസ്തുവിൽ എല്ലാവരും ഒന്നാകാനാണു സ്നേഹ രൂപനായ ദൈവം ആഗ്രഹിക്കുന്നത്. പരസ്പരം വിഘടിക്കുന്ന ലോകത്ത് കൂട്ടായ്മ പണിത് ഒരുമയിൽ സ്നേഹ ശൃംഖല തീർക്കാൻ ക്രിസ്തു നമ്മെ വിളിക്കുന്നു.

വർഷങ്ങൾക്കുമുൻപ് ഞങ്ങളുടെ കൂട്ടായ്മയിൽ ലഭിച്ച സന്ദേശം: "കൂട്ടായ്മയിൽ വളരാൻ എല്ലാ മാർഗങ്ങളും ഉപയോഗിക്കുക." അതിന് പ്രത്യുത്തരമായി ഞങ്ങൾ ഗ്രൂപ്പിൽ പലതും ആരംഭിച്ചു. പരസ്പര പ്രാർഥനയും, മസാല ദോശ കൂട്ടായ്മയും, പിറന്നാൾ ആഘോഷവും, ക്രിസ്തുമസ് വിരുന്നും എല്ലാം. വചനവും, സേവനവും, ദിവ്യബലിയും, ഒത്തുകൂടലും, കളികളും, ഉല്ലാസവും ഒക്കെ ഉപയോഗിച്ച് വേണം നിത്യമായി നിലനിൽക്കേണ്ട ആ ഭവന നിർമാണം നടത്താൻ.

നാം ആരുതന്നെയായാലും പ്രശ്നമില്ല. കർഷകനോ, തൊഴിലാളിയോ, കലാകാരനോ, വീട്ടമ്മയോ, വൈദികനോ, എഞ്ചിനീയറോ ആരുതന്നെ ആയാലും അനന്യരായ ദൈവരാജ്യ പണിക്കാരാകാൻ നമ്മുടെ ജീവിതയിടങ്ങളിൽ നമുക്ക് ജോലി തുടങ്ങാനാകും. അത്തരം ശില്പികളാകാനുള്ള വിളി തിരിച്ചറിഞ്ഞ് കച്ചകെട്ടി ഇറങ്ങുക എന്നതുതന്നെയല്ലേ യഥാർഥ ജീസസ് യൂത്ത് പ്രതിബദ്ധത !?

***ലേഖകൻ ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ തുടക്കക്കാരിൽ പ്രധാനി. അന്തർദേശീയ പ്രഭാഷകനും എഴുത്തുകാരനുമാണ്. 2018ൽ ഷെവലിയർപട്ടം സ്വീകരിച്ചിട്ടുണ്ട്.***



**പാഥേയം - ശശി ഇമ്മാനുവേൽ**

# പനക്കലച്ചൻ പറഞ്ഞ ഈ കഥയിലെ നമ്മൾ...?

**പലരും വീണുപോയത് ദുർഘടം പിടിച്ച ഇടങ്ങളിലൊന്നുമല്ല, വളരെ സുരക്ഷിതമെന്നു പുറമേയുള്ളവർക്ക് തോന്നിപ്പിക്കുന്ന നിരപ്പായ ഭൂമികയിൽ വച്ചായിരുന്നു.**

"നിരപ്പായ വഴിയിലും അമിതമായ ആത്മവിശ്വാസം അരുത്. വഴിയിൽ ശ്രദ്ധയോടെ നടക്കുക. ഓരോ പ്രവൃത്തിയിലും കരുതൽ വേണം" (പ്രഭാ 32, 21-23).

പോപ്പുലർ മിഷൻ ധ്യാനം നടക്കുകയാണ് ഒരു ഇടവകയിൽ. അന്ന് ഭവന സന്ദർശന ദിനമാണ്. വൈദികർക്ക് വഴികാട്ടിയായി ഇടവകയിലെ 'പരിണതപ്രജ്ഞനായ' കപ്യാരു ചേട്ടനാണ് മുമ്പിൽ. വൈദികരൊക്കെ അവിടെ അത്ര പരിചിതരല്ലാത്തതിനാൽ മഴക്കാലത്തെ ആ വഴുവഴുപ്പുള്ള വഴിയിലൂടെ നടക്കുമ്പോൾ ശ്രദ്ധിക്കേണ്ട അഞ്ചു കാര്യങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു കൊടുത്ത് ശ്രദ്ധയോടെ നടക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് നിരന്തരം ഓർമിപ്പിച്ചാണ് കപ്യാരു ചേട്ടന്റെ 'പൈലറ്റ് വാഹന' നടത്തം. കൂടെക്കൂടെ "അച്ചാ, ശ്രദ്ധിക്കണേ, വഴുക്കലുണ്ടേ.." എന്ന് സുകൃതജപം പോലെ ആവർത്തിക്കാനും മറന്നില്ല. ഞാനിതൊക്കെ എത്ര കണ്ടിരിക്കുന്നു എന്ന അമിത വിശ്വാസത്തോടെ വൈദികരുടെ ഉടുപ്പിന്റെ 'ആത്മരക്ഷയെപ്രതി (ഒരു തരി ചളി പുരളാൻ ഞാൻ അനുവദിക്കില്ല എന്ന മട്ടിലുള്ള കരുതൽ) ആവശ്യത്തിലധികം ആകുലനായാണ് നടത്തം. ഒടുവിൽ തന്നെത്തന്നെ വിസ്മരിച്ച് അപരനെക്കുറിച്ചുള്ള ഈ അതിശ്രദ്ധ അദ്ദേഹത്തിനുതന്നെ വിനയായി. ഒരു വലിയ ആർത്തനാദത്തോടെ കപ്യാരു ചേട്ടൻ ദേ, കിടക്കുന്നു. കാലു വഴുതി ചളിയിലേക്ക് സ്കൂബാഡൈവ് നടത്തി വിജയശ്രീലാളിതനായി ചെളിയിൽ കുളിച്ചെഴുന്നേറ്റ് വരുമ്പോൾ മുഖത്ത് ചെറുതല്ലാത്ത ചമ്മൽ.

ചിരിക്കാതിരിക്കാൻ പാടുപെടുന്ന വൈദികർക്കിടയിൽ നിന്നും ഒരാൾ കഷ്ടപ്പെട്ട് ഒരു ചോദ്യം 'ചേട്ടാ, വല്ലതും പറ്റിയോ?' ഇതിൽ കൂടുതൽ എന്തു പറ്റാനാ എന്ന മട്ടിലുള്ള ദൈന്യമായ ഒരു നോട്ടമായിരുന്നു മറുപടി.

ഡിവൈൻ ധ്യാന മന്ദിരത്തിലെ തന്റെ സുദീർഘമായ പ്രഭാത പ്രസംഗത്തിനിടയിൽ പനക്കലച്ചൻ സ്ഥിരമായി സൂചിപ്പിക്കാറുള്ള 'ഈ കപ്യാരു കഥക്ക്" ലേശം നിറം കൊടുത്തുവെന്ന് മാത്രം, ചില മനുഷ്യർ അങ്ങനെയാണ് മറ്റുള്ളവർക്ക് വേണ്ടി, അവരുടെ ആത്മരക്ഷയെക്കുറിച്ചുള്ള ആകാംക്ഷയിൽ സ്വയം മറന്ന് ഓടി ആത്മനാശം വരിക്കും. മുകളിൽ ഉദ്ധരിച്ച വചനം ഒരിക്കൽ കൂടെ പ്രാർഥനാപൂർവം വായിക്കാം. 'നിരപ്പായ വഴിയിലും അമിതമായ ആത്മവിശ്വാസം അരുത്.

പലരും വീണുപോയത് ദുർഘടം പിടിച്ച ഇടങ്ങളിലൊന്നുമല്ല, വളരെ സുരക്ഷിതമെന്നു പുറമേയുള്ളവർക്ക് തോന്നിപ്പിക്കുന്ന നിരപ്പായ ഭൂമികയിൽ വച്ചായിരുന്നു. ദാവീദ് ഉച്ചമയക്കം കഴിഞ്ഞ് വെറുതെ സായാഹ്ന ഉലാത്തലിനിടയിലാണ് കുളിക്കടവിലേക്ക് കണ്ണു പായിച്ച് പുലിവാലു പിടിച്ചത്. യൂദാസാവട്ടെ ഗുരുവിന്റെ ചങ്കിലെ ചോര പാനം ചെയ്ത കോപ്പയുടെ മുമ്പിൽ നിന്നുമാണ്

ഒറ്റാനിറങ്ങിപ്പോയത്. പത്രോസിന് പരിചാരികയുടെ മുമ്പിലെങ്കിൽ, ഏശാവിന് പായസ കോപ്പയുടെ മുമ്പിൽ കാലിടറുന്നു.

കുറേ വർഷം മുമ്പ് എഴുതിയ വരികളാണിത്: "ആയിരം ദിനരാത്രങ്ങൾകൊണ്ടു നേടിയെടുത്ത തപ:ശക്തി മുഴുവനും ഒരൊറ്റ രാത്രികൊണ്ട് ഒരു പരിചാരികയുടെ മുമ്പിൽവച്ച് നഷ്ടപ്പെടുക (താഴെ വീണുടയുക) എന്നതാണ് വിളിക്കപ്പെട്ടവന്റെ ഏറ്റവും വലിയ നൊമ്പരം." വി.പൗലോസ് വിളിക്കപ്പെട്ടവരോടാണ് ഇങ്ങനെ പറഞ്ഞത്, "ആകയാൽ, നിൽക്കുന്നു എന്നു വിചാരിക്കുന്നവൻ വീഴാതെ സൂക്ഷിച്ചുകൊള്ളട്ടെ" (1 കോറി 10, 12). ഇനി വേറേ ചിലരുണ്ട്, വേണ്ടത്ര പരിപക്വമാകാതെ എടുത്തങ്ങു ചാടും.

**കേട്ടിട്ടുണ്ടോ ഇത്തരം കഥകൾ**

വെള്ളത്തിൽ വീണ യുവാവിനെ രക്ഷിക്കാൻ നീന്തലറിയാത്ത ഒരാൾ എടുത്തു ചാടി; എന്നാൽ, ആദ്യം വീണ യുവാവ് നീന്തിക്കയറി. ഒടുവിൽ നീന്തലറിയാത്ത 'രക്ഷകനെ' രക്ഷിക്കാൻ ഫയർഫോഴ്സ് വളരെയേറെ പാടുപെട്ടത്രേ.

വി. യാക്കോബ് ശ്ലീഹായുടെ ഈ വാക്കുകൾ 'ടൈം പാസ്'ആത്മീയരും, കുറച്ചു കാലത്തെ ഒരു വൈബിന് കർത്തൃവേലയ്ക്കിറങ്ങുന്നവരും വിളക്കു കൊളുത്തിവച്ച് വായിക്കണം. "എന്റെ സഹോദരരേ, നിങ്ങളിൽ അധികം പേർ പ്രബോധകരാകാൻ തുനിയരുത്. എന്തെന്നാൽ, കൂടുതൽ കർശനമായ വിധിക്കു നാം അർഹരാകുമെന്നു മനസ്സിലാക്കുവിൻ" (യാക്കോ 3, 1).

'മാനസാന്തരപ്പെട്ട യുവാവിന്റെ മുന്നറിയിപ്പ്' എന്ന പേരിൽ ഒരു വൈദികന്റെ കുറിപ്പ് കാണാനിടയായി. ഇതര മതത്തിൽനിന്നും ഈശോയിലുള്ള വിശ്വാസത്തിലേക്കുവന്ന ഒരു എഞ്ചിനീയറിങ് വിദ്യാർഥി; മതത്തിലോ ദൈവത്തിലോ ഒന്നും വിശ്വാസമില്ലാത്ത ചെറുപ്പക്കാരൻ. പോരാത്തതിന്, ചെറിയ തോതിലുള്ള നക്സലൈറ്റ് ചായ്വുകളും. പക്ഷേ, കോളേജിലെ ഒരു പ്രാർഥനാ കൂട്ടായ്മയിലെ ചില സുഹൃത്തുക്കൾ നിരന്തരം ഈ യുവാവിന്റെ മാനസാന്തരത്തിന് വേണ്ടി സഹനങ്ങൾ എടുത്ത് പ്രാർഥിക്കാൻ തുടങ്ങി. അവർ ഒരു ബൈബിൾ സമ്മാനമായി അവനുകൊടുക്കുകയും ചെയ്തു. അത് വെറുതെ ഒരു മൂലയ്ക്ക് ഇട്ടിരിക്കുകയായിരുന്നു അയാൾ. ഒരു വർഷമെടുത്തു, അവരുടെയൊക്കെ പ്രാർഥനകൾ ഫലം കാണാൻ. ചില പ്രതിസന്ധികളും, സങ്കടങ്ങളും വേട്ടയാടിയ ഒരു രാത്രി അദ്ദേഹത്തിന്റെ കണ്ണുകൾ മുറിയുടെ ഒരു മൂലയ്ക്ക് കിടന്ന ബൈബിളിൽ ഉടക്കി. അതെടുത്ത് തുറന്നു വായിക്കാൻ തുടങ്ങി. ഒരു പുസ്തകം വായിക്കുന്ന അനുഭവം ആയിരുന്നില്ല, മറിച്ച് സ്നേഹിക്കുന്ന ഒരു വ്യക്തി തന്നോട് സംസാരിക്കുന്നതുപോലുള്ള ഒരു അനുഭവമായിരുന്നു ആ യുവാവിന് ആ രാത്രിയിൽ ലഭിച്ചത്. തന്റെ പ്രയാസങ്ങൾക്കും ചോദ്യങ്ങൾക്കും കിറുകൃത്യം ഉത്തരം, ഒരാളിങ്ങനെ അടുത്തിരുന്ന് പറഞ്ഞുതരുന്ന അനുഭവം! അങ്ങനെയാണ് ആഴമുള്ള വിശ്വാസത്തിലേക്ക് കടന്നുവരുന്നത്. പിന്നീട് ആറുവർഷത്തിനു ശേഷം സ്വതന്ത്രമനസ്സോടെ മാമ്മോദീസാ സ്വീകരിച്ചു. വീട്ടിൽനിന്ന് എതിർപ്പ് ഉണ്ടായിരുന്നതുകൊണ്ടാണത്രേ അത്രയും വൈകിച്ചത്. എന്നാൽ, ആ ചെറുപ്പക്കാരൻ പങ്കുവച്ച ഒരു സങ്കടകരമായ കാര്യം ഇതാണ്. ഏത് സുഹൃത്തുക്കൾ മൂലമാണോ താൻ വിശ്വാസത്തിലേക്ക് വന്നത്. അവരുടെ ഇന്നത്തെ അവസ്ഥ ദയനീയമാണത്രേ. ലൗകികമായ സുഖസൗകര്യങ്ങളും കൊച്ചു കൊച്ച് ആർഭാടങ്ങളും യുക്തിയില്ലാത്ത യുക്തിവാദവും അവരുടെ ഹൃദയങ്ങളെ, പ്രാർഥനയിൽനിന്നും ദൈവത്തിൽനിന്നും അകറ്റി. പരിതാപകരമായ ക്രൈസ്തവ ജീവിതം നയിക്കുന്നു പലരും. ആരു മുഖാന്തിരമാണോ താൻ വിശ്വാസത്തിലേക്ക് വന്നത് അവരുടെ ആത്മരക്ഷക്കായി ഇന്ന് പ്രാർഥിക്കുകയാണ് ആ ചെറുപ്പക്കാരൻ.

വി. പൗലോസ് ശ്ലീഹാ വെറുതെയല്ല ഇങ്ങനെ പറഞ്ഞത് "മറ്റുള്ളവരോടു സുവിശേഷം പ്രസംഗിച്ച ഞാൻ തന്നെ തിരസ്കൃതനാകാതിരിക്കുന്നതിന് എന്റെ ശരീരത്തെ ഞാൻ കർശനമായി നിയന്ത്രിച്ചു കീഴടക്കുന്നു" (1 കോറി 9, 27).

നമ്മൾ വിശ്വാസത്തിലേക്ക് കൈപിടിച്ചു നയിച്ച പലരും ദൈവരാജ്യ ശുശ്രൂഷക്കായും, ആത്മാക്കളുടെ രക്ഷക്കായും തീക്ഷ്ണതയോടെ ഓടി നടക്കുമ്പോൾ നമ്മുടെ ഇന്നത്തെ സ്ഥിതി എന്താണ്? ഇന്നലെകളിൽ നമ്മുടെ കലാലയങ്ങളെ ക്രിസ്തുവിനായി നേടാൻ ഓടി നടന്ന ഫുൾടൈമേഴ്സും ഇടവക യുവജന കൂട്ടായ്മക്കു നേതൃത്വം നൽകിയവരും മനോഹരമായി പാടിയവരും വലിയ പ്രോഗ്രാമുകൾക്ക് സംഘാടകരായവരുമൊക്കെ ഇന്ന് എവിടെയാണ് !?

നമ്മുടെ കപ്യാരെപ്പോലെ വീണു പോയോ, അവരുടെ ആത്മരക്ഷ നമ്മുടെ കൂടെ ഉത്തരവാദിത്വമാണെന്ന് നമുക്ക് മറക്കാതിരിക്കാം. ഒപ്പം തിരസ്കൃതനാകാതിരിക്കാൻ ചിലതൊക്കെ കർശനമായി നിയന്ത്രിച്ച്, (1 പത്രോ 5, 6) തമ്പുരാന്റെ സന്നിധിയിൽ താഴ്മയോടെ നിൽക്കാം.

***തൃശ്ശൂർ സ്വദേശിയായ ശശി ഇമ്മാനുവൽ തൃശ്ശൂർ നിർമല മാതാ സെൻട്രൽ സ്കൂളിൽ വാല്യു എഡ്യൂക്കേഷൻ ടീച്ചറായി ജോലി ചെയ്യുന്നു. ഭാര്യ അമ്പിളി, മൂന്ന് മക്കൾ.***





**കവർസ്റ്റോറി - ഡോ. അനീഷ് ജോൺ**

# കാലത്തിനു കാവലായി കല്പനകൾ

**കഠിനമല്ല ദൈവിക കല്പനകൾ. കരുതലായി കാവലായി നൽകപ്പെട്ടവയാണവ. പുതുകാലത്തിലും സാധ്യമാകുന്ന, വിശുദ്ധിയിലേക്ക് കൈപിടിച്ചു നടത്തുന്ന പിതൃവാത്സല്യമാണ്. കല്പനകളുടെ മൃദുഭാവങ്ങളിലേക്കും പിതൃഭാവങ്ങളിലേക്കുമുള്ള ഒരു ക്ഷണമാണിത്.**

പുതിയ നിയമത്തിൽ ജീവിക്കുന്ന ക്രൈസ്തവ വിശ്വാസികളായ നമ്മൾ പഴയ നിയമത്തിന്റെ ഭാഗമായ പത്തു കല്പനകൾ പാലിക്കേണ്ടതുണ്ടോ? കല്പലകയിൽ എഴുതപ്പെട്ട മരണത്തിന്റെ നിയമം തേജസ്സിലാണു നൽകപ്പെട്ടത്. അങ്ങനെയെങ്കിൽ ആത്മാവിന്റെ ശുശ്രൂഷ എത്രയേറെ തേജസ്സുറ്റതായിരിക്കും! എന്തുകൊണ്ടെന്നാൽ, ശിക്ഷാവിധിയുടെ ശുശ്രൂഷ തേജോമയമായിരുന്നെങ്കിൽ നീതിയുടെ ശുശ്രൂഷ അതിനെക്കാൾ കൂടുതൽ തേജോമയമായിരിക്കണം. "ഒരിക്കൽ പ്രശോഭിച്ചിരുന്നത് അതിനെ അതിശയിക്കുന്ന മറ്റൊരു ശോഭമൂലം നിഷ്പ്രഭമായിത്തീർന്നു" (2 കോറി 3, 10).

"പുതിയ ഒരു ഉടമ്പടിയെപ്പറ്റി പറയുന്നതുകൊണ്ട് ആദ്യത്തേതിനെ അവൻ കാലഹരണപ്പെടുത്തിയിരിക്കുന്നു. കാലഹരണപ്പെട്ടതും പഴക്കം ചെന്നതുമാകട്ടെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു" (ഹെബ്രാ 8, 13).

## തിരുസഭ സത്യത്തിന്റെ തൂണും കോട്ടയും!

വിശുദ്ധ ഗ്രന്ഥത്തിന് നമ്മൾ സ്വന്തമായി വ്യാഖ്യാനങ്ങൾ കൊടുത്താൽ പല അർഥങ്ങളും കിട്ടും (പരസ്പര വിരുദ്ധമായവ പോലും). അതുകൊണ്ടാണ്, സഭയോടൊത്ത് വചനം മനസ്സിലാക്കേണ്ടത് അത്യാവശ്യമായിരിക്കുന്നത്. സഭയാണല്ലോ സത്യത്തിന്റെ 'തൂണും കോട്ടയും' (1 തിമോ 3, 15). മതബോധന ഗ്രന്ഥം വ്യക്തമായി പഠിപ്പിക്കുന്നു: "പഴയ ഉടമ്പടി ഒരിക്കലും റദ്ദാക്കപ്പെട്ടിട്ടില്ല. ക്രിസ്തുവിനെ അനുഗമിക്കുന്നത് കല്പനകളുടെ അനുസരണം ഉൾക്കൊള്ളുന്നു" (CCC - 121, 2053). 'നിയമത്തെയോ പ്രവാചകന്മാരെയോ അസാധുവാക്കാനല്ല, പൂർത്തിയാക്കാനാണ് ഞാൻ വന്നത് (മത്താ 5, 17) എന്നാണ് നമ്മുടെ കർത്താവും പറയുന്നത്. മാത്രമല്ല, "ജീവനിൽ പ്രവേശിക്കാൻ അഭിലഷിക്കുന്നു എങ്കിൽ കല്പന പാലിക്കുക" എന്നു പറഞ്ഞുകൊണ്ട് അവിടന്ന് കല്പനകളെ ഉദ്ധരിക്കുന്നുമുണ്ട് (മത്താ 19, 18 –19). ഒടുവിൽ യേശു കല്പനകളെ സംഗ്രഹിച്ചു പറയുന്നു: "നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക" (19, 19).

## സ്നേഹം – നിയമത്തിന്റെ പൂർത്തീകരണം

പഴയ നിയമത്തിൽ നിന്ന് പടിപടിയായുയർത്തി മർമഭാഗത്തേക്ക് ഈശോ നമ്മെ നയിക്കുന്നു. പുതിയ നിയമത്തിന്റെ മറ്റൊരു പേരാണ് 'സ്നേഹത്തിന്റെ നിയമം.' പരിശുദ്ധാത്മാവിനാൽ നിവേശിപ്പിക്കപ്പെട്ട സ്നേഹം കൊണ്ടാണ് അത് നമ്മെ പ്രവർത്തിപ്പിക്കാൻ പ്രേരിപ്പിക്കുന്നത്. അയൽക്കാരനെ സ്നേഹിക്കുന്നവൻ നിയമം പൂർത്തീകരിച്ചുകഴിഞ്ഞു. വ്യഭിചാരം ചെയ്യരുത്, കൊല്ലരുത്, മോഷ്ടിക്കരുത്, മോഹിക്കരുത് എന്നിവയും മറ്റേതു കല്പനയും, നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കണം എന്ന ഒരു വാക്യത്തിൽ സംഗ്രഹിച്ചിരിക്കുന്നു. സ്നേഹം അയൽക്കാരന് ഒരു ദ്രോഹവും ചെയ്യുന്നില്ല. അതുകൊണ്ടു നിയമത്തിന്റെ പൂർത്തീകരണം സ്നേഹമാണ് (റോമാ 13, 8 –10).

"ദൈവത്തോടും അയൽക്കാരനോടുമുള്ള സ്നേഹം നിർബന്ധമായി ആവശ്യപ്പെടുന്നവ പത്തു കല്പനകൾ പ്രഖ്യാപിക്കുന്നു" (CCC 2067). "മുഴുവൻ നിയമവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു എന്ന് കർത്താവ് പറയുന്നത് സ്നേഹത്തിന്റെ 2 കല്പനകളിലാണ്. അതുകൊണ്ട് പത്തു കല്പനകൾതന്നെ രണ്ട് കല്പലകകളിൽ നൽകപ്പെട്ടു. ഒരു കല്പലകയിൽ മൂന്നെണ്ണവും മറ്റേതിൽ ഏഴെണ്ണവും എഴുതപ്പെട്ടിരുന്നു" (St. Augustine). കല്പനകൾ, പരസ്പരം ഒന്നിനോടൊന്ന് ബന്ധപ്പെട്ട് നിൽക്കുന്നു. ഒരു കല്പനയുടെ ലംഘനം മറ്റുള്ള സകല കല്പനകളുടെയും ലംഘനത്തിന് തുല്യമാണ്.

"ആരെങ്കിലും നിയമം മുഴുവൻ അനുസരിക്കുകയും ഒന്നിൽ മാത്രം വീഴ്ച വരുത്തുകയും ചെയ്താൽ അവൻ എല്ലാത്തിലും വീഴ്ചവരുത്തിയിരിക്കുന്നു."

എന്തെന്നാൽ, വ്യഭിചാരം ചെയ്യരുത് എന്നു കല്പിച്ചവൻ തന്നെ കൊല്ലരുത് എന്നും കല്പിച്ചിട്ടില്ലേ? (യാക്കോ 2, 10-11). പാപം ചെയ്യുമ്പോൾ കല്പനകൾക്കെതിരായിട്ടല്ല, ദൈവത്തിനെതിരായിട്ടാണ് ചെയ്യുന്നത്. "അങ്ങേക്കെതിരായി, അങ്ങേക്കു മാത്രമെതിരായി, ഞാൻ പാപം ചെയ്തു" (സങ്കീ 51, 4).

പഴയ ഉടമ്പടിയും പുതിയ ഉടമ്പടിയും തമ്മിലുള്ള വ്യത്യാസവും സ്നേഹത്തോട് ബന്ധപ്പെട്ടാണ്. സ്നേഹത്തിന് വിരുദ്ധമായ എല്ലാത്തിനെയും മാറ്റി കളയുവാൻ ഉദ്ദേശിച്ചുള്ളവയാണ് പ്രമാണങ്ങൾ (പഴയ നിയമം). സ്നേഹത്തിന്റെ വികാസത്തെ



**ഒരു വ്യക്തി അയാളുടെ ദൈവത്തെ എത്രമാത്രം സ്നേഹിക്കുന്നുവെന്ന് അറിയണമെങ്കിൽ അയാൾ തന്റെ അയൽക്കാരനെ എത്രമാത്രം സ്നേഹിക്കുന്നുവെന്ന് നോക്കിയാൽ മതി.**

---

തടസ്സപ്പെടുത്താൻ സാധ്യതയുള്ള സകലത്തിനെയും മാറ്റിക്കളയുക എന്നതാണ് സുവിശേഷ ഉപദേശങ്ങളുടെ ലക്ഷ്യം (പുതിയ നിയമം).

നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന രണ്ടാമത്തെ കല്പനയെ, പൂർണ ആത്മാവോടും പൂർണമനസ്സോടും കൂടി ദൈവത്തെ സ്നേഹിക്കുക എന്ന ഒന്നാമത്തെ കല്പനയോട് അവിടന്ന് തുല്യമാക്കിയിരിക്കുന്നു - 'രണ്ടാമത്തെ കല്പനയും ഇതിന് തുല്യം തന്നെ' (മത്താ 22, 39). "എന്റെ ഏറ്റവും എളിയ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത് (മത്താ 25, 40).

## നിയമം കഠിനമാക്കുന്ന ഈശോ

എന്നിരുന്നാലും, പുതിയ നിയമത്തിലൂടെ ഈശോ കാര്യങ്ങൾ കഠിനമാക്കുകയാണ്. പുതിയ നിയമത്തിൽ, കൊലപ്പെടുത്താൻ ഒരാളെ ശാരീരികമായി ഇല്ലാതാക്കേണ്ടതില്ല - "സഹോദരനെ വെറുക്കുന്നവൻ കൊലപാതകിയാണ്; കൊലപാതകിയിൽ നിത്യജീവൻ വസിക്കുന്നില്ല എന്നു നിങ്ങൾക്കറിയാമല്ലോ" (1 യോഹ 3, 15). "എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തുകഴിഞ്ഞു" (മത്താ 5, 28).

## ഞാൻ ജീവിക്കുന്നതല്ല, ക്രിസ്തു എന്നിൽ ജീവിക്കുന്നതാണ് ക്രൈസ്തവ ജീവിതം

പുതിയ നിയമം, മനുഷ്യന്റെ സ്വന്തം കഴിവുകൊണ്ടോ ഇച്ഛാശക്തികൊണ്ടോ ജീവിക്കുക ഏതാണ്ട് അസാധ്യമാണ്. "ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" (ഗലാ 2, 20) എന്ന് പൗലോസ് ശ്ലീഹാ തിരിച്ചറിഞ്ഞു. പുതിയ നിയമം ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ വിശ്വാസികൾക്ക് നൽകപ്പെടുന്ന പരിശുദ്ധാത്മാവിന്റെ കൃപാവരമാണ്. അത് സ്നേഹത്തിലൂടെ പ്രവർത്തിക്കുന്നു. എന്താണ് ചെയ്യേണ്ടതെന്ന് പഠിപ്പിക്കാൻ അതു മലയിലെ പ്രസംഗം ഉപയോഗിക്കുന്നു. അതു ചെയ്യുന്നതിനുവേണ്ട കൃപാവരം നമുക്ക് നൽകുന്നതിനായി കൂദാശകളെ പ്രയോജനപ്പെടുത്തുന്നു. അങ്ങനെ ക്രൈസ്തവ ജീവിതത്തിന്റെ സഭാത്മകമായ മാനത്തെ സുവ്യക്തമാക്കുന്നു. "ഏത് ജീവിതസ്ഥിതിയിലും അന്തസ്സിലും ഉള്ളവരായാലും ക്രിസ്തീയ വിശ്വാസികൾ ക്രിസ്തീയ ജീവിതത്തിന്റെ പൂർണതയിലേക്കും സ്നേഹത്തിന്റെ തികവിലേക്കും വിളിക്കപ്പെട്ടിരിക്കുന്നു" (രണ്ടാം വത്തിക്കാൻ കൗൺസിൽ - LG 40). സ്നേഹത്തിന്റെ പൂർണത തന്നെയാണ് വിശുദ്ധി (CCC - 1709).

"പൂർണമായി ജീവിക്കുന്ന ഉപവിയല്ലാതെ മറ്റൊന്നുമല്ല വിശുദ്ധി. സഹോദരനെ ഗൗനിക്കാതിരിക്കുകയും വെറുക്കുകയും ചെയ്യുമ്പോൾ ദൈവത്തെ സ്നേഹിക്കുന്നു എന്ന് പറയുന്നത് കള്ളമായിത്തീരത്തക്കവിധം രണ്ടും ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. ക്രിസ്തുവിനോടുള്ള ഐക്യം അവിടന്നു തന്നെത്തന്നെ നൽകുന്നവരോടെല്ലാമുള്ള ഐക്യമാണ്. അപരനെ ശ്രദ്ധിക്കാത്ത ആത്മീയത യഥാർഥ ആത്മീയതയല്ല. പരസ്പരം സ്നേഹിക്കുക എന്ന കല്പനയ്ക്ക് മറ്റേത് ആത്മീയ നിർദേശത്തേക്കാളും നാം വിലകല്പിക്കണം" (ബെനഡിക്ട് XVI പാപ്പ).

"ഒരു വ്യക്തി അയാളുടെ ദൈവത്തെ എത്രമാത്രം സ്നേഹിക്കുന്നുവെന്ന് അറിയണമെങ്കിൽ അയാൾ തന്റെ അയൽക്കാരനെ എത്രമാത്രം സ്നേഹിക്കുന്നുവെന്ന് നോക്കിയാൽ മതി" (ജനോവയിലെ വിശുദ്ധ കാതറിൻ). "മനുഷ്യർ വിശുദ്ധിക്ക് തടസ്സമല്ല, വഴിയാണ്" (കർദിനാൾ വാൻ ത്വാൻ).

"ദൈവസ്നേഹമാണ് പ്രാധാന്യത്തിൽ സഹോദര സ്നേഹത്തെക്കാൾ മുൻപിൽ നിൽക്കുന്നത്. എന്നാൽ, നമ്മുടെ ജീവിതത്തിൽ നാം സഹോദര സ്നേഹത്തിൽ കൂടിയാണ് ദൈവസ്നേഹത്തിൽ പുരോഗമിക്കുന്നത്" (വിശുദ്ധ അഗസ്തീനോസ്). "ദൈവത്തെ സ്നേഹിക്കാത്തവൻ മനുഷ്യരെയും സ്നേഹിക്കുന്നില്ല" (വിശുദ്ധ ചാവറയച്ചൻ). സ്നേഹമായിരിക്കട്ടെ നിങ്ങളുടെ ലക്ഷ്യം.



കവർസ്റ്റോറി - ജോബി ബേബി

*"പ്രാർഥനയുടെ ശക്തിയിൽ ഞാൻ വലിയ വിശ്വാസിയാണ്"- കാപ്രിയോ*

# ദൈവകല്പനകളെ ജീവിതത്തിൽ ചേർത്തുപിടിച്ച ജഡ്ജ് ഫ്രാങ്ക് കാപ്രിയോ



ഒരു ന്യായാധിപനെക്കുറിച്ച് കേൾക്കുമ്പോൾ ഗൗരവക്കാരനായ ഒരു മനുഷ്യന്റെ മുഖത്തിനുപകരം സൗമ്യതയോടെ സഹിഷ്ണുതയോടെ സംസാരിക്കുന്ന ഒരു മുഖം നമ്മുടെ മനസ്സിലേക്ക് ഓടിയെത്തുമെങ്കിൽ അത് ജസ്റ്റിസ് ഫ്രാങ്ക് കാപ്രിയോ ആയിരിക്കും. കരുണ നിറഞ്ഞ വിധികളിലൂടെയും കുറ്റാരോപിതരോടുള്ള സൗമ്യമായ ഇടപെടലിലൂടെയും ഏറ്റവും കരുണയുള്ള ന്യായാധിപനായി അറിയപ്പെട്ട ജഡ്ജ് ഫ്രാങ്ക് കാപ്രിയോ തന്റെ 88 -ാം വയസ്സിൽ ഈ ലോകത്തോട് വിടപറഞ്ഞിരിക്കുന്നു.

## കത്തോലിക്കാ കുടുംബപശ്ചാത്തലം

1936 നവംബർ 24ന് ഇറ്റാലിയൻ - അമേരിക്കൻ കുടിയേറ്റക്കാരായ കത്തോലിക്കാ വിശ്വാസികളായ മാതാപിതാക്കളുടെ മൂന്ന് ആൺമക്കളിൽ രണ്ടാമനായി റോഡ് ഐലൻഡിലെ പ്രൊവിഡൻസിലാണ് ഫ്രാങ്ക് കാപ്രിയോയുടെ ജനനം. അദ്ദേഹത്തിന്റെ പിതാവ് ഇറ്റലിയിലെ ടിയോനയിൽ നിന്നും അമേരിക്കയിലേക്ക് കുടിയേറിയതാണ്. അദ്ദേഹം പഴക്കച്ചവടവും പാൽവിൽപനയുമാണ് ചെയ്തിരുന്നത്. അമ്മ ഫിലോമിനയുടെ കുടുംബം നേപ്പിൾസിലാണ്. ഹൈസ്കൂൾ അധ്യാപകനായി ജോലി ചെയ്യുന്നതിനിടെ രാത്രികാല ക്ലാസ്സുകളിൽ പഠിച്ചാണ് ഫ്രാങ്ക് നിയമബിരുദം നേടിയത്. 1985 മുതൽ 2023 വരെ പ്രൊവിഡൻസ് മുനിസിപ്പൽ കോടതിയിൽ ചീഫ് ജഡ്ജിയായി സേവനമനുഷ്ഠിച്ചു. 40 വർഷത്തോളം നീണ്ട ഒരു ന്യായാധിപ ജീവിതമായിരുന്നു കാപ്രിയോയുടേത്. അടിച്ചമർത്തലുകളില്ലാതെ എങ്ങനെ നീതി നടപ്പാക്കാം എന്നതിലായിരുന്നു അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്.

നല്ലൊരു ന്യായാധിപനാണെന്നതിനൊപ്പം അദ്ദേഹം നല്ലൊരു കുടുംബസ്ഥനുമായിരുന്നു. ഭാര്യ ജോയ്സിക്കൊപ്പം ആറു പതിറ്റാണ്ടു നീണ്ട ദാമ്പത്യജീവിതം. ഫ്രാങ്ക് ടി, ഡേവിഡ്, മരിസ, ജോൺ, പോൾ എന്നീ അഞ്ച് മക്കൾ, ഏഴ് ചെറുമക്കൾ, അവരുടെ മക്കൾ എന്നിങ്ങനെ എല്ലാം തികഞ്ഞൊരു കുടുംബത്തിന്റെ നാഥൻ. അദ്ദേഹം നല്ലൊരു ഭർത്താവായിരുന്നു, പിതാവായിരുന്നു, മുത്തച്ഛനും സുഹൃത്തുമായിരുന്നു എന്നാണ് അദ്ദേഹത്തെ സ്നേഹിക്കുന്നവരെല്ലാം ഒരേ സ്വരത്തിൽ പറയുന്നത്. കുടുംബ ബന്ധങ്ങളുടെ പ്രാധാന്യവും അദ്ദേഹം എപ്പോഴും വിശദമാക്കിയിരുന്നു. ലോകത്തിലെ ഏറ്റവും വലിയ പാതകം കുടുംബ ബന്ധങ്ങളുടെ ശിഥിലീകരണമാണെന്ന് അദ്ദേഹം പറഞ്ഞിരുന്നു. തന്റെ പിതാവിൽ നിന്നാണ് മറ്റുള്ളവ



രോട് ആദരവോടെയും കരുണയോടെയും പെരുമാറാനുള്ള പാഠം അഭ്യസിച്ചതെന്നാണ് കാപ്രിയോ പറഞ്ഞിരുന്നത്. 'നിങ്ങൾക്ക് സങ്കൽപ്പിക്കാൻ കഴിയുന്ന ഏറ്റവും സമ്പന്നമായ ബാല്യമായിരുന്നു എനിക്കുണ്ടായിരുന്നത്. ദരിദ്രനായി വളർത്തപ്പെട്ടതിന്റെ ഭാഗ്യം.' കാപ്രിയോയുടെ പിതാവ് ദരിദ്രനായ പാൽക്കാരനായിരുന്നെങ്കിലും മറ്റുള്ളവരോട് കരുണ കാണിച്ച് മക്കൾക്ക് മാതൃകയായി. ഉപഭോക്താക്കൾക്ക് പണം നൽകാൻ കഴിയാത്തപ്പോഴും പാൽ വിതരണം അദ്ദേഹം തുടർന്നിരുന്നു. ജഡ്ജിയായതിനുശേഷവും കാപ്രിയോയുടെ പിതാവ് അദ്ദേഹത്തിന്റെ ജീവിതത്തിൽ ശക്തമായ സാന്നിധ്യമായി തുടർന്നു. ബെഞ്ചിലെ ആദ്യ ദിവസം, ഒന്നിലധികം പാർക്കിംഗ് ടിക്കറ്റുകളുള്ള ഒരു പരുഷസ്വഭാവിയായ സ്ത്രീയോട് കടം മുഴുവൻ അടയ്ക്കാൻ കാപ്രിയോ ആവശ്യപ്പെടുകയും അവരുടെ കാർ പിടിച്ചെടുക്കുകയും ചെയ്തു. അന്ന് വൈകുന്നേരം ആ സംഭവം വിവരിച്ച കാപ്രിയോയോട് അദ്ദേഹത്തിന്റെ പിതാവ് ഇപ്രകാരം പറഞ്ഞു: 'ആ സ്ത്രീക്ക് മൂന്ന് കുട്ടികളുണ്ട്. ഇന്നുരാത്രി അവർക്ക് ഭക്ഷണം നൽകാനുള്ള പണം ആ സ്ത്രീയുടെ പക്കൽ ഉണ്ടാകുമോ എന്ന് നമുക്കറിയില്ല. അധികാരമുണ്ട് എന്നുള്ളതുകൊണ്ട് അധികാരമില്ലാത്ത ആളുകൾക്കെതിരെ അത് ഉപയോഗിക്കേണ്ട ആവശ്യമില്ല.' അത് കാപ്രിയോയ്ക്ക് ഒരിക്കലും മറക്കാനാവാത്ത ഒരു പാഠമായിരുന്നു. പരിചയപ്പെട്ടവരെല്ലാം അദ്ദേഹത്തിന്റെ ദയയും സ്നേഹവും സൗഹൃദവും ഇന്നും മനസ്സിൽ സൂക്ഷിക്കുന്നവരാണ്.

## വിശ്വാസ ജീവിതം

2023-ലാണ് കാപ്രിയോയ്ക്ക് പാൻക്രിയാറ്റിക് ക്യാൻസർ ഉണ്ടെന്ന് കണ്ടെത്തിയത്. 2024-ൽ ഫ്രാൻസിലെ ലൂർദിലേക്ക് അദ്ദേഹം തീർഥാടനം നടത്തി. മരണത്തിന് 24 മണിക്കൂർ മുൻപാണ് ഫ്രാങ്ക് കാപ്രിയോ ആശുപത്രിയിൽ നിന്ന് ഒരു വീഡിയോ സന്ദേശത്തിലൂടെ തനിക്കായി പ്രാർഥിക്കാൻ സമൂഹത്തോട് ആവശ്യപ്പെട്ടത്. "കഴിഞ്ഞ വർഷവും ഞാൻ നിങ്ങളോട് എനിക്ക് വേണ്ടി പ്രാർഥിക്കണമെന്ന് പറഞ്ഞിരുന്നു; നിങ്ങളത് ചെയ്തു. അതാണ് വളരെ ബുദ്ധിമുട്ടേറിയ ഒരു സാഹചര്യം താണ്ടി വരാനെന്നെ സഹായിച്ചത്. പക്ഷേ, ഇപ്പോൾ വീണ്ടും തിരിച്ചടി നേരിട്ടു. തിരികെ ആശുപത്രിയിലെത്തി, വീണ്ടും ഞാൻ നിങ്ങളുടെ മുന്നിലെത്തിയിരിക്കുകയാണ്. പ്രാർഥനയിൽ എന്നെയും ഓർക്കണേ." എന്നാണ് അദ്ദേഹം വിഡിയോയിൽ സൂചിപ്പിച്ചത്. ബുദ്ധിമുട്ടേറിയ പോരാട്ടം തുടരുകയാണ്, നിങ്ങളുടെ പ്രാർഥന എന്റെ ആത്മാവിനെ ഉയർത്തും എന്നായിരുന്നു ആ വീഡിയോയുടെ ക്യാപ്ഷൻ.

Image courtesy: Creative Commons | Attribution-Share Alike 4.0 International

## കോടതിമുറികളിലെ സഹാനുഭൂതിയുടെ കരസ്പർശം

ഫ്രാങ്ക് കാപ്രിയോയെ ലോകം മുഴുവൻ ഇഷ്ടപ്പെടാൻ കാരണം അദ്ദേഹത്തിന്റെ കോടതിമുറിയിലെ മനോഭാവവും കാരുണ്യവുമാണ്. കോടതിയിൽ എത്തുന്ന സാധാരണക്കാരോട്, പ്രത്യേകിച്ച് കുട്ടികളോടും പ്രായമായവരോടും അദ്ദേഹം കാണിച്ച കാരുണ്യവും ദയയും അദ്ദേഹത്തെ ലോകപ്രശസ്തനാക്കി. കോടതിയിലെത്തുന്ന ഓരോരുത്തരും തന്റെ കുടുംബാംഗങ്ങളെ പോലെയാണെന്ന് അദ്ദേഹം വിശ്വസിച്ചു. ശിക്ഷിക്കപ്പെടുന്നവരുടെ ജീവിത സാഹചര്യങ്ങൾ ചോദിച്ചറിഞ്ഞശേഷം മാത്രം വിധി പ്രസ്താവിക്കുന്ന അദ്ദേഹത്തിന്റെ രീതി സമൂഹത്തിൽ വലിയ സ്വാധീനം ചെലുത്തി. ഗൗരവമായ കോടതിമുറിയെ തമാശകൾ നിറഞ്ഞ ഒരിടമാക്കി മാറ്റാൻ അദ്ദേഹത്തിന് കഴിഞ്ഞു. തമാശരൂപത്തിൽ കാര്യങ്ങൾ പറഞ്ഞ് ആളുകളുടെ പിരിമുറുക്കം കുറയ്ക്കാൻ അദ്ദേഹം ശ്രമിച്ചു. ഈ സമീപനം അദ്ദേഹത്തെ ജനകീയനാക്കി. കോടതിമുറിയിൽ കുട്ടികൾ വന്നാൽ അവരെക്കൊണ്ട് വിധി പറയിപ്പിക്കുന്ന അദ്ദേഹത്തിന്റെ രീതി വളരെ പ്രശസ്തമാണ്. പിഴയടക്കണോ വേണ്ടയോ എന്ന് കുട്ടികളോട് ചോദിക്കുകയും, അവരുടെ ആഗ്രഹം പോലെ വിധി പ്രസ്താവിക്കുകയും ചെയ്യുമായിരുന്നു. പലപ്പോഴും ചെറിയ പിഴകൾ ഒഴിവാക്കുകയും ചില കേസുകളിൽ കുറ്റവാളികൾക്കു പിഴ ചുമത്തേണ്ടിവരുമ്പോൾ നിവൃത്തിയില്ലാത്തവരുടെ പിഴയടയ്ക്കാൻ തന്റെ അമ്മയുടെ പേരിൽ ഒരു ഫൗണ്ടേഷൻതന്നെ അദ്ദേഹം സ്ഥാപിച്ചു. ഈ ഫൗണ്ടേഷൻ, പിഴ പൂർണമായോ ഭാഗികമായോ വഹിക്കുമായിരുന്നു. 'ഞാൻ പ്രത്യേകമായി ഒന്നും ചെയ്യുന്നില്ല. ആളുകളോട് നീതിപൂർവമായി ഇടപെടാൻ ശ്രമിക്കുന്നു. അവരുടെ സാഹചര്യം മനസ്സിലാക്കാൻ ശ്രമിക്കുന്നു. ഇവിടെ വരുമ്പോൾ അവരാകെ പേടിച്ച അവസ്ഥയിലാണെന്ന് എനിക്കറിയാം. പാവപ്പെട്ടവരുടെ അവസ്ഥ എന്താണെന്ന്, ഞാനങ്ങനെ ജീവിച്ചതുകൊണ്ട് എനിക്കറിയാം. ഞാൻ അക്കാലം ഒരിക്കലും മറക്കില്ല' – ഫ്രാങ്ക് കാപ്രിയോ ഒരിക്കൽ പറയുകയുണ്ടായി.


> **ശിക്ഷിക്കപ്പെടുന്നവരുടെ ജീവിത സാഹചര്യങ്ങൾ ചോദിച്ചറിഞ്ഞശേഷം മാത്രം വിധി പ്രസ്താവിക്കുന്ന അദ്ദേഹത്തിന്റെ രീതി സമൂഹത്തിൽ വലിയ സ്വാധീനം ചെലുത്തി.**

## ദൈവകല്പനകൾക്ക് പ്രാധാന്യം

സഹാനുഭൂതിയോടെയുള്ള കോടതിയിലെ പെരുമാറ്റം, ദയ കാണിക്കാനുള്ള മനസ്സ്, വ്യക്തിപരമായ ബുദ്ധിമുട്ടുകൾ ക്ഷമയോടെ കേൾക്കാനുള്ള കഴിവ്, നിസ്സാരമായ തെറ്റുകൾ മാനുഷിക സമീപനത്തിലൂടെ ഒഴിവാക്കാനുള്ള രീതി, ഹൃദയവിശാലതയും മനുഷ്യത്വവും അദ്ദേഹത്തിന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കി. അതിനുള്ള ചില ഉദാഹരണങ്ങൾ പറയാം. ഫ്രാങ്കിന്റെ ഹൃദയവിശാലത തുറന്നുകാട്ടുന്ന ഒരു വിധി നമ്മുടെയെല്ലാം കണ്ണുനിറച്ചിരുന്നു. കാൻസർ രോഗിയായ മകനെയും കൊണ്ട് ആശുപത്രിയിലേക്ക് പോയ 90 വയസോളം പ്രായമുള്ള ഒരു പിതാവിന് ലഭിച്ച പിഴയുമായി ബന്ധപ്പെട്ട ഒരു കേസായിരുന്നു അത്. 60 വയസിന് മുകളിൽ പ്രായമുള്ള മകനുമായി പോകുന്നതിനിടയിൽ സ്കൂൾ പരിസരത്ത് വേഗതയുടെ പരിധി ലംഘിച്ചതിനായിരുന്നു പിഴ. എന്നാൽ അദ്ദേഹത്തിന്റെ ദുരവസ്ഥ മനസ്സിലാക്കിയ ഫ്രാങ്ക് പിഴ ഒഴിവാക്കി നൽകി. പണമില്ലാതെ വിഷമിച്ചിരുന്ന, നാനൂറ് ഡോളറോളം പിഴ ലഭിച്ച ഒരമ്മയ്ക്ക് മാപ്പ് നൽകിയും അദ്ദേഹം ഹൃദയങ്ങളിൽ ഇടംപിടിച്ചിരുന്നു. 2021ൽ പുറത്തുവന്ന റിപ്പോർട്ട് അനുസരിച്ച് ഏകദേശം 13 മില്യനാണ് അദ്ദേഹത്തിന്റെ ആസ്തി. തന്റെ സമ്പാദ്യത്തിൽ നിന്നും പിതാവിന്റെ പേരിൽ താൻ പഠിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്വന്തം വിദ്യാഭ്യാസ സ്ഥാപനത്തിലും നിയമവിദ്യാർഥികൾക്കായി അദ്ദേഹം അനേകം സ്കോളർഷിപ്പും സൗജന്യ വിദ്യാഭ്യാസവും ഏർപ്പെടുത്തിയിരുന്നു.

## ദയാനുകമ്പയുടെ തനതു ബ്രാൻഡ്

ജഡ്ജി ഫ്രാങ്ക് കാപ്രിയോയുടെ കോടതിമുറിയിലെ തർക്കപരിഹാരവേളകൾ 2018 മുതൽ 2020 വരെ സംപ്രേഷണം ചെയ്ത 'കോട്ട് ഇൻ പ്രൊവിഡൻസ്" (Caught in Providence) എന്ന ടെലിവിഷൻ പരിപാടിയിലൂടെയാണ് ആളുകൾ ശ്രദ്ധിക്കാൻതുടങ്ങുന്നത്. ഈ പരിപാടിയുടെ ക്ലിപ്പുകൾ പലതും സാമൂഹികമാധ്യമങ്ങളിൽ പ്രചരിച്ചതോടെ അദ്ദേഹത്തിന് ലോകമെമ്പാടും ആരാധകരുണ്ടായി. മിക്ക വീഡിയോകൾക്കും 100 കോടിയിലധികം കാഴ്ചക്കാരെ കിട്ടി. ഡെബ്മാർ–മെർക്കുറി എന്ന കമ്പനി നിർമിച്ച് 2018 മുതൽ 2020 വരെ സംപ്രേഷണംചെയ്ത ഈ പരിപാടി മൂന്നുതവണ 'ഡേ ടൈം എമ്മി അവാർഡി'ന് നാമനിർദേശം ചെയ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞവർഷം കാപ്രിയോയ്ക്കും രണ്ടു നാമനിർദേശങ്ങൾ കിട്ടി. കോടതിയിൽ നടക്കുന്ന അദ്ദേഹത്തിന്റെ സംഭാഷണങ്ങളുടെയും വിധിപ്രസ്താവനകളുടെയും വീഡിയോകൾ ഇപ്പോഴും സമൂഹമാധ്യമങ്ങളിൽ വൈറലാണ്. അദ്ദേഹത്തിന്റെ ദിനചര്യ കാണിക്കുന്ന വീഡിയോ ദൃശ്യങ്ങൾ ടിക്ക്ടോക്കിൽ അഞ്ചുമില്ല്യണിലധികം കാഴ്ചക്കാരെ നേടിയിരുന്നു. ഇൻസ്റ്റഗ്രാമിൽ മാത്രം 3.4 മില്യൺ ഫോളോവേർസാണ് ഫ്രാങ്ക് കാപ്രിയോക്കുള്ളത്. ഒരു ജഡ്ജി എന്നതിലുപരി, സഹാനുഭൂതിയും മനുഷ്യത്വവും ജീവിതത്തിൽ പകർത്താൻ പഠിപ്പിച്ച ഒരു നല്ല മനുഷ്യനായിരുന്നു ഫ്രാങ്ക് കാപ്രിയോ. അദ്ദേഹത്തിന്റെ വിയോഗം നിയമലോകത്തിനും മാനുഷിക മൂല്യങ്ങൾക്കും ഒരുപോലെ നഷ്ടമാണ്.



***ലേഖകൻ കുവൈറ്റിൽ നഴ്സായി ജോലി ചെയ്യുന്നു.***



**കവർസ്റ്റോറി** - ബിലാസ് ജോസഫ്

# ആദരത്തിൽ നിന്നു സ്നേഹത്തിലേക്ക്

***ദൈവകല്പനയുടെ രണ്ടാം ഭാഗത്തേക്ക് ചുവടുവച്ച് ഒരു വിചിന്തനം. ആത്മവിശകലനത്തിന്റെയും ആത്മനവീകരണത്തിന്റെയും സമയവും.***



## അഖിലിന്റെ അടുത്ത സുഹൃത്ത് വാഹനാപകടത്തിൽപ്പെട്ടു. വാർത്ത കേട്ടപ്പോൾ, കൂട്ടുകാരന്റെ അച്ഛൻ ആശുപത്രിയിലേക്ക് ഓടിയെത്തി.

ഗ്രാമീണ അന്തരീക്ഷത്തിലുള്ള അഖിൽ എന്ന ചെറുപ്പക്കാരന്റെ വീട്; ഒരു സാധാരണ കത്തോലിക്കാ കുടുംബത്തിന്റെ ഗന്ധമുള്ള കൊച്ചുഭവനം. തിരുക്കുടുംബത്തിന്റെ ചിത്രവും ഈശോയുടെ തിരുഹൃദയ രൂപവും, കരുണയുടെ ഈശോയുടെ രൂപവും, ഹാൾ എന്ന് പറയാവുന്ന മുറിയിൽ പ്രാർഥനാപൂർവം സ്ഥാപിച്ചിരിക്കുന്നു. വൈകുന്നേരങ്ങളിൽ എല്ലാവരും ഒരുമിച്ചുചേർന്ന് പ്രാർഥിക്കുന്ന പതിവ് ഈ കുടുംബത്തിലുമുണ്ട്.

അഖിൽ കോളേജിൽ പഠിക്കുന്ന, സന്തോഷവും ചിരിയുമുള്ള എന്നാൽ അത്യാവശ്യം മോഡേൺ കൂടിയായ ഒരു ചെറുപ്പക്കാരൻ. ഇന്നത്തെ പല യുവാക്കളെയും പോലെ, അവന്റെ ലോകം കൂടുതലും മൊബൈൽ ഫോൺ, സോഷ്യൽ മീഡിയ, ഗെയിംസ്, ഫ്രണ്ട്സ് എന്നിവയുടെ കൂടെ സഞ്ചരിച്ചു. വീട്ടിൽ അച്ഛനുമമ്മയും അവനോട് കരുതലോടെ സംസാരിക്കുമ്പോൾ, "എനിക്ക് സമയമില്ലമ്മേ... പിന്നെ പറയാം അച്ഛാ..." എന്നൊക്കെയാണ് പതിവായി അവന്റെ മറുപടി. അമ്മയും അച്ഛനും ദുഃഖിച്ചിരുന്നെങ്കിലും, മറിച്ചൊന്നും പറഞ്ഞിരുന്നില്ല.

അച്ഛൻ ഒരു സാധാരണ തൊഴിലാളിയും അമ്മ ഒരു വീട്ടമ്മയും. രാവിലെ ദിവസവും വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്ന അച്ഛൻ, വീട്ടിൽ നിന്ന് പുറപ്പെടും മുമ്പ്, മകന്റെ മുറിയിലേക്കു നോക്കിക്കൊണ്ട്, "അഖിലേ, നീയെനിക്ക് ദൈവത്തിന്റെ വരദാനമാണ്" എന്ന് ഹൃദയത്തിൽ ചൊല്ലി, ജോലിക്ക് പുറപ്പെടുന്നയാളായിരുന്നു. അദ്ദേഹത്തിന്റെ കടുത്ത ജോലികളാൽ കൈകൾ തഴമ്പ് നിറഞ്ഞതായിരുന്നു. കാണുമ്പോൾ ഭയം തോന്നുമെങ്കിലും, ആ കൈകളിൽ കുടുംബത്തിനായുള്ള സ്നേഹം നിറഞ്ഞിരുന്നു. ഒരു ദിവസം അഖിലിന്റെ അടുത്ത സുഹൃത്ത് വാഹനാപകടത്തിൽപ്പെട്ടു. വാർത്ത കേട്ടപ്പോൾ, കൂട്ടുകാരന്റെ അച്ഛൻ ആശുപത്രിയിലേക്ക് ഓടിയെത്തി. മകന്റെ കിടക്കക്കരികിൽ രാത്രി മുഴുവൻ കണ്ണീരും പ്രാർഥനയുമായി നിന്നിരുന്ന ആ അച്ഛനെയാണ് അഖിൽ ശ്രദ്ധിച്ചത്. അന്ന് സുഹൃത്ത് അവനോട് പറഞ്ഞു: "അച്ഛനാണെനിക്കെല്ലാം. അച്ഛൻ മാത്രമേ എല്ലായ്പ്പോഴും എന്റെ കൂടെ നിൽക്കാനായിട്ടുള്ളൂ."

അഖിലിന്റെ മനസ്സിൽ ഒരു സ്പാർക്കുണ്ടായ പോലെ, ദിവസേന ജോലിയ്ക്കായി പുറപ്പെടുന്ന സ്വന്തം അച്ഛൻ! ആ സാധാരണ മനുഷ്യൻ കുടുംബത്തിനായി ചെയ്യുന്ന ത്യാഗങ്ങൾ, അവനൊരിക്കലും തിരിച്ചറിഞ്ഞിരുന്നില്ല. വിയർപ്പിന്റെ ഓരോ തുള്ളിയും വേദനയും പ്രാർഥനയുമെല്ലാം, തന്റെ മകന്റെ ഭാവിക്കായി തന്നെയായിരുന്നുവെന്ന് അഖിൽ തിരിച്ചറിഞ്ഞ നിമിഷങ്ങളായിരുന്നു അത്.

അന്ന് രാത്രി, വീട്ടിലെത്തിയപ്പോൾ, പതിവുപോലെ അഖിൽ ഫോൺ നോക്കി സമയം കളഞ്ഞില്ല... സന്ധ്യാ പ്രാർഥന കഴിഞ്ഞു, എല്ലാവരും സ്തുതി ചൊല്ലിയപ്പോൾ, അഖിൽ തന്റെ ഹൃദയത്തെ കുലുക്കിയ ഒരു തീരുമാനത്തിലേക്കെത്തി. പ്രാർഥനയ്ക്കു ശേഷം, അച്ഛന്റെ തഴമ്പിച്ച, കാണാൻ ഭംഗിയില്ലാത്ത കൈകളിൽ പിടിച്ച്, കണ്ണു നിറഞ്ഞു പറഞ്ഞു: "അച്ചാ, ഞാൻ അച്ഛനോട് ഒരിക്കൽ പോലും വേണ്ടപോലെ ബഹുമാനമോ ആദരവോ കാണിച്ചിട്ടില്ല... പക്ഷേ, ഇനി ഞാൻ അങ്ങിനെയായിരിക്കില്ല... ഞാനെന്നും അച്ഛന്റെ കൈകളോട് ചേർന്നു നിൽക്കും." അടുത്തുനിന്ന അമ്മയുടെ കണ്ണുകളിൽ സന്തോഷക്കണ്ണീർ നിറഞ്ഞു. അച്ഛൻ ശാന്തമായി പറഞ്ഞു: "മോനേ, നീ ഞങ്ങളെ ആദരിക്കുമ്പോൾ, ദൈവത്തെയാണ് ആദരിക്കുന്നത്."

## മാതാപിതാക്കളെ ബഹുമാനിക്കണം

കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ (CCC 2197) പറയുന്നത് പോലെ, നാലാമത്തെ കല്പന മനുഷ്യജീവിതത്തിന്റെ അടിസ്ഥാന ഘടകമായ കുടുംബജീവിതത്തെ സ്പർശിക്കുന്ന ഒന്നാണ്. സ്രഷ്ടാവായ ദൈവം മനുഷ്യനെ കുടുംബത്തിൽ സ്ഥാപിച്ചു. കുടുംബം സമൂഹത്തിന്റെ 'ആദ്യകേന്ദ്രം' അഥവാ ആദ്യപാഠമാകുന്നു. 'ഗാർഹിക സഭ' എന്ന വിളിപ്പേരിൽ കത്തോലിക്കാ സഭ അത് ഊട്ടിയുറപ്പിക്കുന്നു.

"നിന്റെ ദൈവമായ കർത്താവു തരുന്ന രാജ്യത്തു നീ ദീർഘകാലം ജീവിച്ചിരിക്കേണ്ടതിനു നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക." (പുറ 20, 12) ഈ കല്പന ഒരു വ്യക്തിയുടെ കുടുംബബന്ധത്തെ മാത്രമല്ല, സമൂഹത്തോടുള്ള ഉത്തരവാദിത്വത്തേയും ഉൾക്കൊള്ളുന്നു. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ പലയാവർത്തി നമുക്കിത് മനസ്സിലാക്കാവുന്നതാണ്. CCC 2200: "പിതാവിനെയും മാതാവിനെയും ആദരിക്കുന്നവർക്ക് ദൈവം അനുഗ്രഹവും ദീർഘായുസ്സും വാഗ്ദാനം ചെയ്യുന്നു." CCC 2214: മാതാപിതാക്കൾക്കുള്ള ആദരം, ദൈവത്തെ ആദരിക്കുന്നതിന്റെ പ്രതിഫലനമാണ്. കുടുംബത്തിൽ അനുസരണത്തിന്റെയും ആദരവിന്റെയും അനേകം ഉദാഹരണങ്ങൾ ബൈബിളിൽ നമുക്ക് കാണാൻ കഴിയും. യേശു തന്റെ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ചുവെന്നും (ലൂക്കാ 2, 51) ഈശോയുടെ ജീവിതരീതികൾ നമ്മെ പഠിപ്പിക്കുന്നുണ്ട്.

## വി. ജോൺ പോൾ രണ്ടാമന്റെ വാക്കുകൾ

വി. ജോൺ പോൾ രണ്ടാമന്റെ വാക്കുകൾ വളരെ ശ്രദ്ധേയമാണ് "കുടുംബം മനുഷ്യന്റെ ജീവിതത്തിലെ ഏറ്റവും ചെറിയ സഭയാണ്; അവിടെയാദ്യം മനുഷ്യൻ സ്നേഹത്തിലും ആദരത്തിലും പരിശീലിക്കപ്പെടുന്നു." മക്കളും മാതാപിതാക്കളും തമ്മിലുള്ള പെരുമാറ്റ മര്യാദകൾ അതിരുവിടുന്ന ഈ കാലത്ത് വി.അഗസ്റ്റിൻ പറഞ്ഞ വാക്കുകൾ പല മക്കളുടെയും കണ്ണ് തുറപ്പിക്കുന്നതാണ്. "മാതാപിതാക്കളെ ആദരിക്കുന്നത് വെറുമൊരു കടമയല്ല; അത് ദൈവത്തിന്റെ കൃപയ്ക്കുള്ള നന്ദിപ്രകടനമാണ്."

നാലാം കല്പന സ്നേഹത്തിന്റെ കല്പന തന്നെയാണ്. കുടുംബത്തിൽ നിന്നു തുടങ്ങുന്ന ഈ കല്പന, സമൂഹത്തിലേക്ക്, രാജ്യത്തിലേക്ക്, സഭയിലേക്കും വ്യാപിക്കുന്നു. CCC 2206: "കുടുംബം

സഭയുടെ ഹൃദയത്തിൽ നിലകൊള്ളുന്ന സ്നേഹശാലയാണ്." അതുകൊണ്ട് കുടുംബജീവിതം ദൈവസഭയുടെ ജീവൻ നൽകുന്ന ഉറവിടം ആകണം.

ഈ കല്പന നമ്മോട് പറയാതെ പറയുന്നത്: പ്രായമായ മാതാപിതാക്കളെ ഉപേക്ഷിക്കാതെ, അവരെ സംരക്ഷിക്കുക. കുടുംബബന്ധങ്ങളിൽ ക്ഷമ, സ്നേഹം, കരുതൽ പ്രകടിപ്പിക്കുക. കുട്ടികൾ മാതാപിതാക്കളോടുള്ള അനുസരണവും ആദരവും അഭ്യസിക്കുക. മാതാപിതാക്കൾ ദൈവവിശ്വാസത്തിൽ കുട്ടികളെ വളർത്തി, സമൂഹത്തിനും സഭയ്ക്കും സംഭാവന ചെയ്യുന്നവരാക്കുകയെന്നതാണ്.

## ഐ ഫോണിനേക്കാൾ പ്രിയമുള്ളത്

പാലായിലെ ഒരച്ചായൻകുടുംബത്തിലെ സഹോദരങ്ങൾ എറണാകുളം ഇൻഫോപാർക്കിൽ ജോലി ചെയ്തു വരികയായിരുന്നു. രണ്ടുപേരും ഒരു ഫ്ളാറ്റിലാണ് താമസം. ജോലിയിൽ രണ്ടുപേർക്കുമുള്ള ശമ്പളത്തിന്റെയും സ്ഥാനത്തിന്റെ ഏറ്റക്കുറച്ചിലിന്റെയും പേരിൽ അല്പം വിദ്വേഷം അവരുടെയിടയിൽ ഉണ്ടായിരുന്നു. ഇതവർ തമ്മിലുള്ള സംസാരം പോലും ഇല്ലാതാക്കുന്ന അവസ്ഥയിലേക്കെത്തി. രണ്ടുപേരും പരസ്പരം കാണാതിരിക്കാനായി തങ്ങളുടെ ജോലിയുടെ ഷിഫ്റ്റ് വരെ കൃത്യമായി ക്രമീകരിച്ചു പോന്നു.

മൂത്തയാളുടെ പിറന്നാൾ ആഘോഷത്തിൽ പങ്കെടുക്കാനെത്തിയ ഒരു കുടുംബസുഹൃത്ത് ഇളയവനോടായി പറഞ്ഞു: "നിനക്കറിയാമോ, 'കൊല്ലരുത്" എന്ന കല്പന വെറും വെടിയുണ്ട കൊണ്ടുള്ള

**"നീ മേടിച്ചുതന്ന ഈ iphone-നേക്കാൾ എത്ര വലിയ സമ്മാനമാണ് നിന്റെ ഈ സ്നേഹമെന്ന് എനിക്ക് പറഞ്ഞറിയിക്കാൻ പറ്റില്ലെടാ..."**

കൊല്ലലല്ല. വിദ്വേഷവും കൊല്ലലാണ്. കാരണം വിദ്വേഷം "slowly our love, our family, even our soul ne kill cheyyunnu." ആ വാക്കുകൾ അവനെ അലോസരപ്പെടുത്തി. രാത്രി, കിടക്കുന്നതിന് മുമ്പ്, അനിയൻ ചേട്ടനോടു പറഞ്ഞു:

"എനിക്ക് ഒരു വിഷ് പറയണം ചേട്ടാ, എനിക്ക് ചേട്ടനോട് പലപ്പോഴും ദേഷ്യം തോന്നി, വാക്കു കൊണ്ടും, മനസ്സിലും ചേട്ടനെ മുറിപ്പെടുത്തി. ഇന്നുഞാൻ പ്രോമിസ് ചെയ്യുന്നു, ഇനി ദേഷ്യം കൊണ്ടോ വെറുപ്പ് കൊണ്ടോ വിദ്വേഷം കൊണ്ടോ എന്റെ മനസ്സിൽ ഒരുത്തനെയും 'കൊല്ലാൻ' ഞാൻ അനുവദിക്കില്ല."

"നീ മേടിച്ചുതന്ന ഈ iphone നേക്കാൾ എത്ര വലിയ സമ്മാനമാണ് നിന്റെ ഈ സ്നേഹമെന്ന് എനിക്ക് പറഞ്ഞറിയിക്കാൻ പറ്റില്ലെടാ..." എന്ന് പറഞ്ഞു ചേട്ടൻ അനിയനെ വാരിപ്പുണർന്നു.

## ഓരോരുത്തരുടെയും കടമ

യേശു മലമുകളിൽ നടത്തിയ പ്രസംഗത്തിൽ കല്പനയെ വിശദീകരിച്ചു പറഞ്ഞു: "കൊല്ലരുത് എന്നു പറയപ്പെട്ടിരിക്കുന്നു. എങ്കിലും ഞാൻ നിങ്ങളോടു പറയുന്നു: സഹോദരനോടു കോപിക്കുന്നവനും വിധിക്കപ്പെടും" (മത്താ 5, 21–22). 'കൊല്ലരുത്" എന്ന കല്പനയിൽ ശരീരഹത്യയും മനസ്സിന്റെ ഹത്യയും ഉൾപ്പെടുന്നു. ശരീരഹത്യ എന്നാൽ കൊലപാതകം, ഗർഭച്ഛിദ്രം, ശിശുഹത്യ, ആത്മഹത്യ, ഭീകരവാദം, അന്യായ യുദ്ധങ്ങൾ, മനുഷ്യാവകാശ ലംഘനങ്ങൾ തുടങ്ങിയവയും; മനസ്സിന്റെ ഹത്യ എന്നാൽ കോപം, വിദ്വേഷം, പ്രതികാരം, അസൂയ, മനസ്സിലുള്ള പക തുടങ്ങിയവയുമാണ് (CCC 2302-2303). "കൊലപാതകം മനുഷ്യനെ കൊല്ലുന്നതിൽ അവസാനിക്കുന്നില്ല; അത് സ്നേഹം ഇല്ലാതാക്കുന്ന കുറ്റമാണ്." എന്ന വി. അഗസ്റ്റിന്റെ വാക്കുകൾ ഈ സംഭവത്തിൽ നമ്മെ ഏറെ ചിന്തിപ്പിക്കുന്ന ഒന്നാണ്. അതുകൊണ്ട് അഞ്ചാം കല്പന പാലിക്കുന്നവൻ വെറും 'കൊല്ലാതിരിക്കുക' മാത്രമല്ല, സഹോദരനെ സ്നേഹിക്കുകയും ക്ഷമിക്കുകയും ചെയ്യേണ്ട ബാധ്യതയിലാണ്; ഓരോരുത്തരുടെയും കടമയുമാണ്.

നമ്മുടെ ജീവിതത്തിൽ നാം കൊണ്ടുനടക്കുന്ന തിന്മയാണ് വെറുപ്പ്, വിദ്വേഷം മുതലായവ. ഈ പാപാവസ്ഥ നമ്മുടെ ജീവിതത്തിൽ നിലനിൽക്കുമ്പോൾ ദൈവിക കൃപ സ്വീകരിക്കുന്നതിൽ നിന്നും അത് നമ്മെ തടസ്സപ്പെടുത്തുന്നു. ദൈവത്തിന്റെ പദ്ധതി നമ്മുടെ ജീവിതത്തിൽ നടക്കുവാൻ നാം തന്നെ തടസ്സമായി നിൽക്കുന്ന ഇത്തരം തിന്മകളെ പലപ്പോഴും നാം തിരിച്ചറിയാറില്ല; അല്ലെങ്കിൽ തിന്മയുടെ ശക്തി മനഃപൂർവം അത് നമ്മളിൽ നിന്ന് മറച്ചു വയ്ക്കുന്നു.

വി. ജോൺ ക്രിസോസ്റ്റം പറഞ്ഞ വാക്കുകൾ നമ്മെ ഓർമപ്പെടുത്തുന്നു: നീ മുൻപെങ്ങോ പാകിയ വിത്താണ് ഇപ്പോൾ കായ്ച്ചു നിന്നു നിന്റെ ജീവിതത്തെ കാർന്നുതിന്നുന്നതെന്ന് നീ തിരിച്ചറിയണം. വി. അഗസ്റ്റിൻ പറയുന്നു: "കൊലപാതകം കൈകൊണ്ടു മാത്രമല്ല; നാവുകൊണ്ടും, ഹൃദയത്തിലൂടെയും നടക്കുന്നു." നമ്മുടെ ഹൃദയം മലിനമാകാതിരിക്കാൻ നമുക്ക് പരിശുദ്ധാത്മാവിനോട് പ്രാർഥിക്കാം.


'കൊല്ലരുത്" എന്ന കല്പന വെറും വിലക്കല്ല; അത് ജീവിതത്തെ സംരക്ഷിക്കാനും, സ്നേഹിക്കാനും, സമാധാനത്തിന്റെ നിർമാതാക്കളാകാനുമുള്ള ദൈവത്തിന്റെ വിളിയാണ്. "മനുഷ്യജീവിതത്തിന്റെ പരിശുദ്ധി ദൈവത്തിന്റെ സ്നേഹത്തിൽ നിന്നാണ് വരുന്നത്." വിശുദ്ധ ഐറേനിയസ് പറഞ്ഞതു പോലെ: "ദൈവത്തിന്റെ മഹത്ത്വം ജീവിക്കുന്ന മനുഷ്യനാണ്."

## ആദരത്തിൽ നിന്ന് സ്നേഹത്തിലേക്ക്

'ആദരത്തിൽ നിന്ന് സ്നേഹത്തിലേക്കും, വിദ്വേഷത്തിൽ നിന്ന് ക്ഷമയിലേക്കും' മാറുന്നിടത്താണ് നമ്മുടെ വിശ്വാസജീവിതം പൂവണിയുന്നത്. ഒരു നല്ല കത്തോലിക്കാ കുടുംബം മാതാപിതാക്കളെ ആദരിക്കുന്ന മക്കളാൽ, സ്നേഹത്തിലും ക്ഷമയിലും വളർന്ന യുവജനങ്ങളാൽ, ദൈവത്തിന്റെ കല്പനകൾ പാലിച്ചു ജീവിക്കുന്ന സമൂഹത്തിൽ നിന്നാണ് രൂപപ്പെടുന്നത്. അവിടെ വെറുപ്പില്ല, അകലങ്ങളില്ല, മറിച്ച് വിശ്വാസത്തിൽ ഏകതയും സ്നേഹത്തിൽ ഐക്യവും മാത്രമേയുള്ളൂ.

"ദൈവമായ കർത്താവു സൂര്യനും പരിചയുമാണ്; അവിടുന്നു കൃപയും ബഹുമതിയും നൽകുന്നു; പരമാർഥതയോടെ വ്യാപരിക്കുന്നവർക്ക് ഒരു നൻമയും അവിടുന്നു നിഷേധിക്കുകയില്ല" (സങ്കീ 84, 11).

***ബിലാസ് ജോസഫ്: അധ്യാപകൻ, ഭാര്യയോടും അഞ്ചു കുട്ടികളോടുമൊപ്പം പാലായിൽ താമസം.***



യുവ/മൈസ്റ്റോറി - സുജമോൾ ജോസ്

# ആംബുലൻസിനെ അൾത്താരയാക്കി ജോസഫച്ചൻ



**കോവിഡ് ബാധിതർക്കിടയിൽ അദ്ദേഹം ദൈവത്തിന്റെ കരുണയുടെ മുഖമായിരുന്നു. തന്റെ ദൈവവിളിക്കുള്ള ആത്മാർഥമായ മറുപടി കൂടിയായിരുന്നു ഈ നിശ്ശബ്ദ സേവനം.**

തിരുവനന്തപുരം ആർ.സി.സിയിൽ ചികിത്സയ്ക്കായി വരുന്ന നിർധനരായ ക്യാൻസർ രോഗികൾക്കും അവരുടെ ബന്ധുക്കൾക്കും  സൗജന്യമായി താമസവും ഭക്ഷണവും കൂടാതെ ആംബുലൻസ് സൗകര്യവും ഒരുക്കുന്ന കേന്ദ്രമാണ് ബെൻസിഗർ ഹോം. ഒ.സി.ഡി. സഭയുടെ മലബാർ പ്രോവിൻസിന്റേതാണ് ഈ ഹോം. പാവപ്പെട്ട രോഗികളുടെ അഭയ കേന്ദ്രമാണിത്. ഈ സന്നദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് ഫാ. ജോസഫ് ചക്കാലക്കുടിയിൽ ഒ.സി.ഡി.യാണ്. ബെൻസിഗർ ഹോം എന്ന ആശ്രയ കേന്ദ്രത്തിന്റെ ഡയറക്ടർ കൂടിയാണ് അദ്ദേഹം.


കോവിഡ് മഹാമാരിയുടെ കാലത്ത് യാത്രയ്ക്കും താമസത്തിനും ക്ലേശിച്ചിരുന്ന പാവപ്പെട്ട ആളുകൾക്ക് ഈ കേന്ദ്രം വലിയൊരു ആശ്വാസം തന്നെയായിരുന്നു. ഇവിടത്തെ പ്രത്യേകത ബെൻസിഗർ ഹോമിന്റെ ഡയറക്ടർ തന്നെയായ ചക്കാലക്കുടിയിൽ അച്ചൻ തന്നെയാണ് ആംബുലൻസ് ഡ്രൈവറും എന്നതാണ്. ആംബുലൻസ് ഡ്രൈവറുടെ ചുമതലയെ സ്വന്തം മിഷനായി കണ്ട് ദുരിതത്തിലായവരെ ആശുപത്രിയിൽ എത്തിക്കുകയും മരിച്ചവരുടെ ദേഹങ്ങൾ ആദരവോടെ ശാന്തി കവാടത്തിൽ സംസ്കരിക്കുകയും  ചെയ്യുന്നതിന് രാപകൽ അധ്വാനിച്ച ആളായിരുന്നു ഫാ. ജോസഫ്. കോവിഡ് ബാധിച്ചു മരണമടഞ്ഞവരുടെ സംസ്കാരത്തിന് തന്നാലാവുന്ന സഹായവുമായി അച്ചൻ എപ്പോഴും മുന്നിലുണ്ടായിരുന്നു. അങ്ങനെ അനേകർക്ക് സാന്ത്വനമായി മാറിയ ജോസഫ് അച്ചനും അദ്ദേഹത്തിന്റെ ആംബുലൻസും തിരുവനന്തപുരം നഗരനിവാസികൾക്ക് സുപരിചിതമാണ്. രോഗബാധയുടെ ആശങ്കകളെ അവഗണിച്ചാണ് അദ്ദേഹം ചികിത്സാവശ്യങ്ങൾക്കായി ആളുകളെ ആശുപത്രിയിലേക്ക് കൊണ്ടുപോയത്. കോവിഡ് ബാധിതർക്കിടയിൽ അദ്ദേഹം ദൈവത്തിന്റെ കരുണയുടെ മുഖമായിരുന്നു. തന്റെ ദൈവവിളിക്കുള്ള ആത്മാർഥമായ മറുപടി കൂടിയായിരുന്നു അദ്ദേഹത്തിന്റെ ഈ നിശ്ശബ്ദ സേവനം. മരണഭയത്തിനും മേൽ ഉയർന്നുനിന്ന കരുണയുടെ മുഖം. ദൈവപിതാവിന്റെ കരുണയുടെ ഛായ പേറിയ ജോസഫ് അച്ചൻ അൾത്താരയിൽ ബലിയർപ്പിക്കുന്നതു പോലെ പാവനമായിട്ടാണ് ആംബുലൻസിന്റെ വളയം പിടിക്കുന്നത്. തലസ്ഥാന നഗരത്തിലൂടെ ജീവനും കൊണ്ട് പായുന്ന ആംബുലൻസ് ഡ്രൈവർമാരിൽ ഒരാൾ കർത്താവിന്റെ ഈ പുരോഹിതനാണ്.





2019 ൽ അത്യാധുനിക സൗകര്യങ്ങളോടെ ബെൻസിഗർ ഹോം ഒരുക്കിയപ്പോൾ അതിന്റെ സ്ഥാപക ഡയറക്ടറായി നിയമിതനായതാണ് ഫാദർ ജോസഫ്. ജീവന്റെ നിലവിളി ഉയരുന്ന കെട്ടിടത്തിൽ ജീവന്റെ കാവലാളായി ജോസഫ് അച്ചൻ നിലകൊള്ളുന്നു. തിരുവനന്തപുരം ആർ.സി.സി.യിലേക്ക് ഉള്ള അഞ്ചര കിലോമീറ്റർ ദൂരം ബെൻസിഗർ ഹോമിലെ നിർധനരായ അന്തേവാസികൾക്ക് വലിയ യാത്രക്ലേശം ഉണ്ടാക്കുന്നു എന്ന് തിരിച്ചറിഞ്ഞതിൽ നിന്നാണ് ആംബുലൻസ് സേവനം ഏർപ്പെടുത്തിയത്. അമ്പതോളം മൃതദേഹങ്ങൾ ഒറ്റയ്ക്ക് സംസ്കരിച്ചു. അതിനിടയിൽ നാലുതവണ കോവിഡ് ബാധിച്ചു. എല്ലാറ്റിനെയും അതിജീവിച്ച് ജോസഫ് അച്ചൻ വീണ്ടും കർമനിരതനായി. മരണത്തിനും ജീവനും മുന്നിൽ പകച്ചു നിൽക്കുന്നതു ശരിയല്ല എന്ന് തിരിച്ചറിഞ്ഞപ്പോൾ ആംബുലൻസിന്റെ വളയം പിടിക്കാൻ ജോസഫ് അച്ചൻ മുന്നോട്ടുവന്നു. കോവിഡ് കാലത്ത് മഹത്തായ സേവനമാണ് അച്ചൻ നിർവഹിച്ചത്. രോഗികൾക്ക് മുന്നിൽ ദൈവത്തിന്റെ കാരുണ്യത്തിന്റെ മാലാഖയായി ജോസഫ് അച്ചൻ വളയം പിടിക്കുന്നു. ഇന്നും ആയിരക്കണക്കിന് ക്യാൻസർ രോഗികൾക്ക് അഭയവും ആശ്രയവും ആണ് ബെൻസിഗർ ഹോമും ജോസഫ് അച്ചനും. കാസയുംപീലാസയും ഏന്തുന്ന കൈകൊണ്ട് ആംബുലൻസിന്റെ വളയം പിടിച്ച് ജീവന്റെ തുടിപ്പുമായി അച്ചൻ തന്റെ യാത്ര തുടരുന്നു.

***കൗൺസിലിങ് സൈക്കോളജിസ്റ്റും മോട്ടിവേഷണൽ ട്രെയിനറുമായ സുജമോൾ ജോസ് ജീസസ് യൂത്ത് എറണാകുളം സോണൽ ടീൻസ് മിനിസ്ട്രി എൽഡറാണ്. ഭർത്താവ് സിജു, മൂന്ന് മക്കൾ.***





# Subscribe!

to the best Catholic magazine for children!

To purchase
scan QR code or visit:
www.jykairosmedia.org/
kairosbuds

# JESUS YOUTH FULLTIMERS'

# **CHRIST JUBILEE**

(33RD BATCH)

# SILVER JUBILEE

(9TH BATCH)

# 2025



 - ഡോ. ജിൻസി മാത്യു PhD, എറണാകുളം

# നിത്യഹരിത പ്രേഷി

ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ തുടക്കകാരിൽ ഒരാളും അനേകരുടെ ആലീസ് ആന്റിയുമായ പ്രൊ. സി.സി. ആലീസ്‌കുട്ടി, ഫുൾടൈമേഴ്സിന്റെ അവിഭാജ്യ ഘടകമായതും അവരുടെ മനസ്സിൽ കയറിപ്പറ്റിയതിന്റെയും സാക്ഷ്യപ്പെടുത്തലുകൾ



ടേപ്റിക്കോർഡറും കാസറ്റുമായി ഒരു യുവതി ഫാദർ ഫിയോ മാസ്കരനാസിന്റെ മുറിയിലേയ്ക്ക് കയറിച്ചെന്നു ചോദിച്ചു, "അച്ചൻ പാടുന്ന പാട്ടുകൾ ഈ കാസറ്റിൽ ഒന്ന് റെക്കോർഡ് ചെയ്തു തരാമോ?" പാട്ടുകൾകൊണ്ട് കാസറ്റ് നിറച്ചതുമാത്രമല്ല, അദ്ദേഹം അവളോടു പറഞ്ഞു: "കോഴിക്കോട് ക്രൈസ്റ്റ് ഹാളിൽവച്ച് നടക്കുന്ന കരിസ്മാറ്റിക് ധ്യാനത്തിൽ കൂടുതൽ പാട്ടുകളുണ്ടാകും, അതിൽ പങ്കെടുക്കാൻ വന്നോളൂ." 1976, AICUFന്റെ ഒരു നാഷണൽ അനിമേറ്റേഴ്സ് സെമിനാർ നടക്കുന്നതിനിടയിലാണ് ഈ സംഭവം. കൊച്ചുപ്രായം മുതൽ ഒരു മിഷണറിയാകാൻ കൊതിച്ച, മെലിഞ്ഞു കൊലുന്നനെയുള്ള ആ യുവതി, ഗിറ്റാർ ഉപയോഗിച്ച് പാട്ടുകൾ പാടി അനേകരെ ദൈവത്തിലേക്ക് ആനയിക്കുന്ന ഡൽഹിയിൽനിന്നു വന്ന അച്ചന്റെ തീക്ഷ്ണതയെ അത്ഭുതത്തോടെയാണ് നോക്കി കണ്ടത്. അപ്പച്ചൻ പകർന്നു കൊടുത്ത ദൈവഭക്തിയും അമ്മയിൽനിന്ന് കണ്ടു പഠിച്ച വായനാശീലവും ഒരു സുവിശേഷ പ്രഘോഷകയാകാനുള്ള അവളുടെ ആഗ്രഹത്തെ ക്രിയാത്മകമായി വളർത്തിയിരുന്നു. AICUFന്റെ എക്സിക്യൂട്ടീവ് അംഗവും തുടർന്ന് ആനിമേറ്ററുമായിരുന്ന ഈ യുവതിയുടെ അറിവും കഴിവും ഇച്ഛാശക്തിയും എത്ര ദൃഢമാണെന്നു ഫാ. ഫിയോയ്ക്ക് അറിയാമായിരുന്നു. കരിസ്മാറ്റിക് ധ്യാനങ്ങൾ അന്ന് കേരളത്തിൽ കാര്യമായി എത്തിയിരുന്നില്ലെങ്കിലും ആ വർഷം ജൂലൈ 27 മുതൽ ആഗസ്റ്റ് 1 വരെ അവളും വിമലാ കോളേജിൽ അധ്യാപകരായിരുന്ന സുഹൃത്തുക്കളായിരുന്ന രണ്ടു സിസ്റ്റേഴ്സും കൂടി ആ ധ്യാനത്തിൽ പങ്കെടുത്തു. അതോടെ കഥ മാറി. അവൾ ചെറുപ്പം മുതൽ വായിച്ച 'കുഞ്ഞു മിഷണറി', 'പ്രേഷിത കേരളം' തുടങ്ങിയ മാസികകൾക്കപ്പുറത്തു താൻ നേരിട്ടനുഭവിച്ച ആത്മീയ ചൈതന്യവും ആന്തരികസ്വാതന്ത്ര്യവും തീക്ഷ്ണതയും മറ്റു യുവജനങ്ങൾക്കും കൊടുക്കണം എന്നവൾ തീരുമാനിച്ചു. അവൾ ഇപ്പോഴും പ്രാർഥനാശീലത്തിലും തീക്ഷ്ണതയിലും തുടരുകയാണ്. യേശു എന്നിൽ ജീവിക്കുന്നതുകൊണ്ട് ഈ 82 വയസ്സിലും 33 വയസ്സിന്റെ യൗവ്വനമാണെനിക്കെന്ന് പറയുന്ന, ആ നിത്യഹരിത പ്രേഷിതയെ നമ്മളൊക്കെ ആലീസാന്റി എന്നു വിളിക്കുമെങ്കിലും പ്രൊഫസർ സി.സി. ആലീസുകുട്ടിയെന്ന, കേരള കത്തോലിക്കാ സഭയുടെ അഭിമാനപാത്രമാണവൾ.

# കേരള കരിസ്മാറ്റിക് മുന്നേറ്റത്തിന്റെ ആരംഭം

പ്രൊഫസർ ആലീസുകുട്ടി പറയുന്നു: വളരെ ചെറുപ്പം മുതലേ ഇടവക വികാരിയിൽനിന്ന് സ്വീകരിച്ചിരുന്ന ആത്മീയശിക്ഷണം എന്റെ സംശയങ്ങൾക്ക് ഉത്തരവും മാർഗദർശനവും ആയിരുന്നു. ആദ്യ കരിസ്മാറ്റിക് ധ്യാനത്തിനുശേഷം നവീകരണജീവിതത്തിൽ സഹായം ലഭിച്ചിരുന്നത് ഫാ. ഫിയോയുടെ കത്തുകളിലൂടെയായിരുന്നു. 1976-ൽ സെന്റ് തെരേസാസ് കോളേജിൽവച്ച് അദ്ദേഹവും ടീമും നടത്തിയ ധ്യാനത്തിനുശേഷം അവിടെ ഒരു പ്രയർ ഗ്രൂപ്പ് തുടങ്ങിയിട്ടുണ്ടെന്നും അതിൽ പങ്കെടുക്കുന്നതു സഹായകമാകുമെന്നും അദ്ദേഹം നിർദേശിച്ചു. അവിടെ എന്റെ സുഹൃത്തുക്കളായ എഡ്ഡിയും (പ്രൊഫ. ഡോ. എഡ്വേഡ് എടേഴത്ത്), സ്റ്റെഫാനി പാപ്പാളിയും, പി.വി. മേരിക്കുട്ടിയും ഉണ്ടായിരുന്നു. മറ്റ് യുവജനങ്ങളെയും ദൈവാനുഭവത്തിലേയ്ക്കു കൊണ്ടുവരാനുള്ള ചർച്ചകളും പ്രവർത്തനങ്ങളും സജീവമായി. 1978-ൽ കരിസ്മാറ്റിക് ലീഡേഴ്സ് ട്രെയിനിംഗിനോട് അനുബന്ധിച്ചു രൂപീകരിക്കപ്പെട്ട റീജനൽ കരിസ്മാറ്റിക് സർവീസ് ടീമിലും (KST) ദേശീയ ഉപദേശക സമിതിയിലും (NAC) അന്നു മുതൽതന്നെ എനിക്ക് സജീവ പങ്കാളിത്തമുണ്ടായി. അന്ന് നാഷണൽ കരിസ്മാറ്റിക് ടീമിന്റെ (NST) ചെയർമാനായിരുന്ന ഫാ. ഫിയോ മസ്ക്കരനാസ് SJ, കേരളത്തിൽ നവീകരണത്തിലുള്ള യുവജനങ്ങളെ ഒന്നിച്ചു കൊണ്ടുവരുന്നതെപ്പറ്റി ചിന്തിക്കുവാൻ KST ക്കുള്ള ഒരു കത്തിൽ ആവശ്യപ്പെട്ടു. KSTഎഡ്വേഡ് എടേഴത്തിനെ കൺവീനറായി ഒരു അഞ്ചംഗ സമിതിയെ നിയോഗിച്ചു. ഞങ്ങൾ അക്കൊല്ലത്തെ ഓണാവധിക്കുതന്നെ സെന്റ് ആൽബർട്സ് കോളേജിൽവച്ച് സമാന്തരമായി 5 ധ്യാനങ്ങൾ സംഘടിപ്പിച്ചു. തുടർന്ന് കേരളത്തിന്റെ പലസ്ഥലങ്ങളിലായി യുവജന ധ്യാനങ്ങൾ നടന്നു. സിസ്റ്റർ ക്ലിയോപാട്രാ CMC, ഫാ. സെബാസ്റ്റ്യൻ മുണ്ടഞ്ചേരി OCD, ഫാ. ജസ്റ്റിൻ പിനേരോ എന്നിവരുടെയൊക്കെ ആത്മീയനേതൃത്വം തുടക്കം മുതൽതന്നെ ഞങ്ങൾക്കുണ്ടായിരുന്നു. 1978 ഡിസംബർ അവസാനത്തിൽ, തേവര കോളേജിൽവച്ചു നടത്തിയ പ്രഥമ യുവജനസമ്മേളനത്തിൽ, കേരളത്തിന്റെ പല ഭാഗങ്ങളിൽനിന്നായി എണ്ണൂറിലധികം യുവജനങ്ങൾ പങ്കെടുത്തു. കേരളത്തിന്റെ വിവിധ സോണുകളിൽ സജീവ പ്രവർത്തകരായ ഒരു നേതൃനിര (ഫസ്റ്റ് ലൈൻ) മാസത്തിലൊരിക്കൽ, വാരാന്ത്യസമ്മേളനം മുടങ്ങാതെ നടത്തിയിരുന്നത് വളർച്ചക്ക് ഏറെ സഹായിച്ചു. പിന്നീടങ്ങോട്ട് കേരളത്തിൽ ഉടനീളം യുവതീയുവാക്കന്മാർക്കായി കരിസ്മാറ്റിക് പരിപാടികളുടെ ഒരു ഘോഷയാത്ര തന്നെയായിരുന്നു. 1981-ൽ വത്തിക്കാനിൽവച്ചു നടന്ന അന്തർദേശീയ കരിസ്മാറ്റിക് ലീഡേഴ്സ് കോൺഫ്രൻസിലേയ്ക്ക് കേരളത്തെ പ്രതിനിധീകരിച്ച് എന്നെ അയച്ചു. തുടർന്ന്, അമേരിക്കയിലെ ചില കരിസ്മാറ്റിക് പ്രവർത്തന മേഖലകൾ സന്ദർശിക്കാൻ അവസരം ലഭിച്ചത്, എന്റെ പ്രേഷിത സ്വപ്നങ്ങൾക്ക് നിറങ്ങൾ ചാർത്തി.

ദൈവത്തിന് ഒരു പദ്ധതിയുണ്ടെന്നും പരിശുദ്ധാത്മാവ് എനിക്കുമുന്നേ പോകുമെന്നും വഴിയൊരുക്കുമെന്നും എനിക്കു മനസ്സിലായിരുന്നു. അത്രമനോഹരമായാണ് ദൈവമെന്നെ ഒരുക്കിയെടുത്തതും എന്നോടൊപ്പം സഞ്ചരിച്ചതും.

# ജീസസ് യൂത്തിന്റെ ഉത്ഭവം

UN അന്തർദേശീയ യുവജനവർഷമായി പ്രഖ്യാപിച്ച 1985-ൽ എറണാകുളത്തുവച്ചു നടന്ന യുവജനസമ്മേളനത്തിന് 'Jesus Youth 85' എന്നുള്ള നാമനിർദേശം നൽകിയത് ജോസ് പാലാട്ടി CMI അച്ചനാണ്; പിന്നീട്, നവീകരണത്തിലുള്ള യുവജനങ്ങളുടെ പേരായി ലോകപ്രസിദ്ധമായിത്തീർന്നിരിക്കുന്ന 'ജീസസ് യൂത്ത്" എന്ന പേരിന്റെ ഉപജ്ഞാതാവ് അദ്ദേഹമാണ്. അതോടെ യുവജങ്ങൾക്കായി ധാരാളം സമ്മേളനങ്ങളും സെമിനാറുകളും നേതൃത്വപരിപാടികളും ധ്യാനങ്ങളും ബൈബിൾക്യാമ്പുകളും മിനിസ്ട്രികളും മിഷൻ ഔട്ട് റീച്ച് പ്രോഗ്രാമുകളും ജീസസ് യൂത്ത് എന്ന തലക്കെട്ടിൽ സജീവമായി. അമേരിക്കയിൽ സന്ദർശനത്തിനിടയിൽ 'ജീസസ് 78, ജീസസ്സ് 79' എന്നിങ്ങനെയുള്ള പേരിൽ വാർഷിക പ്രോഗ്രാമുകൾ നടക്കുന്നത് ഞാൻ ശ്രദ്ധിച്ചിരുന്നു. ആ പേര് കേൾക്കാനിടയായതും KST യിൽ അനുഭവങ്ങൾ പങ്കുവച്ചതും ഇത്രയും വലിയ ഒരു മുന്നേറ്റത്തിന്റെ മുന്നോടിയായായാണെന്ന് ഞാനോർത്തതേയില്ല; പാലാട്ടിയച്ചൻ അതിനെ ക്രിയാത്മകമായി മാറ്റിയപ്പോൾ ജീസസ് യൂത്ത് ആയി. ഞങ്ങൾ എല്ലാവരും ജീസസ് യൂത്ത് എന്ന് പരിചയപ്പെടുത്തുന്നതിൽ വളരെ അഭിമാനിക്കുകയും അത് അർഥവത്തായി കരുതുകയും ചെയ്തിരുന്നു. പടിപടിയായുള്ള ഈ ആത്മീയവളർച്ച, ഒരു പ്രേഷിതയാകാനുള്ള എന്റെ സ്വപ്നങ്ങളെ വ്യക്തവും ധന്യവുമാകുന്നതിനു സഹായിച്ചു. "മുൻപിലും പിൻപിലും അവിടന്ന് എനിക്കു കാവൽ നില്ക്കുന്നു; അവിടത്തെ കരം എന്റെമേലുണ്ട്" (സങ്കീ 139, 5) എന്ന് ഞാനുറപ്പിച്ചു .

# ഫുൾടൈമേഴ്സിന്റെ പിറവി

അപ്പോഴേയ്ക്കും ക്യാമ്പസുകൾ സജീവമായി; യുവജങ്ങളെ ഒന്നിച്ചുകൊണ്ടുവരാൻ അനുവാദം മേടിക്കൽ ഒരു വലിയ പ്രതിസന്ധിയായിരുന്നു. കോളേജിലും മാതാപിതാക്കളുടെ ഇടയിലും അന്നും ഇന്നും അത് ഒരു കീറാമുട്ടി തന്നെ. ദൈവത്തിന് ഒരു പദ്ധതിയുണ്ടെന്നും പരിശുദ്ധാത്മാവ് എനിക്കുമുന്നേ പോകുമെന്നും വഴിയൊരുക്കുമെന്നും എനിക്കു മനസ്സിലായിരുന്നു. അത്രമനോഹരമായാണ് ദൈവമെന്നെ ഒരുക്കിയെടുത്തതും എന്നോടൊപ്പം സഞ്ചരിച്ചതും. 1960ൽ SSLC കഴിഞ്ഞപ്പോൾ ത്തന്നെ, മിഷണറി ആകുന്നതിനായി ഒരു കന്യാസ്ത്രീ ആകാൻ ആഗ്രഹിച്ച എന്നെ കരിസ്മാറ്റിക് നവീകരണത്തിലേയ്ക്കും അതിരുകളില്ലാത്ത സ്വാതന്ത്ര്യത്തിലേയ്ക്കും എത്തിച്ചത് ദൈവത്തിന്റെ വ്യക്തമായ പദ്ധതിയാണ്. TTC കഴിഞ്ഞു 4 വർഷം ഞാൻ സ്കൂളിൽ പഠിപ്പിച്ചു, അന്നത്തെ എന്റെ ആത്മീയഗുരു ആയിരുന്ന വികാരിയച്ചൻ എന്നോടു പറഞ്ഞു: ആളുകളുടെ ഇടയിൽ പ്രേഷിതയായി ജീവിക്കണമെങ്കിൽ നല്ല അറിവുവേണം, അതിനായി കൂടുതൽ വിദ്യാഭ്യാസം അനിവാര്യമാണ് എന്ന്; അത് ശരിയാണെന്ന് എനിക്കും തോന്നി. അടുത്ത വർഷം അതിരമ്പുഴ അമലഗിരി കോളേജിൽ ചേർന്ന് പ്രീഡിഗ്രിയും തൃശൂർ വിമലാ കോളേജിൽനിന്ന് ബിരുദവും അവിടെത്തന്നെ ബിരുദാനന്തര ബിരുദവും നേടി. കോളേജിൽ ജോലിക്ക് അപേക്ഷിച്ചിരുന്നെങ്കിലും, ഇന്റർവ്യൂകാർഡ് എന്റെ കൈയിലെത്താൻ വൈകിയതിനാൽ,

അടുത്തവർഷം സെന്റ് മേരീസ് കോളേജിൽ ജോലിയിൽ പ്രവേശിക്കുന്നതുവരെ, ഇരിങ്ങാലക്കുടയിൽ സിസ്റ്റേഴ്സിന്റെ പാരലൽ കോളേജിൽ പഠിപ്പിച്ചു. 1976 മുതൽ മേഴ്സി കോളേജിൽ അധ്യാപികയായി ജോലി ചെയ്തിരുന്നതുകൊണ്ട്, യുവജനങ്ങളെ കൂടെ കൂട്ടാനും പരിശീലിപ്പിക്കാനും എനിക്ക് ബുദ്ധിമുട്ടില്ലായിരുന്നു. യുവജനങ്ങളുടെ ആവേശവും കാമ്പസുകളുടെ ആവശ്യവും കണ്ണടക്കാൻ പറ്റാത്ത ഒരു വെല്ലുവിളിയായിരുന്നു.

വിദ്യാഭ്യാസവും ഉത്തരവാദിത്വബോധവുമുള്ളവർ വചനം പ്രഘോഷിക്കാൻ ഇറങ്ങിയാൽ ആളുകൾക്ക് സ്വീകാര്യമാകുമെന്നുറപ്പായിരുന്നു. അപ്പോഴാണ് ഒരുവർഷം ക്യാംപസുകളിൽ സജീവമായി പ്രവർത്തിക്കാൻ ആളുണ്ടായാൽ നന്നാകില്ലേ എന്ന് സന്തോഷ് ജോസഫ് ചോദിച്ചത്. ഒരു വർഷം പരീക്ഷണാർഥം കുട്ടികളെ കാമ്പസിൽ നിയോഗിച്ചുനോക്കിയശേഷം 1992 –ലാണ്, ഡിഗ്രികോഴ്സു കഴിഞ്ഞവർക്കുവേണ്ടി, ഒരു കൊല്ലത്തെ കമ്മിറ്റ്മെന്റോടുകൂടിയുള്ള 'Full Timers' പരിശീലനപരിപാടി ആരംഭിച്ചത്. അന്നുമുതൽ ട്രെയിനിങ് നടക്കുമ്പോൾ കോളേജിൽനിന്നു ലീവെടുത്ത് ഞാനവരുടെ കൂടെ താമസിച്ചു. ഓരോരുത്തരോടും സംസാരിക്കാനും വ്യക്തിപരമായി ശ്രദ്ധിക്കുവാനും ഞാൻ പ്രത്യേകം സമയം കണ്ടെത്തിയിരുന്നു. യുവത്വത്തിന്റെ ആരംഭത്തിൽ അവർക്കു കിട്ടുന്ന ഫോർമേഷൻ ജീവിതത്തിലുടനീളം സ്വാധീനിക്കുമെന്ന് എനിക്ക് വളരെ നന്നായി അറിയാമായിരുന്നു. ഞാനവരെ മക്കളെപ്പോലെ സ്നേഹിച്ചു. ആ ട്രെയിനിങ് ഒരു വലിയ വിജയമായിരുന്നു; അത് പുതിയ പ്രവർത്തന സാധ്യതകളും ലക്ഷ്യബോധവും ഞങ്ങൾക്കു നൽകി. കാമ്പസിന് എന്നും അവരെക്കൊണ്ട് ആവശ്യങ്ങളേറെയായിരുന്നു, അതുപോലെതന്നെ മിഷൻ പ്രദേശങ്ങളിലും പ്രേഷിതരെ നിയോഗിക്കാൻ സാധിച്ചത് ഫുൾടൈമേഴ്സിന്റെ വരവോടെയാണ്. കമ്മിറ്റ്മെന്റ് സമയത്തും അതുകഴിഞ്ഞും അവരെന്നെ തേടി വരുമായിരുന്നു. കോളേജ് ഹോസ്റ്റലിൽ അവരെ സ്വീകരിക്കാനും ഫലപ്രദമായി സഹായിക്കാനും സൗകര്യമില്ലാതിരുന്നതിനാൽ ഞാനൊരു വാടകവീട് എടുത്തു. അവരെന്റെയും ഞാനവരുടെയും ജീവിതത്തിന്റെ ഭാഗമായി. ആത്മീയ ശിക്ഷണത്തിൽ വളർത്താൻ ഇവർക്ക് പാസ്റ്റേഴ്സിനെയും എൽഡേഴ്സിനെയും ലഭിക്കുന്നു എന്നുറപ്പു വരുത്താൻ ശ്രദ്ധിച്ചിരുന്നു.

> പ്രതിസന്ധികൾ എന്നെ ഭാരപ്പെടുത്താതിരുന്നത്, എല്ലാദിവസവും വ്യക്തിപരമായ പ്രാർഥനയിൽ യേശുവിനോടൊപ്പം ആയിരിക്കാൻ നിശ്ചിതസമയം കണ്ടെത്തിയിരുന്നതുകൊണ്ടാണ്.

വ്യക്തിപരമായ പ്രാർഥനയും വി കുർബാനയും എത്രത്തോളം പ്രധാനപ്പെട്ടതാണെന്ന് അവർക്കറിയാമായിരുന്നു. അവർ ചെന്നെത്തുന്ന ഓരോ സ്ഥലത്തും അവർ മനോഹരമായി ക്രിസ്തുസാക്ഷികളായിത്തീർന്നു. അനേകരെ പ്രേഷിതരായി വാർത്തെടുക്കാൻ കർത്താവ് എന്നെ ഉപയോഗിച്ചത് എനിക്ക് വളരെ സന്തോഷം പകർന്നു. നല്ല മിടുക്കരായി പുതിയ മേഖലകളിൽ അവരവരുടെ സാന്നിധ്യം അറിയിച്ചതോർക്കുമ്പോൾ എനിക്ക് വളരെ അഭിമാനമാണ്.

## വ്യക്തിജീവിതം ഒരു തുറന്ന പുസ്തകം

ഒരു മിഷണറിയാവുക എന്നതായിരുന്നു എന്റെ ഒരേയൊരു



സ്വപ്നം. ഉണരുന്നതും ഉറങ്ങുന്നതും മുതൽ, മുഴുവൻ സമയവും ഞാനാസ്വദിച്ചു ചെയ്തതെല്ലാം, എന്നെ നയിക്കുന്നത് പരിശുദ്ധാത്മാവാണ് എന്ന വിശ്വാസത്തിലാണ്. പ്രതിസന്ധികൾ എന്നെ ഭാരപ്പെടുത്താതിരുന്നത് എല്ലാദിവസവും വ്യക്തിപരമായ പ്രാർഥനയിൽ യേശുവിനോടൊപ്പം ആയിരിക്കാൻ നിശ്ചിതസമയം കണ്ടെത്തിയിരുന്നതുകൊണ്ടാണ്.

ദൈവവുമായി വ്യക്തിപരമായ കമ്മിറ്റ്മെന്റിൽ ആയിരിക്കുക എന്നതാണ് പ്രാർഥന. അവിടത്തോടുകൂടെ ആയിരിക്കാൻ നാം തീരുമാനിച്ചാൽ അതുമതി, അവിടെയിരുന്ന് ഒന്നു മയങ്ങുന്നതുപോലും ദൈവവുമായുള്ള നമ്മുടെ ബന്ധത്തെ വളർത്തുകയേയുള്ളൂ. വായന എന്നെ ഏകാന്തതയിൽനിന്നു എന്നന്നേയ്ക്കുമായി മാറ്റിനിറുത്തി. കിടക്കുന്നതിനു മുൻപ് വായിച്ചു തീർക്കാൻ പുസ്തകങ്ങളെന്നും ബാക്കിയായിരുന്നു. പകലത്തെ ഓട്ടവും അവിടത്തോടൊപ്പമായിരുന്നു. ഈ തിരക്കിനിടയിൽ മറ്റു ലോകസുഖങ്ങളൊന്നും എന്റെ ശ്രദ്ധയിൽപോലും വന്നില്ല. 1999 –ൽ റിട്ടയർ ചെയ്തതിനുശേഷം മുഴുവൻസമയ പ്രേഷിതയായി ഞാൻ ഈശോയുടെ കൂടെ സഞ്ചരിക്കുന്നു. ഏകസ്ഥർക്കുവേണ്ടി കാര്യമായി എന്തെങ്കിലും ചെയ്യുക എന്നത് ഒരു സ്വപ്നമായിത്തന്നെ ഇപ്പോഴും തുടരുന്നു. 2 തിമോത്തി 2, 2 ൽ പൗലോസ് ശ്ലീഹാ പറയുന്നതുപോലെ "നീ എന്നിൽ നിന്ന് കേട്ട കാര്യങ്ങൾ മറ്റുള്ളവരെക്കൂടെ പഠിപ്പിക്കാൻ കഴിവുള്ള വിശ്വസ്തരായ ആളുകൾക്ക് പകർന്നുകൊടുക്കുക" എന്ന ദൗത്യം നിറവേറ്റാനായി, മാമോദീസാ മുങ്ങിയ എല്ലാവർക്കും ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനം ലഭിക്കാൻ വളരെ ഫലപ്രദമായ രീതിയിൽ സുവിശേഷപ്രഘോഷണ പരിശീലനത്തിൽ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുകയാണ് ഇപ്പോൾ. വളരെ സംതൃപ്തമായ ഒരു യുവത്വമാണ് ഞാനിന്നും അനുഭവിക്കുന്നത്! ഒരുപക്ഷേ, അത് ജീസസ് യൂത്തുമായുള്ള സംസർഗഗുണം തന്നെ ആയിരിക്കാം. ദൈവത്തിനു സ്തുതി!

***ലേഖിക ഡോ. ജിൻസി മാത്യു, കൊച്ചിയിൽ പാലാരിവട്ടത്തുള്ള 'റെയ്നിങ് ട്രീസ്" കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയുടെ സ്ഥാപകയും കൺസൾട്ടന്റ് സൈക്കോളജിസ്റ്റുമാണ്. ഭർത്താവ് സനീഷ് എബ്രാഹം; മകൻ അൽഫോൻസ്. താമസം പാലാരിവട്ടത്ത്.***

# അങ്ങനെ ഒരു **ഫുൾടൈമറായി** ഞാനിവിടെ ജീവിക്കുന്നു

കുതിരപ്പുറത്തും കഴുതപ്പുറത്തും വളരെ ദുർഘടമായ പാതകളിലൂടെ യാത്രചെയ്താതായിരുന്നു ഇടവകയുടെ 40 സ്റ്റേഷനുകളിൽ മിക്കതിലും ഞാൻ എത്തിയിരുന്നത്.

25 വർഷം 9th ബാച്ചുകാരായ ഞങ്ങളെ ഒരുമിപ്പിച്ചു നിലനിറുത്തിയ ഒരു കൂട്ടായ്മയ്ക്ക് കാരണം ഫുൾടൈമർഷിപ്പ് ട്രെയിനിങ് ആണെന്നോർക്കുമ്പോൾ ദൈവത്തിന് ഞാൻ നന്ദി പറയുന്നു. അന്നത്തേതിനേക്കാൾ സാഹചര്യങ്ങളും പ്രായവും കാഴ്ചപ്പാടുകളും മാറിയെങ്കിലും, അധികം സംസാരിക്കാനോ പങ്കുവയ്ക്കാനോ പലർക്കും സാധിച്ചില്ലെങ്കിലും, ആരും ഒരുമിച്ച് ഒരുസ്ഥലത്തില്ലെങ്കിലും ഈ കൂട്ടായ്മ ഇപ്പോഴും തുടരുന്നുവെന്നത് ആ ഫോർമേഷന്റെ ഗുണമാണ്. വ്യക്തിപരമായി എന്റെ പൗരോഹിത്യ ജൂബിലികൂടിയാണ് ഈ വർഷം.

എന്റെ വൈദികപട്ടത്തിനു ശേഷം 10th ബാച്ചിനൊപ്പം കുറച്ചു സമയം ചിലവഴിക്കാൻ എനിക്ക് സാധിച്ചു. അന്ന് CMI സഭയുടെ പൂഞ്ഞാറുള്ള മൈനർ സെമിനാരിയിൽ റെക്ടറായി ഞാൻ സേവനം ചെയ്യുകയായിരുന്നു. പിന്നീട് സഭ ആവശ്യപ്പെട്ട പ്രകാരം 2002 മേയിൽ ഞാൻ വീണ്ടും പെറുവിലേക്ക് തിരിച്ചു പോയി. ലിമ സിറ്റിയിൽനിന്നു 25 കിലോമീറ്റർ അകലെ ചോസിക രൂപതയിലായിരുന്നു ആയിരുന്നു എന്റെ ആദ്യത്തെ ഇടവക. 2003 ജൂലൈയിൽ ഇടവക വികാരിയായി മറ്റൊരു രൂപതയിലേയ്ക്ക് സ്ഥലം മാറ്റമായി.


സമുദ്ര നിരപ്പിൽനിന്നും 4000 മീറ്റർ ഉയരത്തിലുള്ള ആപ്രദേശത്തു വണ്ടികൾ ഇല്ലാത്തതിനാൽ, കുതിരപ്പുറത്തും കഴുതപ്പുറത്തും വളരെ ദുർഘടമായ പാതകളിലൂടെ യാത്ര ചെയ്തായിരുന്നു ഇടവകയുടെ 40 സ്റ്റേഷനുകളിൽ മിക്കതിലും ഞാൻ എത്തിയിരുന്നത്. ഇങ്ങനെ സാഹസികമായ യാത്ര ചെയ്താണ് പൗരോഹിത്യ ജീവിതത്തിലെ സുപ്രധാനമായ ഏഴുവർഷങ്ങൾ ഞാൻ ആത്മീയ ശുശ്രൂഷ ചെയ്തത്. മിക്കവാറും ഓരോ യാത്രയിലും അതാതു ഗ്രാമങ്ങളിൽതന്നെ താമസിച്ചായിരുന്നു എന്റെ പൗരോഹിത്യ ധർമ്മങ്ങൾ നിറവേറ്റിയിരുന്നത്. ആ സന്ദർഭങ്ങളിലാണ് മാമ്മോദീസയും കുമ്പസാരവും വിവാഹവും അവർക്കായി പരികർമ്മം ചെയ്തു കൊടുക്കുക.

തണുപ്പ് കൂടിയ പ്രദേശമായതുകൊണ്ടും സാമ്പത്തിക പരിമിതികൾകൊണ്ടും വളരെ ലളിതമായ ജീവിതമായിരുന്നു അവരൊക്കെ നയിച്ചിരുന്നത്. അവിടെവച്ചു കർത്താവിന്റെ സംരക്ഷണം ധാരാളമായി ഞാൻ അനുഭവിച്ചു. പലതവണ എനിക്ക് അപകടം സംഭവിച്ചു. ഒരിക്കൽ ഒരു കുതിരയ്ക്ക് കഷ്ടിച്ചു പോകാൻ പറ്റുന്ന ആ വഴിയിലൂടെ കുതിരപ്പുറത്തു യാത്രാ ചെയ്യുമ്പോൾ കുതിരയുടെ ജീനി അഴിഞ്ഞുപോയി, 1000 മീറ്റർ ആഴമേറിയ കൊക്കയുടെ മറുവശത്തേയ്ക്ക് കുതിര മറിഞ്ഞതു കൊണ്ട് കുതിരയും ഞാനും രക്ഷപെട്ടു, പിന്നീട് ഒരിക്കൽ നിയന്ത്രണം പോയ വണ്ടി ഒരു കല്ലിൽ തട്ടിനിന്നതും വലിയ അത്ഭുതം തന്നെയായാണ് ഞാൻ മനസ്സിലാക്കുന്നത്. ഇക്കഴിഞ്ഞ ആഗസ്റ്റ് മാസം അഞ്ചാം തിയതി (05/08/2025), നേരത്തെ ഞാൻ വികാരി ആയിരുന്ന പാമ്പാ കൊൽക്ക ഇടവകയിൽ സഹായിക്കാൻ പോയ കാസർഗോട്ടുനിന്നുള്ള ഫാദർ ജോയ് കൊച്ചുപറമ്പിൽ CMI (53) ഹൃദയാഘാതം മൂലം അവിടെ മരണപ്പെട്ടു. അദ്ദേഹത്തിന്റെ മൃതസംസ്കാരം ആഗസ്റ്റ് 18 നാണ് നാട്ടിൽ നടന്നത്. കഠിനമായ കാലാവസ്ഥ വ്യതിയാനവും ജീവിത സാഹചര്യങ്ങളും ഇന്ത്യാക്കാരായ ഞങ്ങളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നത് ഇവിടെ സാധാരണമാണ്. അതുകൊണ്ടുതന്നെ ഓരോ ദിവസത്തെ ജീവിതം പോലും ദൈവത്തിന്റെ ദാനമായി ഞാൻ കരുതുന്നു.

2010 മുതൽ വീണ്ടും ചോസിക രൂപതയിലെ ഞഞ്ഞാ പാരീഷിൽ ഞാൻ സേവനം ചെയ്തു. തുടർന്ന് 2016 പെറുവിന്റെ നോർത്തു ഭാഗത്തു ഇക്വഡോറിനോട് ചേർന്ന പിയൂരാ എന്ന സ്ഥലത്തേയ്ക്ക് പോയി, 2021 വരെ അവിടെ ജോലിചെയ്തപ്പോൾ അതിനടുത്തുള്ള ചിക്കളായോ രൂപതയിലാണ് ഇപ്പോഴത്തെ മാർപാപ്പ ശുശ്രൂഷ ചെയ്തിരുന്നത്. അതിനുശേഷം ന്യൂയോർക്കിലെ ബ്രൂക്ലിൻ രൂപതയിലേയ്ക്ക് വരാൻ പറഞ്ഞു. ഈ രൂപതയിലെ എന്റെ മൂന്നാമത്തെ ഇടവക സ്ഥിതിചെയ്യുന്ന ജമൈക്ക ക്വീൻസിലാണ് ഞാനിപ്പോളുള്ളത്.

ഞാനിരുന്ന എല്ലാ പള്ളികളിലും മാതാവിന്റെ തീർഥാടന കേന്ദ്രങ്ങങ്ങളുണ്ടായിരുന്നു. ഒരിക്കൽ മാതാവിന്റെ തീർഥാടനകേന്ദ്രത്തിലേക്കുള്ള യാത്രയിലാണ് എനിക്ക് അപകടം സംഭവിച്ചതും രക്ഷപ്പെട്ടതും. പല കാരണങ്ങൾക്കൊണ്ട് മറ്റാരും ഏറ്റെടുക്കാൻ ധൈര്യപ്പെടാത്ത ഒരു ഇടവകയിൽ വികാരിയാകാൻ എനിക്ക് അവസരം ലഭിച്ചു. പ്രൊവിൻഷ്യലും ഞാനും കൂടി ഏഴുമണിക്കൂറോളം സഞ്ചരിച്ചു അവിടെ കാണാൻ ചെന്നു. അവിടെ കുർബാന അർപ്പിച്ചപ്പോൾ, ആ ജനങ്ങളുടെ കണ്ണിലെ പ്രതീക്ഷ ഞാൻ ശ്രദ്ധിച്ചിരുന്നു. മടങ്ങുമ്പോൾ ഒരു സ്ത്രീ വന്ന് എന്നോട് പേര് ചോദിക്കുകയും ഇവിടത്തെ ജോലികളിൽ സഹായിക്കാമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു. മൂന്നു മാസത്തിനു ശേഷം ഞാനവിടെ ചാർജ് എടുത്തു. അവിടെ സേവനം ചെയ്ത ഏഴുവഷർത്തിനിടയിൽ ഒരിക്കൽ പോലും ആ സ്ത്രീയെ കാണാൻ എനിക്ക് സാധിച്ചില്ല. പിന്നീട് ആളുകളിൽ നിന്ന് അറിയാൻ കഴിഞ്ഞത് പലപ്പോഴായി പലർക്കും മാതാവ് ഇതുപോലെ സാന്നിധ്യം അറിയിച്ചിരുന്നുവെന്നാണ്. ആ പള്ളിയെ രൂപതയിലെ ഏറ്റവും മനോഹരമായ ദേവാലയമാക്കി മാറ്റാൻ സാധിച്ചുവെന്നത് എനിക്ക് ചാരിതാർഥ്യം തരുന്നു.

ഞാനൊരു മാതൃ ഭക്തനാണ്. മൂന്നുവയസിൽ അമ്മ മരിച്ചു പോയ എന്നെ എന്റെ വല്യമ്മച്ചി ബാല്യത്തിൽ തന്നെ മാതാവിന് പ്രതിഷ്ഠ വച്ചു. പാലാ ടൗണിലെ എന്റെ പിതാവിന്റെ കടയടച്ചു കഴിഞ്ഞ് എന്നും പിതാവ് എന്നെയും കൂട്ടി അമലോത്ഭവ മാതാവിന്റെ കുരിശുപള്ളിയിൽ പോയി തിരി കത്തിച്ചു പ്രാർഥിച്ചിരുന്നു. ളാലം പള്ളിയിലെ ശനിയാഴ്ച്കളിലെ നൊവേനയും ഞാൻ മുടക്കാറില്ലായിരുന്നു. അങ്ങനെ എന്റെ മാതൃഭക്തി വളർന്നു. മെഡ്ജുഗോറി ഒഴികെ ലോകത്തിലെ മാതാവിന്റെ തീർഥാടന കേന്ദ്രങ്ങളിലെല്ലാം ഞാൻ പോയിട്ടുണ്ട്, മാതാവിനോടുള്ള ഭക്തിതന്നെയാണ് എന്റെ പൗരോഹിത്യത്തിന്റെ രഹസ്യവും. വിവിധ ഭാഷകളിലും രാജ്യങ്ങളിലും ദൈവവചനം പ്രഘോഷിക്കാൻ എനിക്ക് സാധിക്കുമ്പോൾ "നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16, 15) എന്ന ഈശോയുടെ കല്പന എന്നിലൂടെ പ്രാവർത്തികമാകുന്നതായി ഞാൻ തിരിച്ചറിയുന്നു, അങ്ങനെ ഒരു ഫുൾടൈമറായി ഞാനിവിടെ ജീവിക്കുന്നു.



# പത്തരമാറ്റുള്ള പരിശീലനം

ഒന്നാം വർഷ പ്രീ-ഡിഗ്രി കാലത്ത് കുറവിലങ്ങാട് ദേവമാത കോളേജിൽ പഠിക്കുമ്പോൾ 4-ാം ബാച്ച് ഫുൾടൈമർ ഗീത അജു ചേച്ചി നയിച്ചിരുന്ന പ്രാർഥന ഗ്രൂപ്പിൽ പോകാനിടയായി. ചില ആഴ്ചകളിൽ മാത്രം വരുന്ന ആ ചേച്ചി ഫുൾടൈമർ ആയിരുന്നുവെന്നറിയില്ലെങ്കിലും ആ ഗ്രൂപ്പിൽ പങ്കെടുക്കാൻ എനിക്ക് താത്പര്യം തോന്നി. പിന്നീട് ജീസസ്‌യൂത്ത് ക്യാമ്പസ് മിനിസ്ട്രി ചേരാനെല്ലൂർ തുവാനിസയിൽവച്ച് നടത്തിയ ക്യാമ്പിൽ പങ്കെടുത്തപ്പോൾ രണ്ടാം വർഷ പ്രീഡിഗ്രിക്കാരൻ വിപിൻ റോൾഡന്റ് ചേട്ടൻ, തന്റെ ഒടിഞ്ഞ കാലുമായി വന്നു വളരെ തീക്ഷ്ണമായി ഈശോയ്ക്ക് സാക്ഷ്യം വഹിക്കുന്നത് കണ്ടപ്പോൾ ഈശോയോടുള്ള എന്റെ തീക്ഷ്ണതയും കൂടി. ഒരു മിഷണറിയാവുക, ഒരു രക്തസാക്ഷിയാകുക എന്നത് എത്ര ശ്രേഷ്ഠമായ കാര്യമാണെന്ന് ഞാൻ ചിന്തിച്ചു. അതൊരു ആരംഭമായിരുന്നു. ഈശോയും സഭയും ഞാനും തമ്മിലുള്ള ബന്ധം എത്ര സുന്ദരമെന്ന് തിരിച്ചറിയാൻ തുടങ്ങിയ ഒരു കാലഘട്ടം. ഈശോയുടെ കൂടെ ചരിക്കാൻ പഠിപ്പിച്ച ജീസസ്‌യൂത്തിനൊപ്പം ഞാനും കൂടി.

പിന്നീട് മേഴ്സി കോളേജിൽ ഒന്നാം വർഷ ഡിഗ്രിക്ക് ചേർന്നപ്പോൾ എന്റെ അധ്യാപികയായിരുന്ന ആലീസ്‌കുട്ടി മിസ്സ് (റിട്ട. പ്രൊഫ. സി.സി. ആലിസ്‌കുട്ടി) വഴിയാണ് ജീസസ് യൂത്തിലേക്ക് വരാനും ഈശോയെ കൂടതൽ അറിയാനുമൊക്കെ സാധിച്ചത്. ബോർഡിങ്ങിലും ഹോസ്റ്റലിലും നിന്നുള്ള പഠന കാലത്ത് എന്തു കൊടുത്താലും എത്ര കൊടുത്താലും ആരെയും സംതൃപ്തരാക്കാൻ സാധിക്കുകയില്ലെന്നും എനിക്ക് തോന്നിയിരുന്നു; ഈശോയ്ക്ക് മാത്രമേ പൂർണമായി ഒരു വ്യക്തിയെ സന്തോഷിപ്പിക്കാൻ സാധിക്കുകയുള്ളു എന്ന കാര്യം എനിക്ക് മനസ്സിലായി. ഞാൻ മനസ്സിലാക്കുന്ന ആ ഈശോയെ എല്ലാവർക്കും കൊടുക്കാൻ ഒരു മിഷണറിയാകുവാൻ ഞാനാഗ്രഹിച്ചു. ആ സമയത്ത് ആറാം ബാച്ചിലെ പാലക്കാട് ഫുൾടൈമർ ഗുജറാത്തിൽ നിന്നുള്ള ദീപ ചേച്ചി ഇടയ്ക്ക് മേഴ്സി കോളേജിൽ വരാറുണ്ടായിരുന്നു, മലയാളം ശരിയായിട്ട് അറിയാത്ത ചേച്ചിയാണ് മലയാളം മാത്രം അറിയുന്ന ആ പാലക്കാടൻ ഉൾഗ്രാമങ്ങളിലൂടെ ഈശോയുടെ കൈപിടിച്ചു നടന്നത്. ഇടയ്ക്ക് വൈകുന്നേരങ്ങളിൽ തന്റെ ഓരോ അനുഭവങ്ങൾ ചേച്ചി പങ്കുവയ്ക്കുമ്പോൾ ഞനോർക്കും; ഈശോയോട് കൂടിയുള്ള ഈയൊരു ജീവിതം എന്തുരസമാ; കുറച്ചു റിസ്ക് ഒക്കെയുണ്ടെങ്കിലും കോളേജ് ട്രെൻഡുകളെ മറികടന്ന് എനിക്കും ഈ യൗവ്വനത്തിൽ ക്രിസ്തുസാക്ഷിയായി ജീവിക്കണമെന്ന്. ആലീസ് ആന്റിയോട് ഫുൾടൈമറാകാനുള്ള ആഗ്രഹം പറഞ്ഞിരുന്നു. അവസാന നിമിഷത്തിലാണ് ഞാൻ എമ്മാവൂസിലേയ്ക്ക് കത്തുപോലും അയച്ചത്. സ്ക്രീനിങ്ങിന്റെ തലേ ദിവസമാണ് എനിക്ക് കോൾ വരുന്നതും. ഞങ്ങൾ മൂന്ന് പേരായിരുന്നു അന്ന് മേഴ്സി കോളേജിൽ നിന്ന് ആഗ്രഹിച്ചിരുന്നവർ. മേരിയെയും സുമയെയും വീട്ടിൽ നിന്ന് വിട്ടില്ല. ഡാഡിയും മമ്മിയും എന്നെ വിട്ടു. (മേരിയുടെ മകൾ എയ്ഞ്ചൽ മുപ്പത്തിമൂന്നാമത്തെ ബാച്ച് ആസ്സാം ഫുൾടൈമെർ ആണ്). എന്റെ വലിയ ആഗ്രഹം നോർത്ത് ഈസ്റ്റിൽ പോയി മിഷൻ ചെയ്യണമെന്നായിരുന്നു. പക്ഷേ എനിക്ക് കിട്ടിയ സ്ഥലം അങ്കമാലിയായിരുന്നു. ഉള്ളിൽ കുറച്ചു സങ്കടം തോന്നിയെങ്കിലും കർത്താവ് തന്ന സ്ഥലത്തേക്ക് ആണല്ലോ ഞാൻ പോകുന്നത് എന്ന ചിന്ത എന്നെ ധൈര്യപ്പെടുത്തി. ആ ഒരു വർഷം അങ്കമാലിയിലെ ഫുൾടൈമെർഷിപ് കഴിഞ്ഞപ്പോൾ എനിക്ക് മനസ്സിലായി അതായിരുന്നു എന്റെ മിഷൻ പ്രദേശമെന്ന്. എനിക്കുള്ള മിഷൻ അനുഭവം എനിക്കവിടെ നിന്നു കിട്ടി. ഫുൾടൈമർഷിപ്പിൽ വീട്ടിൽ നിന്നകന്നു, പരിചയമില്ലാത്ത സ്ഥലത്ത് പുതിയ സാഹചര്യങ്ങളിൽ പ്രവർത്തിക്കുമ്പോൾ എനിക്ക് ബുദ്ധിമുട്ടൊക്കെ തോന്നിയിട്ടുണ്ട്. ഈശോയോട് വളരെ ചേർന്ന് നടന്ന ആ ഒരു വർഷകാലഘട്ടം എന്നെ ഒത്തിരി കാര്യങ്ങൾ പഠിപ്പിച്ചിരുന്നു. എന്നാലും ഫുൾടൈമെർഷിപ് കിഴിഞ്ഞിറങ്ങുമ്പോൾ ഞാൻ ഈശോയോടു പറഞ്ഞു, 'ഇനി മേലാൽ അങ്കമാലിക്കില്ല കേട്ടോ.' പക്ഷേ, 2011ൽ വിവാഹം കഴിച് അങ്കമാലിയിലേക്ക് ചെല്ലുമ്പോൾ ഞാൻ ചോദിച്ചു, കർത്താവേ എന്നെ പിന്നെയും ഇങ്ങോട്ട് കൊണ്ടുവന്നോ? 25 വർഷം പിന്നിടുമ്പോൾ ഒരു കാര്യം എനിക്കുറപ്പായി, ഈശോ ജീവിതത്തിൽ എല്ലാം രമ്യതയിലാക്കും.

കർണാടകയിലും ഓസ്ട്രേലിയയിലുമുള്ള എന്റെ ഉപരി പഠന കാലഘട്ടത്തിൽ ഒറ്റപ്പെട്ട ദ്വീപിലെന്നപോലെ എന്റെ നാളുകൾ കടന്നുപോയി; ആ വരണ്ട കാലഘട്ടത്തെക്കുറിച്ചു ഞാൻ പറയാം. പുറമേ നിന്നു നോക്കുമ്പോൾ ആർക്കും അറിയാത്ത ആർക്കും മനസ്സിലാക്കാൻ പറ്റാത്ത സാഹചര്യങ്ങളായിരുന്നു അവ. പഠനവും ജീസസ് യൂത്ത് പ്രവർത്തനങ്ങളും വേൾഡ് യൂത്ത് ഡേയുമൊക്കെ ഒരു വശത്തു നടക്കുമ്പോഴും ചില സമയങ്ങളിൽ 'മതി കർത്താവേ, മുന്നോട്ട് പോകാനിനി വയ്യ' എന്ന ചിന്ത മനസ്സിലൂടെ കടന്നുപോയിട്ടുണ്ട്. തമ്പുരാൻ തന്ന ഈ ജീവിതം ഒരു മിഷണറിയായി അവിടന്ന് നിശ്ചയിച്ച സമയം വരെ ജീവിച്ചുപോവുക എന്നത് അസാധ്യമാണെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. ഇത്രയധികം ഫോർമേഷൻ കിട്ടി ബോധ്യങ്ങൾ ലഭിച്ചവളുമായ എനിക്കിങ്ങനെയാണെങ്കിൽ മറ്റുള്ളവരുടെ തളർച്ച എത്ര ഗൗരവമാണെന്നു ഞാൻ വിചാരിച്ചു. പെട്ടെന്ന് തന്നെ ഞാൻ എന്റെ ചിന്തകളെ തിരിച്ചറിയുകയും കർത്താവിനോട് സോറി പറയുകയും ചെയ്തിട്ടുണ്ട്.

തിക്താനുഭവങ്ങളുടെ ഈ തുറന്നു പറച്ചിൽ അനേകർക്ക് പ്രതീക്ഷ നൽകുമെന്നതിനാൽ ഞാനിവിടെ കുറിക്കുന്നു.

ക്രിസ്തുവിലുള്ള വിശ്വാസവും എന്റെ സാക്ഷ്യജീവിതവും എനിക്ക് വിട്ടുവീഴ്ചയില്ലാത്ത കാര്യമായിരുന്നു. "ആത്മാവില്ലാത്ത ശരീരം മൃതമായിരിക്കുന്നതുപോലെ പ്രവൃത്തി കൂടാതെയുള്ള വിശ്വാസവും മൃതമാണ്" (യാക്കോ 2, 26). ചിലർ എന്നോട് ചോദിച്ചിട്ടുണ്ട് 'വലിയ പ്രാർഥനാക്കാരിയല്ലേ, പ്രാർഥിച്ചിട്ട് എന്തുണ്ട് ഗുണം? ബോധമില്ലാത്തവൾ, വിവരമില്ലാത്തവൾ, ഉത്തരവാദിത്വമില്ലാത്തവൾ, പഴഞ്ചൻ, അങ്ങനെയൊക്കെയുള്ള ചില നാമകരണങ്ങളും! അപ്പോൾ എനിക്ക് സംശയം തോന്നി, ഇവരിങ്ങനെ പറയണമെങ്കിൽ എന്നിൽ പ്രവൃത്തിയില്ലല്ലോ, ഞാൻ ശരിയായല്ലേ പ്രാർഥിക്കുന്നത് എന്നൊക്കെ. പ്രാർഥിക്കാൻ മടി തോന്നിയ സമയങ്ങളും പ്രാർഥിക്കാൻ ഒട്ടും പറ്റാതിരുന്ന സമയങ്ങളുമുണ്ടായിട്ടുണ്ട്. പരിശുദ്ധ കുർബാന മാത്രമേ എനിക്ക് ആശ്രയം ഉണ്ടായിരുന്നുള്ളു. ഞാൻ ആയിരിക്കുന്ന സ്ഥലത്തെ കുർബാന സമയങ്ങളും അന്വേഷിച്ചുവയ്ക്കും. എത്ര ബുദ്ധിമുട്ടിയാലും എല്ലാ ദിവസവും കുർബാനയ്ക്ക് പോകാൻ വലിയ ഇഷ്ടമായിരുന്നു. ഞാൻ ഏത് പ്രശ്നത്തിലൂടെ കടന്നുപോകുമ്പോഴും ചിലപ്പോൾ പാട്ടിലൂടെ അല്ലെങ്കിൽ ഒരു വചനത്തിലൂടെ ആയിരിക്കാം കർത്താവ് എനിക്ക് ഉത്തരം തരുന്നത്. ഞാനറിയാതെതന്നെ പാടിക്കൊണ്ട് നടക്കുന്ന പാട്ട് ആ സമയത്തുള്ള പ്രതിസന്ധിക്കുള്ള ഉത്തരമായിരിക്കും. അതുമല്ലെങ്കിൽ ഏതെങ്കിലും ഒരു വചനത്തെക്കുറിച്ചുള്ള ചിന്ത എന്റെ മനസ്സിൽ വരികയും ആ സമയത്തുള്ള ഉത്തരമായി അത് മാറുകയും ചെയ്യാറുണ്ട്. എനിക്കൊരു ഉത്തരം ലഭിച്ചിരിക്കുന്നു എന്നോർത്ത് ഞാൻ സന്തോഷിക്കാറുമുണ്ട്. കർത്താവ് എന്റെ കൂടെത്തന്നെ ഉണ്ടെന്നുള്ള വിശ്വാസം എന്നെ നയിച്ചു.

കോവിഡ് കാലത്ത് വളരെയധികം ബുദ്ധിമുട്ടേറിയ സാഹചര്യങ്ങളിലൂടെ കടന്നുപോയപ്പോൾ ഇതൊന്നും എന്റെ മനസ്സിലുണ്ടായില്ല. ജോലിസ്ഥലത്തും വ്യക്തിജീവിതത്തിലും ഉണ്ടായ ചില കാര്യങ്ങൾ എന്നെ തളർത്തിയപ്പോൾ പെട്ടെന്ന് ഒരു വചനമോ ഒരു പാട്ടോ എനിക്ക് ഓർമവന്നില്ല. ആകെയുള്ള ആശ്രയം പരിശുദ്ധ കുർബാന മാത്രം. കുർബാനയിൽ വളരെ യാന്ത്രികമായാണ് ആ സമയങ്ങളിൽ ഞാൻ പങ്കെടുത്തത്. ഞാനവിടെയുണ്ട് എന്ന് മാത്രം. അപ്പോൾ ഞാനിങ്ങനെ ഈശോയോട് പറയും 'ഈശോയെ എനിക്ക് പ്രാർഥിക്കാനൊന്നും പറ്റുന്നില്ല. മഴയിൽ ഒരു പുൽകതിർ നനയുംപോലെ ഈ പരിശുദ്ധ കുർബാനയിൽ നിന്റെ കൃപയുടെ മഴയിൽ എന്നെയും നനയ്ക്കണമേ. അങ്ങനെ ഞാൻ അനുഗ്രഹിക്കപ്പെടട്ടെ.' "രക്ഷിക്കാൻ കഴിയാത്തവിധം കർത്താവിന്റെ കരം കുറുകിപ്പോയിട്ടില്ല. കേൾക്കാനാവാത്തവിധം അവിടത്തെ കാതുകൾക്കു മാന്ദ്യം സംഭവിച്ചിട്ടില്ല" (ഏശ 59, 1). ഈ വചനം കർത്താവെന്നെ ഓർമിപ്പിച്ചു. എന്റെ കണ്ണുകൾ നിറഞ്ഞു.



മരിയ പോളും കുടുംബവും

പ്രശ്നങ്ങളുടെ നടുവിലും വലിയൊരു ശാന്തതയും ധൈര്യവും എനിക്ക് കിട്ടി. ഞാനല്ല യേശുവാണ് എന്റെ കൈകളിൽ പിടിച്ചിരിക്കുന്നതെന്നും എന്റെ ബലമല്ല അവിടത്തെ കരുണയും കരുതലുമാണ് എന്നെ രക്ഷിക്കുന്നതെന്ന തിരിച്ചറിവും എനിക്ക് ആത്മവിശ്വാസം നൽകി. എന്നാലും സാഹചര്യങ്ങൾക്ക് പ്രത്യേകിച്ചു മാറ്റമൊന്നുമുണ്ടായില്ല. ആരോടും ഒരു സ്പിരിച്വൽ ഗൈഡൻസ് ചോദിക്കാൻ പറ്റുന്നില്ല. പരിശുദ്ധ കുർബാനയായിരുന്നു അപ്പോഴും എന്റെ ആശ്വാസം. മൂന്നു മാസങ്ങൾക്കു ശേഷം ന്യൂസിലാൻഡിൽ നിന്ന് ബ്രദർ സുശീൽ ചെറിയാൻ എന്നെ വിളിച്ചു. ഞങ്ങളുടെ ബാച്ച്മേറ്റ് സിസിലി വഴിയാണ് ബ്രദർ എന്നെ വിളിച്ചത്. അതിനുശേഷം ബ്രദർ എന്നെ സ്പിരിച്വലി ഗൈഡ് ചെയ്യുകയും കാർമൽ മിനിസ്ട്രിയുടെ ഭാഗമാക്കുകയും ചെയ്തു. ആത്മീയതയുടെ ആ വരണ്ട നാളുകളിൽനിന്ന് കർത്താവ് എന്നെ കരകയറ്റുകയായിരുന്നു.

അതിനുശേഷം ഒരു കാര്യം എനിക്ക് മനസ്സിലായി, ജീവിതത്തിൽ ആരുമില്ലാത്ത, ഒന്നുമില്ലാത്ത അവസ്ഥകളിൽ കർത്താവ് മൗനമായിരിക്കുന്നു എന്ന് തോന്നുമ്പോഴും നമ്മുടെ ജീവിതത്തിൽ നമുക്കാവശ്യമുള്ള കാര്യങ്ങൾ, നമുക്കില്ലെന്ന് തോന്നുമ്പോഴും ഒരിടത്തും എത്തുന്നില്ലെന്ന് തോന്നുമ്പോഴും സമയത്തിന്റെ പൂർത്തീകരണത്തിൽ കർത്താവ് നമുക്ക് വഴി തെളിക്കും. നമ്മളെ നയിക്കും. അത് നമ്മുടെ കൂട്ടുകാരിലൂടെയായിരിക്കാം, ചിലപ്പോൾ നമുക്ക് ഒരു പരിചയവുമില്ലാത്ത വ്യക്തികളിലൂടെയായിരിക്കാം. പക്ഷേ, കർത്താവ് നമ്മെ നയിക്കും. നമ്മളെ കൈവിടില്ല. ആ ഒരു വലിയ ബോധ്യത്തിലായിരുന്നു പിന്നീടുള്ള മുന്നേറ്റം. ഞങ്ങളുടെ ബാച്ച്മേറ്റ് ജിൻസിയും ഭർത്താവ് ആറാം ബാച്ച് ഫുൾടൈമർ സനീഷ് ചേട്ടനും ഇടയ്ക്ക് വീട്ടിൽ വരും. ആ കഠിന ഒറ്റപ്പെടലിന്റെ സമയങ്ങളിൽ വലിയ ആശ്വാസമായിരുന്നു അവരുടെ ആ സന്ദർശനങ്ങൾ.

ഓരോ അനുഭവങ്ങളും ഒരു കാര്യം എന്നെ പഠിപ്പിച്ചു, എന്റെ കിരീടം സ്വർഗത്തിലാണ്. ഞാൻ ഓടുന്ന ഓട്ടം സ്വർഗത്തിലേക്കാണ്. അതുകൊണ്ട് നശ്വരമായ കിരീടത്തിനോ അംഗീകാരത്തിനോവേണ്ടി ഞാൻ ശ്രമിച്ചില്ല, കർത്താവ് നയിക്കുന്നതുപോലെ ഞാൻ മുന്നോട്ട് നീങ്ങി. എല്ലാം രമ്യതയിലാക്കുന്ന കർത്താവ് അവിടത്തെ വഴിയേ എന്നെ നയിച്ചു കൊണ്ടിരിക്കുന്നു. നിറങ്ങളുള്ള വിജയങ്ങളും ആരവങ്ങൾക്കുമപ്പുറത്തു നിറഞ്ഞൊഴുകുന്ന കണ്ണീരും ഏങ്ങലടികളും കർത്താവറിയാതെയല്ല, അവിടന്ന് അതൊക്കെ ശേഖരിച്ചു വയ്ക്കുകയും എണ്ണം പറഞ്ഞു മറുപടി തരുകയും ചെയ്യും. ഗോലിയാത്തിനെ നേരിട്ട ദാവീദിനെ പോലെ എന്റെ മിഷൻ പ്രദേശത്തു ക്രിസ്തു സാക്ഷിയാകാൻ ഞാനിവിടെ തന്നെയുണ്ട്.

***മരിയ പോൾ (9th ബാച്ച് ഫുൾടൈമർ) HOD, സ്കൂൾ ഓഫ് മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻ, DiST അങ്കമാലി. ഭർത്താവ് മാർട്ടിനോടും മകൾ മിഖയോടുമൊപ്പം അങ്കമാലിയിൽ താമസം.***

# ആരെങ്കിലും ഇത് വിശ്വസിക്കുമോ?

**ദൈവത്തിലാശ്രയിച്ചും ദൈവത്തിന് ഒന്നാം സ്ഥാനം നൽകിയും ജീവിക്കുന്ന മനുഷ്യരുടെ മനസ്സുകളിലാണ് സമാധാനം നിലനിൽക്കുന്നത്. ജീസസ് യൂത്ത് ഫുൾടൈമർ ആയിരുന്ന രജനിയുടെ പങ്കുവയ്ക്കൽ ഒരു വീണ്ടുവിചാരത്തിനു നമ്മെ ക്ഷണിക്കുന്നു.**

ഞാനുൾപ്പെടുന്ന 9th ബാച്ച് അംഗങ്ങൾ, ഫുൾടൈമർഷിപ്പിന്റെ ജൂബിലി ആഘോഷിക്കുന്ന ഈയവസരത്തിൽ എന്റെ ജീവിതത്തിലേക്ക് ഒന്നു തിരിഞ്ഞു നോക്കുമ്പോൾ തമ്പുരാന് നന്ദി പറയാതെ മുന്നോട്ടു പോകാൻ പറ്റാത്ത വിധത്തിൽ അത്ഭുതകരമായ ധാരാളം അനുഭവങ്ങൾ കണ്ട വർഷങ്ങളായിരുന്നു കടന്നുപോയത്. എന്റെ ഫുൾടൈമെർഷിപ് ആന്ധ്രയിലെ വിജയവാഡയിൽ ആയിരുന്നു. കുറച്ചുനാൾ നാട്ടിലുണ്ടായിരുന്നെങ്കിലും അന്നു മുതൽ ഇന്നുവരെ ഞാൻ ആന്ധ്രയിൽ തന്നെ ആണെന്ന് പറയാം. ഫുൾടൈം കമ്മിറ്റ്മെന്റ് എന്നുപറയുമ്പോൾ അങ്ങനെ ഒരർഥത്തിൽ എന്റെ ജീവിതത്തിൽ അത് അന്വർഥമായി. എന്റെ ഭർത്താവ് ബിജു ജേക്കബും രണ്ടുമക്കളും അടങ്ങുന്നതാണ് ഞങ്ങളുടെ കുടുംബം. സന്തോഷകരമായാണ് ഞങ്ങൾ ജീവിക്കുന്നത്. മക്കളുടെ സ്കൂൾ പഠനമെല്ലാം ഇവിടെത്തന്നെയായിരുന്നു. മകൾ B.Sc നഴ്സിംഗ് പൂർത്തിയാക്കി, മകൻ BCA കഴിഞ്ഞു MCA യ്ക്ക് പഠനം ആരംഭിച്ചു.

ഞങ്ങളുടെ കമ്മിറ്റ്മെന്റ് പൂർത്തിയാകുന്ന സമയത്ത് ഞങ്ങളുടെ കൂടെ പള്ളിയച്ചൻ (ഫാ. അബ്രഹാം പള്ളിവാതുക്കൽ SJ), ജോസ് അച്ചൻ (ഫാ. ജോസ് തൈപ്പറമ്പിൽ CMI), ബേബിച്ചായൻ (ബേബി ചാക്കോ) തുടങ്ങിയവർ ഉണ്ടായിരുന്നു. ഓരോരുത്തരുമായി ഞങ്ങൾക്ക് വ്യക്തിപരമായ കൗൺസിലിംഗ് സെഷൻ ഉണ്ടായിരുന്നു. പള്ളിവാതുക്കലച്ചനുമായി സംസാരിച്ചുകൊണ്ടിരുന്ന സമയത്താണെന്നു തോന്നുന്നു പ്രാർഥിച്ചശേഷം അച്ചൻ എനിക്കായി എടുത്ത വചനഭാഗം ഹബക്കുക്ക് 3, 17–18 ആയിരുന്നു. "അത്തി വൃക്ഷം പൂക്കുന്നില്ലെങ്കിലും മുന്തിരിയിൽ ഫലമില്ലെങ്കിലും ഒലിവ് മരത്തിൽ കായ്കൾ ഇല്ലാതായാലും വയലുകളിൽ ധാന്യം വിളയുന്നില്ലെങ്കിലും ആട്ടിൻകൂട്ടം ആലയിൽ അറ്റുപോയാലും കന്നുകാലികൾ തൊഴുത്തിൽ ഇല്ലാതായാലും ഞാൻ കർത്താവിൽ ആനന്ദിക്കും. എന്റെ രക്ഷകനായ ദൈവത്തിൽ ഞാൻ സന്തോഷിക്കും." അന്ന് ആ വചനത്തിന്റെ അർഥം ഞാൻ ഗ്രഹിച്ചിരുന്നില്ല; എന്നാൽ, എന്റെ ജീവിതത്തിൽ ഉടനീളം സംഭവിച്ചത് ആ വചനം തന്നെയായിരുന്നു. ഞങ്ങളുടെ കോ–ഓർഡിനേറ്റർ റെജിച്ചേട്ടൻ (റെജി കൊട്ടുകാപ്പിള്ളി) എനിക്ക് വേണ്ടി പ്രാഥിച്ചപ്പോഴും ഒരു തോണിയിൽ ഞാൻ തന്നെ തുഴഞ്ഞു പോകുന്നതായി ദർശനം കാണുന്നുവെന്ന് പറഞ്ഞു; ഞാൻ കർത്താവിനെ ഉപേക്ഷിച്ചു പോകുമെന്നാണോ ഇതൊക്കെ വ്യക്തമാക്കുന്നതെന്നു ഞാൻ പേടിച്ചു. 'അങ്ങനെ ഒരു ജീവിതം എനിക്ക് വേണ്ട തമ്പുരാനെ അതിന് ഒരു ദിവസം മുൻപെങ്കിലും എന്നെ അങ്ങ് വിളിച്ചേക്കണേ' എന്ന് ഞാൻ പ്രാർഥിക്കുമായിരുന്നു. എന്നെയും എന്റെ കുടുംബത്തെയും സ്വർഗത്തിൽ എത്തിക്കാൻ എത്ര സഹനങ്ങൾ ഏറ്റെടുക്കാനും തയ്യാറാണെന്ന ഒരു പ്രാർഥനയും എനിക്കുണ്ടായിരുന്നു. ഈ പ്രാർഥനയാണ് എന്റെ പിന്നീടുള്ള ജീവിതത്തെ നയിച്ചത്.

അല്പം സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടെന്നത് മാത്രമാണ് ഞാൻ നേരിട്ട ഒരേയൊരു പ്രശ്നം. എന്റെ കഷ്ടപ്പാടുകളാണ്

ആഴമേറിയ വിശ്വാസത്തിലേയ്ക്ക് ഞങ്ങളെ വളർത്തിയത്. എന്റെ കുട്ടികളും ജീസസ്‌യൂത്തായാണ് വളരുന്നത്. സത്യം പറഞ്ഞാൽ ഞങ്ങൾക്ക് സ്വന്തമായി ഒരു സെന്റ് ഭൂമിയോ വീടോ ബാങ്ക് ബാലൻസോ ഒന്നുമില്ല, എന്നാലും ഞങ്ങളുടെ കുടുംബജീവിതം സന്തോഷകരമായി മുന്നോട്ട് പോകുന്നു. ഞങ്ങൾ രണ്ടുപേരും ജോലിചെയ്യുന്നുണ്ടെങ്കിലും ഓരോ മാസവും കാര്യങ്ങൾ കഷ്ടിച്ചു മുന്നോട്ട് പോകുന്നുവെങ്കിലും ഒരിക്കലും ഒരു കാര്യത്തിനും കുറവ് തമ്പുരാൻ വരുത്തിയിട്ടില്ലെന്നതാണ് എന്റെ ഏറ്റവുംവലിയ സാക്ഷ്യം. എത്ര ബുദ്ധിമുട്ടുള്ള കാര്യമാണെങ്കിലും, എന്നെകൊണ്ട് ഒരിക്കലും പറ്റില്ലായെന്നു തോന്നുന്ന കാര്യമാണെങ്കിലും ഞാൻ ആഗ്രഹിച്ച കാര്യം തമ്പുരാൻ നടത്തിത്തന്നിരിക്കും. ഒരുപാട് ഉദാഹരണങ്ങൾ പറയാനുണ്ടെനിക്ക്: കോവിഡ് സമയത്ത് ഒരു വർഷത്തോളം ഞങ്ങൾക്ക് ജോലിയില്ലാതിരുന്ന ആ കാലഘട്ടമാണ് ഞങ്ങൾ ജോലിചെയ്തിരുന്ന കാലത്തിനേക്കാൾ മനോഹരമായി ജീവിച്ചത്. പൈസ ഇല്ലാത്തതിനാൽ അഞ്ചു വർഷമായി മാറ്റിവച്ച എന്റെ മകന്റെ ഓപ്പറേഷൻ നടന്നതും അപ്പോഴാണ്. ഞാനിവിടെ ആയതിനാൽ ഞങ്ങളുടെ ഫുൾടൈമേഴ്‌സ് ബാച്ചുമായി എനിക്ക് ബന്ധമില്ലായിരുന്നു. എന്നാൽ, ഈ pandemic സമയത്താണ് 9th ബാച്ചിന്റെ വാട്‌സ് ആപ് ഗ്രൂപ്പിലേക്ക് എന്നെ കണ്ടുപിടിച്ചു ചേർക്കുന്നത്. അവരാണ് എന്നെ മേൽപറഞ്ഞ കാര്യങ്ങളിലൊക്കെ സഹായിച്ചത്. അവരോടുള്ള എന്റെ കടപ്പാടും സ്നേഹവും വളരെ വലുതാണ്. പ്രാർഥനയും സ്നേഹവും പിന്തുണയും സാമ്പത്തിക സഹായവും തന്ന് എനിക്ക് തുണയായി നിന്നത് എന്റെ ഈ കൂട്ടുകാരാണ്. ദൈവം എനിക്കായി ഒരുക്കിവച്ച എന്റെ ഈ 51 സഹോദരങ്ങളെയും സ്വർഗത്തിലായിരിക്കുന്ന ജോർജിനെയും ഓർക്കുന്നു.



രജനി ബിജുവും കുടുംബവും

എന്റെ മോൾ നഴ്‌സിംഗ് പഠിക്കണമെന്ന് ആഗ്രഹം പറഞ്ഞപ്പോൾ മറ്റൊരു മാർഗവുമില്ലാത്തതിനാൽ ഞാനൊരു വിദ്യാഭ്യാസ ലോൺ അപേക്ഷിച്ചു, അത് കിട്ടിയില്ല. 'അമ്മ എന്ത് കണ്ടിട്ടാണ് അഡ്മിഷൻ നോക്കുന്നത്" എന്ന് മക്കൾ ചോദിച്ചു. 'എന്റെ ഈശോയെ' എന്നു ഞാൻ നെടുവീർപ്പിട്ടു. രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ ഞാൻ അക്ഷരാർഥത്തിൽ കഷ്ടപ്പെടുകയായിരുന്നു. എന്ത് ചെയ്യണമെന്നറിയാതെ നിന്നപ്പോഴാണ് മോൾക്ക് ഗവണ്മെന്റ് അലൊട്ട്മെന്റ് കിട്ടിയത്. അവൾക്ക് സ്‌കോളർഷിപ്പുകൂടി ഉണ്ടായിരുന്നതിനാൽ ഹോസ്റ്റൽ ഫീസ് മാത്രം കൊടുത്താൽ മതിയായിരുന്നു; അന്നാണ് എന്തുകൊണ്ടാണ് ലോൺ കിട്ടാതെ ഇരുന്നതെന്ന് എനിക്ക് മനസ്സിലായത്. ലക്ഷങ്ങളുടെ കടബാധ്യതയിൽ നിന്നും ഞങ്ങളെയും കൊച്ചിനെയും തമ്പുരാൻ മാറ്റിനിറുത്തി. നാളെയൊരാവശ്യം ഉണ്ടെങ്കിലും നാണംകെടാൻ ഇടവരുത്താതെ തമ്പുരാൻ കാത്തുകൊള്ളുമെന്ന വലിയ വിശ്വാസമാണ് ഞങ്ങളെ സമാധാനമായി കിടന്നുറങ്ങാൻ അനുവദിക്കുന്നത്.

മറ്റൊരിക്കൽ ഒത്തിരി കഷ്ടപ്പാടുള്ളസമയത്ത് വീട്ടിലെ കുക്കിങ് ഗ്യാസ് തീർന്നുപോയി, ഗ്യാസ് നിറക്കാൻ ഒരു നിർവാഹമില്ലായിരുന്നു. ഇന്ന് രാവിലെ ഭക്ഷണമുണ്ടാക്കി കൊണ്ടുപോകാൻവരെ ഗ്യാസ് ഒന്ന് കത്തിക്കണേ തമ്പുരാനേ' എന്ന് പ്രാർഥിച്ചു. വൈകിട്ട് വന്നപ്പോൾ ഗ്യാസില്ലെന്ന കാര്യം ഞാൻ മറന്നുപോയി, അന്നും പിന്നെ ഒരു മാസത്തോളംവരെ ആ സിലണ്ടറിൽനിന്നു ഞങ്ങൾ പാചകം ചെയ്തു. ഗ്യാസ് തീർന്ന സിലണ്ടർ എങ്ങനെ ഒരു മാസം കത്തിച്ചു എന്നുചോദിച്ചാൽ എനിക്കുത്തരമില്ല, ആരെങ്കിലും ഇത് വിശ്വസിക്കുമോ എന്നെനിക്കറിയില്ല. പക്ഷേ ഇത് സത്യമാണ്! ഞങ്ങൾക്ക് ഗ്യാസ് നിറയ്ക്കാൻ പൈസ ആകുന്നതുവരെ ആ സിലണ്ടർ ഞങ്ങളുപയോഗിച്ചു. എന്റെ കണ്ണാലെ ഞാൻ കണ്ട അത്ഭുതങ്ങൾ എണ്ണമറ്റതാണ്; ഈ അനുഭവങ്ങൾ കൊണ്ടാണ് എന്റെ ജീവിതപങ്കാളിയും മക്കളും ഞാനും വിശ്വാസത്തിൽ തഴച്ചു വളരുന്നത്. എന്നും ഉള്ളംകൈയിൽ കാക്കുന്ന കർത്താവിന് ഒരായിരം നന്ദി. സങ്കീർത്തനം 121ൽ ആണ് ഞങ്ങൾ ജീവിക്കുന്നത്. "എന്റെ സഹായം എവിടെനിന്നു വരും എന്ന് ഞാൻ പർവതങ്ങളിലേക്ക് നോക്കുന്നു. ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിൽ നിന്നാണ് എന്റെ സഹായം വരുന്നത്. അവിടന്ന് നിന്റെ കാൽ വഴുതാൻ അനുവദിക്കില്ല; നിന്നെ കാക്കുന്നവൻ ഉറക്കം തൂങ്ങുകയില്ല. ഇസ്രായേലിന്റെ കാവൽക്കാരനായ കർത്താവ് മയങ്ങുകയോ ഉറങ്ങുകയോ ഇല്ല. കർത്താവു നിന്റെ കാവൽക്കാരൻ; നിന്റെ വലത്തുഭാഗത്ത് തണലേകാൻ അവിടന്നുതന്നെയുണ്ട്. പകൽ സൂര്യനോ രാത്രി ചന്ദ്രനോ നിന്നെ ഉപദ്രവിക്കില്ല. സകല തിന്മകളിൽനിന്നും കർത്താവ് നിന്നെ കാത്തുകൊള്ളും; അവിടന്ന് നിന്റെ ജീവൻ സംരക്ഷിക്കും. കർത്താവു നിന്റെ പോക്കുവരവുകളെ ഇന്നുമെന്നേക്കും കാത്തുകൊള്ളും."

***ലേഖിക, ഭർത്താവ് ബിജുവിനോടും രണ്ടുമക്കളോടുമൊപ്പം ആന്ധ്രാപ്രദേശിൽ വിജയവാഡയിൽ താമസിക്കുന്നു.***



ജീസസ്‌യൂത്ത് ഫുൾടൈമേഴ്സ്/മൈസ്റ്റോറി - സ്മിത ബിജോ ജോയ്

# തോക്കിനു മുമ്പിൽ ജപമാലയുമായ്!

"ഒന്നിലും സന്തോഷം തോന്നുന്നില്ല എന്ന് നീ പറയുന്ന ദുർദിനങ്ങളും വർഷങ്ങളും ആഗമിക്കും മുമ്പ് നിന്റെ യൗവന കാലത്ത് നീ നിന്റെ സ്രഷ്ടാവിനെ സ്മരിക്കുക" (സഭാപ്ര 12, 1). എന്നെ ഏറെ സ്വാധീനിച്ച ഒരു വചനമാണിത്. ഞാനറിഞ്ഞ യേശുവിനെ മറ്റുള്ളവരുമായിട്ട് പങ്കുവയ്ക്കണമെന്ന് ഞാൻ ഏറെയാഗ്രഹിച്ചു. ആഗ്രഹത്തോടെ 9th ബാച്ച് ഫുൾടൈമർഷിപ്പിൽ 52 പേരിൽ ഒരാളായി ഞാനും മാറി.

40 ദിവസത്തെ മനോഹരമായ ട്രെയിനിങ്ങിനുശേഷം ഞങ്ങളെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലേക്ക് അയച്ചപ്പോൾ ഞാനും ലിൻസണും സന്ധ്യയും ബാബുവും മണിപ്പൂരിലെ ഇൻഫാൽ രൂപതയിലെത്തി. ആദ്യത്തെ ഇടവകയായ കൊള്ളിയാനിൽ ഞങ്ങൾ നാലുപേരും ഒന്നിച്ചായിരുന്നു. ഞങ്ങൾ ചെന്നയുടനെ അവിടത്തെ തോമസച്ചനും ഫ്രാൻസിസച്ചനും പറഞ്ഞു, "മഴ കിട്ടാതെ ഇവിടത്തെ ജനങ്ങൾ ആകെ വിഷമത്തിലാണ്. നെൽകൃഷിയെല്ലാം ഉണങ്ങിക്കിടക്കുകയാണ്. നമുക്ക് ഉടൻ തന്നെ ആരാധന തുടങ്ങണം." അച്ചൻ പറഞ്ഞതനുസരിച്ച് ഞങ്ങൾ വിശുദ്ധ കുർബാന എഴുന്നള്ളിച്ചുവച്ചുള്ള ആരാധന തുടങ്ങി. ആ ജനത്തിനുവേണ്ടി, മഴയ്ക്കുവേണ്ടി പ്രാർഥിക്കുമ്പോഴും ഈ ചൂടിൽ മഴപെയ്യുമോ എന്നുള്ളതായിരുന്നു എന്റെ സംശയം. പക്ഷേ ഞങ്ങളെ വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടുത്തുവാൻ,

**ജീവൻ പണയം വച്ചും ക്രിസ്തുവിനെ പ്രഘോഷിക്കുന്ന ജീസസ്‌യൂത്ത് ചെറുപ്പക്കാരുടെ ജീവിതാനുഭവങ്ങൾ ലോകത്തിനു മുമ്പിൽ വെല്ലുവിളിയാണ്. വെട്ടിത്തിളങ്ങുന്ന വിശ്വാസ ജീവിതങ്ങൾ നമുക്ക് മുന്നിലും വഴിതുറക്കുന്നു.**

ദിവ്യകാരുണത്തിന്റെ ശക്തി ഞങ്ങൾക്ക് മനസ്സിലാക്കിത്തരാൻ, ആ ജനത്തിനു വേണ്ടി ദൈവം മഴ പെയ്യിച്ചു! ദൈവത്തിന് സ്തുതി!

എല്ലാ ദിവസവും ഞങ്ങൾ വില്ലേജുകളിലൂടെ ഭവന സന്ദർശനം നടത്തുമായിരുന്നു. ഭാഷയും വേഷവും ദേശവും ആചാരങ്ങളും അനുഷ്ഠാനങ്ങളും തികച്ചും വ്യത്യസ്തമായിരുന്ന അവരുടെ അടുക്കലേക്ക് പോകുന്നത് ഓരോ ദിവസവും അനുഭവമായിരുന്നു. മിഷണറിമാരായി കണ്ട് ഒത്തിരി സ്നേഹത്തോടെ അവർ ഞങ്ങളെ സ്വീകരിക്കുമായിരുന്നു. ഞങ്ങൾ ചിലപ്പോൾ വീടുകളിൽ ചെല്ലുമ്പോൾ രോഗികൾ ഉണ്ടെങ്കിൽ അവർക്കുവേണ്ടി പ്രാർഥിക്കാൻ ഞങ്ങളോട് ആവശ്യപ്പെടുമായിരുന്നു. അത്ഭുതകരമായ രോഗശാന്തി ലഭിക്കുന്നത് ഞങ്ങൾക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്

ഞങ്ങൾ ഇംഫാലിൽ എത്തിയതുമുതൽ അവിടത്തെ തീവ്രവാദികളെ കുറിച്ചും കേട്ടിരുന്നു. അവരെ നമ്മൾ കുഴിയന്മാർ എന്നാണ് വിളിക്കുന്നത്. ഓഗസ്റ്റ് 15ന് കുർബാനയുടെ സമയത്ത് കുറച്ച് തീവ്രവാദികൾ പള്ളിയിൽ എത്തുകയും കുറച്ച് പ്രശ്നങ്ങളുണ്ടാക്കി പള്ളിപൂട്ടി താക്കോൽ കൊണ്ടുപോവുകയും ചെയ്തു. ഇത് അറിയിക്കാനായി അവിടത്തെ വികാരിയച്ചൻ ബിഷപ്പ്ഹൗസിൽ പോയി. അന്ന് വൈകിട്ട് 12 തീവ്രവാദികൾ തോക്കുകളുമായി ഞങ്ങളുടെ അടുത്തെത്തുകയും അവർക്കുനടുവിൽ ഞങ്ങളെ നിറുത്തുകയും ചെയ്തു. അന്ന് ജപമാലയും പിടിച്ച് തോക്കിനു മുമ്പിൽ നിന്നതൊക്കെ ഓർക്കുമ്പോൾ ഒത്തിരി അത്ഭുതം തോന്നുന്നു.



സ്മിതയും കുടുംബവും

രണ്ടുമാസത്തെ അവിടത്തെ പ്രവർത്തനത്തിനുശേഷം ഞങ്ങൾ അവിടെനിന്നും അടുത്ത ഇടവകയായ സുകുനുവിലേക്ക് പോയി. ഞാനും ലിൻസണും സുഗനു ഇടവകയിലും സന്ധ്യയും ബാബുവും മറ്റൊരു ഇടവകയിലേക്കും പോയി. സുഗുനു ഇടവകയിൽ ഞാനും ലിൻസണും ജപമാലയൊക്കെ ചൊല്ലികൊണ്ട് ഒരുപാട് ദൂരം നടന്ന് ഭവനസന്ദർശനം നടത്തുമായിരുന്നു. ഡിസംബർ രണ്ടാം തീയതി എനിക്ക് പനിയായതുകൊണ്ട് അവിടത്തെ കൊച്ചച്ചൻ ആയിരുന്ന ഫാ. ജേക്കബ് ചിറ്റിനപ്പള്ളി എന്നെ ഹോസ്പിറ്റലിൽ കൊണ്ടുപോയി അഡ്മിറ്റാക്കി തിരികെ പള്ളിയിൽ എത്തുമ്പോൾ അച്ചനെ കാത്തിരുന്നത് തീവ്രവാദികളായിരുന്നു. ലിൻസൺ അവിടെ ഉണ്ടായിരുന്നെങ്കിലും വണ്ടിയുടെ സ്വരം കേട്ട് പുറത്തിറങ്ങിയപ്പോഴേക്കും അച്ചനെ അവർ കൊണ്ടുപോയിരുന്നു. അങ്ങനെ അവർ അച്ചനെ കൊണ്ടുപോയി വെടിവെച്ചുകൊന്നു. പിറ്റേദിവസം ഹോസ്പിറ്റലിൽ ഞാൻ കാണുന്നത് അച്ചന്റെ മൃതദേഹമാണ്. ഈയൊരു ഷോക്കിൽ നിന്നും പുറത്തു കടക്കാൻ എനിക്ക് ഏറെ പണിപ്പെടേണ്ടി വന്നു. ഇന്നെനിക്ക് ഉറപ്പുണ്ട് ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുവാൻ ഒരു രക്തസാക്ഷി, ഞങ്ങളുടെ പ്രിയപ്പെട്ട ജേക്കബച്ചൻ സ്വർഗത്തിൽ ഉണ്ടെന്ന്. എനിക്ക് ഒരു മോനുണ്ടായപ്പോൾ അവന് ജേക്കബ് എന്നാണ് പേരിട്ടത്.

ഇതിനുശേഷം എനിക്കും ലിൻസണും മറ്റുരണ്ട് ഇടവകകളിലും കൂടി പോയി പ്രവർത്തിക്കാൻ സാധിച്ചു. അവിടെയും ഞങ്ങൾക്ക് ഒരുപാട് ഭവനങ്ങൾ സന്ദർശിക്കുവാനും അവരുടെ വേദനകൾ അറിയാനും അവരോട് ഈശോയെപ്പറ്റി പറയാനും ഒക്കെയുള്ള അവസരം ലഭിച്ചു. കഴിഞ്ഞ വർഷത്തെ മണിപ്പൂർ കലാപത്തിൽ, ഞങ്ങൾ അന്നുണ്ടായിരുന്ന എല്ലാ പള്ളികളും തീവച്ച് നശിപ്പിക്കപ്പെട്ടു എന്ന് വേദനയോടെ ഓർക്കുന്നു. എങ്കിലും ഒരു കാര്യം ഉറപ്പിച്ചു പറയാം. എത്രയെത്ര പീഡനങ്ങളിലൂടെയും ക്ലേശങ്ങളിലൂടെയും സഭ കടന്നു പോയാലും എത്രമാത്രം ക്രിസ്ത്യാനികളെയും പള്ളികളെയും ഒക്കെ നശിപ്പിച്ചാലും സഭയെ തകർക്കാൻ ആർക്കും പറ്റില്ല. കാരണം അത് ക്രിസ്തുവിനാൽ സ്ഥാപിതമാണ്. ഇന്നേറെ അഭിമാനത്തോടെ ഞാൻ പറയുന്ന ഒരു കാര്യം എന്റെ ഒപ്പം ഉണ്ടായിരുന്ന ലിൻസൺ ഇന്ന് മണിപ്പൂരിലെ മാറാം എന്ന സ്ഥലത്ത് വൈദികനായി സേവനമനുഷ്ഠിക്കുകയാണ്.

***KYCT മുൻ കോ–ഓർഡിനേറ്റർ ബിജോ ജോയ് ആണ് സ്മിതയുടെ ഭർത്താവ്. മകൾ ട്രീസ മരിയ ഒൻപതാം ക്ലാസ്സിലും മകൻ ജേക്കബ് ഒന്നാം ക്ലാസ്സിലുമാണ്.***



# സ്നേഹപൂർവം വികാരിയച്ചന്

വിശുദ്ധ ജോൺമരിയ വിയാനിയുടെ തിരുനാളിനോട് അനുബന്ധിച്ച് (ആഗസ്ത് 4) ജീസസ് യൂത്ത് കേരള പാരിഷ് മിനിസ്ട്രി നടത്തിയ കത്തെഴുത്തിൽനിന്നും തെരഞ്ഞെടുത്ത ഒരു കത്ത്. സ്വന്തം വികാരിയച്ചൻമാർക്ക് തിരുനാളിന്റെ മംഗളങ്ങളും അവരുടെ നിസ്വാർഥ ശുശ്രൂഷയ്ക്ക് നന്ദിയും പാരിഷ് ഗ്രൂപ്പ് അനുഭവങ്ങളും നല്ല ഓർമകളുമൊക്കെ ഉൾക്കൊള്ളുന്ന ഒരു കത്ത്.


ജീസസ് യൂത്ത് തൃശൂർ സോണിലെ മണ്ണുത്തി ലൂർദ് സബ്സോണിലെ ചെറുപ്പക്കാർ വികാരിയച്ചന് എഴുതിയ കത്താണിവിടെ പ്രസിദ്ധീകരിക്കുന്നത്. കെയ്റോസ് മാസികയുടെ ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ സമ്മാനമായി നൽകുന്നു.



*തൃശൂർ സോണിലെ മണ്ണുത്തി ലൂർദ് സബ്സോണിലെ ജീസസ് യൂത്ത് കുടുംബം*


ഈശോയെ ഏറെ സ്നേഹിക്കുന്ന ഞങ്ങളുടെ സ്വന്തം അച്ചന്,

അച്ചന് സുഖമാണെന്ന് വിശ്വസിക്കുന്നു. ആദ്യമേ തന്നെ വിയാനി ദിനത്തിന്റെ ആശംസകൾ ഏറെ സ്നേഹത്തോടെ നേരുന്നു. "യേശുവിന്റെ ഹൃദയത്തിലെ സ്നേഹമാണ് പൗരോഹിത്യം" എന്ന വിയാനിപുണ്യാളന്റെ വാക്കുകൾ ഓർക്കുകയാണ്. അച്ചന് ലഭിച്ച ഈ മഹാദാനത്തെയോർത്ത് ഞങ്ങൾ ദൈവത്തിന് നന്ദിയർപ്പിക്കുന്നു. കാരണം അച്ചനിലൂടെ ഞങ്ങൾക്ക് ലഭിച്ചതും ലഭിക്കുന്നതുമായ അനുഗ്രഹങ്ങൾ എത്രയോ അധികമാണ്!



ഈ ലോകത്തിലെ തന്നെ ഏറ്റവും വലിയ അത്ഭുതം അനുദിനം അൾത്താരയിൽ സംഭവിക്കുന്നത് അച്ചന്റെ കരങ്ങളിലൂടെ... "ഇത് എന്റെ ശരീരമാകുന്നു; നിങ്ങളെല്ലാവരും ഇതിൽനിന്ന് വാങ്ങി ഭക്ഷിക്കുവിൻ" എന്ന ഈശോയുടെ വാക്കുകൾ ഞങ്ങൾ ശ്രവിക്കുന്നതും അച്ചനിലൂടെ തന്നെ... എത്രയോ മഹത്തരമായ ജീവിതമാണിത്!

ജനിച്ച നിമിഷം മുതൽ മരണം വരെ ഞങ്ങളുടെ സന്തോഷങ്ങളിലും, സങ്കടങ്ങളിലും സഹചാരിയായി അങ്ങുണ്ട്. ഉള്ള് നിറഞ്ഞ നന്ദി അച്ചനോടും, പൗരോഹിത്യത്തോടുമുണ്ട്. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ജ്ഞാനസ്നാനം നൽകി





തിരുസഭയിലെ അംഗമാക്കി തീർത്തതിന്... വേദപാഠ ക്ലാസുകളിൽ ഈശോയെ കുറിച്ച് പറഞ്ഞുതന്നതിന്... കേട്ടറിഞ്ഞ ഈശോയെ നാവിൽ പകർന്ന് നൽകിയതിന്... പാപത്തിൽ വീണ് മനസ്സ് മടുത്തപ്പോഴൊക്കെയും കുമ്പസാരക്കൂട്ടിൽ ഈശോസാന്നിദ്ധ്യമായി ആശ്വാസം നൽകിയതിന്... രോഗത്താൽ വേദനിച്ച് വലഞ്ഞപ്പോഴൊക്കെ സൗഖ്യമേകിയതിന്... ആത്മീയ ഭോജനമേകി സദാ ഉണർവേകുന്നതിന്... അങ്ങനെയങ്ങനെ ലിസ്റ്റ് നീളുന്നു... ഈ പൗരോഹിത്യം വെറുമൊരു വിളിയല്ല, മറിച്ച് ഒരു ജീവനുള്ള ത്യാഗമായി മാറുകയാണല്ലോ. ഹൃദയത്തിന്റെ ഭാഷയിൽ ഒരായിരം നന്ദി.

ഈ പുണ്യദിനത്തിന്റെ ആശംസകൾ നേരുന്നു. ഇനിയും ധാരാളം ആത്മാക്കളെ ഈശോയ്ക്കായി നേടാനും, പൗരോഹിത്യം വിശുദ്ധിയോടെ കാത്തുസൂക്ഷിക്കാനും സാധിക്കട്ടെയെന്ന പ്രാർത്ഥനയോടെ നിർത്തുന്നു.

ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ



# ഹോളി ഹാബിറ്റ്സ്

## വരൂ, പുണ്യങ്ങൾ പൂക്കുന്ന പൂന്തോപ്പിലേക്ക്

2022 ലാണ് കെയ്റോസ് ബഡ്സ് ആദ്യമായി ഹോളി ഹാബിറ്റ്സ് അവതരിപ്പിച്ചത്. സകല വിശുദ്ധരുടെയും ദിനത്തോടനുബന്ധിച്ച് കുട്ടികൾ അവരുടെ പ്രിയപ്പെട്ട വിശുദ്ധരുടെ വസ്ത്രം ധരിക്കാൻ പ്രോത്സാഹിപ്പിക്കുന്ന ഒരു മനോഹരമായ പരിപാടിയാണിത്. ചെറിയ രീതിയിൽ ആരംഭിച്ച ഇത് ഇപ്പോൾ ധാരാളം കുട്ടികളും മാതാപിതാക്കളുമൊക്കെ ചേർന്ന് സ്നേഹത്തിന്റെയും പഠനത്തിന്റെയും വിശുദ്ധിയുടെയുമൊക്കെ പൂക്കൾ വിരിയുന്ന വലിയൊരു പൂന്തോട്ടമായി മാറിയിരിക്കുന്നു.

2024ൽ ലോകമെമ്പാടുമുള്ള ഇത്തരത്തിൽ വിശുദ്ധ വസ്ത്രങ്ങൾ അണിഞ്ഞ കുഞ്ഞുവിശുദ്ധരിൽ നിന്ന് 500 ലധികം എൻട്രികൾ ലഭിച്ചു. വേഷവിധാനങ്ങളോടൊപ്പം തങ്ങളുടെ പ്രിയപ്പെട്ട വിശുദ്ധരുടെ ഉദ്ധരണികൾ ചൊല്ലിയും മാതാപിതാക്കൾ അവരുടെ ഫോട്ടോകളും റീലുകളും പങ്കിട്ടും അതിൽ പങ്കെടുത്തു. ഇതെല്ലാം കെയ്റോസ് ബഡ്സിന്റെ ഇൻസ്റ്റഗ്രാം പേജിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കുഞ്ഞുങ്ങൾ വിശുദ്ധരുടെ വസ്ത്രങ്ങൾ ധരിക്കുക മാത്രമല്ല ഇതിലൂടെ ചെയ്യുന്നത്, സ്വർഗത്തിൽ തിളങ്ങി വിളങ്ങുന്ന വിശുദ്ധരുടെ ജീവിതത്തെയും സദ്ഗുണങ്ങളെയും ത്യാഗങ്ങളെയും കുറിച്ചുമൊക്കെ അവർ പഠിക്കുകകൂടി ചെയ്യുന്നു.

### കുടുംബം ഒന്നിച്ച് വിശ്വാസ യാത്രയിൽ

സുന്ദരികളായ അഞ്ചു കുട്ടികളുടെ മാതാപിതാക്കളായ സിംഗപ്പൂരിൽ നിന്നുള്ള ലിനുവിന്റെയും ദീപക്കിന്റെയും അനുഭവം ഏറെ മനോഹരമാണ്. ഒക്ടോബർ മാസം അവർക്ക് വളരെ തിരക്കേറിയതും അനുഗ്രഹപ്രദവുമായ മാസമാണ്. ഓരോ കുട്ടിക്കും വിശുദ്ധനെ തെരഞ്ഞെടുക്കുന്നതു മുതൽ വസ്ത്രം തയ്യാറാക്കുന്നതും വിശുദ്ധന്റെ കഥ പറയുന്നതും അതൊക്കെ ഫോട്ടോഷൂട്ട് ചെയ്യുന്നതുമെല്ലാം ഒരു വെല്ലുവിളിയാണെങ്കിലും അത് പൂർത്തിയാക്കി കഴിയുമ്പോളുണ്ടാകുന്ന കുട്ടികളുടെ സന്തോഷവും വലിയ പ്രയത്നത്തിലൂടെ ഉണ്ടാകുന്ന ആനന്ദവും ഒക്കെ വിലമതിക്കാനാവാത്തതാണെന്നും അവർ പറയുന്നു. ഇത് ദൈവരാജ്യത്തെ പ്രതിയുള്ള മനോഹരമായ ഒരു കലാസൃഷ്ടി ആണെന്നതിൽ യാതൊരു സംശയവുമില്ല.

### ഹലോവീനിന് പകരം ഹോളി ഹാബിറ്റ്സ്

ഓസ്ട്രേലിയയിൽ നിന്നുള്ള സിന്തിയയ്ക്ക് ഹോളി ഹാബിറ്റ്സ് വേറിട്ട ഒരനുഭവമായിരുന്നു. ഭയാനകമായ ഹലോവീൻ വസ്ത്രങ്ങൾക്കു പകരം കുട്ടികൾ മദർ മേരി, ബേബി ജീസസ്, സെന്റ് ആന്റണി എന്നിവരുടെ വേഷങ്ങൾ ധരിച്ച് മറ്റുള്ളവരോട് അതിനെപ്പറ്റി പറയുകയുമൊക്കെ കാണുമ്പോൾ തന്റെ ഹൃദയം അഭിമാനത്തിൽ നിറയുന്നതായി അവർ പങ്കുവച്ചു. അവർ തങ്ങളുടെ വീഡിയോകൾ അധ്യാപകരുമായി പങ്കിടുകയും അടുത്ത വർഷം സഹപാഠികളിൽ പലർക്കും ഇതിൽ ചേരാനുള്ള താത്പര്യം ജനിപ്പിക്കുകയും ചെയ്തു.

### ആവേശത്തോടെ അധ്യാപകർ, വിദ്യാർഥികൾ സ്കൂളുകൾ...

ഇന്ത്യയിലെ അസമിൽ നിന്നുള്ള ദിവ്യ എന്ന ടീച്ചർ തന്റെ സ്കൂളിൽ ഹോളി ഹാബിറ്റ്സ് അവതരിപ്പിച്ചപ്പോൾ, അതിൽ രണ്ട് വിദ്യാർഥികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂവെങ്കിലും അത് ഏറെ ശ്രദ്ധിക്കപ്പെടുകയും അനേകരിൽ സ്വാധീനം ചെലുത്തുകയും ചെയ്തിരുന്നു. വരും വർഷങ്ങളിൽ കൂടുതൽ കുട്ടികളെ ഉൾപ്പെടുത്താൻ പ്രിൻസിപ്പലും സിസ്റ്റേഴ്സുമൊക്കെ ഇപ്പോൾ പ്ലാൻ ചെയ്യുകയാണ്.

ഖത്തറിൽ നിന്നുള്ള വിൽമ ഈ പരിപാടിയെക്കുറിച്ച് പറഞ്ഞത്, ഇത് വിശുദ്ധന്മാരെ പോലെ കുട്ടികൾ വസ്ത്രം ധരിക്കുക മാത്രമല്ല, ഏറെ നാളുകളായി തന്റെ കുട്ടികൾ അവർ തെരഞ്ഞെടുത്ത വിശുദ്ധന്മാരെ കുറിച്ച് പഠിക്കുകകൂടി ചെയ്യുന്നുവെന്നാണ്.

### ജിജ്ഞാസയുണർത്തുന്ന ഹോളി ഹാബിറ്റ്സ്

യു.എ.ഇ.യിൽ നിന്ന് ആൻ തന്റെ മകൻ ലിയോയുടെ ഹാലോവീൻ ആവേശത്തെ ഹോളി ഹാബിറ്റ്സിലേക്ക് തിരിച്ചുവിട്ടത് എങ്ങനെയെന്ന് പങ്കുവച്ചു; ഭൂതങ്ങളെക്കുറിച്ച് സംസാരിച്ചുകൊണ്ട് അവൻ വീട്ടിലെത്തിയപ്പോൾ അവനെ വിശുദ്ധ കാർലോ അക്യൂട്ടിസിനെ ഞാൻ പരിചയപ്പെടുത്തി. അപ്പോൾ അവന്റെ മുഖം പ്രകാശിക്കുകയും കാർലോയുടെ വേഷം ധരിക്കാൻ വളരെ ആവേശഭരിതനാവുകയും ചെയ്തു. അവന്റെ സന്തോഷം ഞാൻ ക്യാമറയിൽ പകർത്തിയത് ഒരമ്മ എന്ന നിലയിൽ എനിക്ക് ലഭിച്ച വലിയൊരു സമ്മാനമായിരുന്നു.

വിശുദ്ധന്മാരുടെ വസ്ത്രം ധരിക്കുന്നതിൽ കുട്ടികൾ, മാതാപിതാക്കളായ ഞങ്ങളെക്കാൾ ആവേശത്തിൽ ആയിരുന്നു. ലോകമെമ്പാടുമുള്ള കൊച്ചുകൊച്ചു വിശുദ്ധന്മാരെ കാണുന്നത് എത്രയോ ഉണർവേകുന്നതായിരുന്നു. വ്യത്യസ്തമായ വേഷങ്ങളിലാണ് കുട്ടികൾ പങ്കെടുക്കുന്നതെങ്കിലും വിശുദ്ധിയുടെ പടവുകളിലേക്കാണ് അവരുടെ ചുവടുകൾ എന്നത് ഏറെ അഭിമാനകരവും ആനന്ദകര




വുമാണ്. നന്മയിലും പുണ്യത്തിലും കുട്ടികൾ വളരുവാൻ ഇത്തരത്തിലുള്ള നല്ല നല്ല പരിപാടികൾ ഏറെ ഫലപ്രദമാണെന്നത് അനേകരുടെ അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഇന്ത്യയിൽ നിന്നുള്ള വിൻസി തന്റെ അനുഭവങ്ങൾ പങ്കുവച്ചു.

പോസ്റ്ററിൽ കാണുന്ന രീതിയിൽ കാര്യങ്ങൾ ക്രമീകരിച്ച് പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

പങ്കെടുക്കുന്ന കുട്ടികൾക്കും അവരെ ഒരുക്കുന്ന മാതാപിതാക്കൾക്കും കെയ്‌റോസ് ബഡ്സിൽ നിന്നും ആത്മാർത്ഥമായ നന്ദി. ദൈവരാജ്യപ്രവർത്തനങ്ങളിൽ നമുക്ക് കൈകോർക്കാം, പുണ്യങ്ങൾ പൂക്കുന്ന പൂന്തോപ്പിലേക്ക് ഒരുമിച്ച് യാത്രചെയ്യാം.



**യുവ/മൈസ്റ്റോറി - തോമസ് മൈലാടൂർ**

# തകർച്ചയിൽ നിന്നും ഉയർച്ചയിലേക്ക് 7 ഏണിപ്പടികൾ

## (ഒരു ഗ്രന്ഥത്തിന്റെ പിറവിക്കഥ)

'തകർച്ചയിൽ നിന്നും ഉയർച്ചയിലേക്ക് 7 ഏണിപ്പടികൾ' ഒരു ലേഖനരൂപത്തിൽ പ്രകാശിതമാകുന്നത് The Voice of Catholic Charismatic Renewal Service Abu Dhabi യുടെ പ്രസിദ്ധീകരണമായ 'ജ്വലന'ത്തിന്റെ 2017 ജനുവരി ഒന്നാം ലക്കത്തിലാണ്. വളരെയേറെ പ്രതിസന്ധികളിലൂടെയും ദുരിതങ്ങളിലൂടെയും കടന്നുപോകേണ്ടി വന്നപ്പോൾ എല്ലാ വർഷവും ഒരാഴ്ച വീതം ധ്യാനം കൂടുവാനുള്ള അവസരം എനിക്കുണ്ടായി. അവയിലൂടെ വിശുദ്ധ ബൈബിളിനെപ്പറ്റിയും കൂദാശകളെപ്പറ്റിയും കൂടുതൽ മനസ്സിലാക്കാൻ കഴിഞ്ഞു. ഞാൻ അനുഭവിച്ചിരുന്ന ദുരിതാവസ്ഥ തരണം ചെയ്യാൻ ആ അറിവ് എനിക്കു സഹായകമായി. അങ്ങനെ സമൃദ്ധമായ നന്മകളുടെ കുളിർത്തെന്നലേറ്റ് സ്വച്ഛമായി മുന്നേറുന്ന പ്രത്യാശയുടെ ഒരു തീർഥാടനമായി എന്റെ ജീവിതയാത്ര മാറുകയായിരുന്നു.

എനിക്ക് ദുബായിൽ ജോലി കിട്ടിയതിനാൽ ഞാനും ഭാര്യയും രണ്ടു മക്കളുമടങ്ങുന്ന കുടുംബം ദുബായിലേക്ക് താമസം മാറ്റി. അവിടെവച്ച് വിശ്വാസപരിശീലക കോഴ്സ് പൂർത്തിയാക്കി ഒരു മതബോധകനായും പരിശുദ്ധ കുർബാന നല്കുന്ന Extra Ordinary Minister ആയും സേവനം ചെയ്യുവാനുള്ള അവസരവും എനിക്കുണ്ടായി.

### ഞാൻ മനസ്സിലാക്കിയ സത്യം

പലരുമായി ഇടപെട്ടപ്പോൾ ഞാൻ മനസ്സിലാക്കിയ കാര്യം ഇതാണ്: അനേകർ വളരെയേറെ കഷ്ടപ്പെടുന്നു; എന്നാൽ, അതിനനുസരിച്ചുള്ള ഫലം അവർക്ക് ലഭിക്കുന്നില്ല. സമ്പാദിക്കുന്നു; എന്നാൽ, നഷ്ടപ്പെട്ടുപോകുന്നു. പലവിധ കഷ്ടതകളിൽ ഉഴറുന്ന ഒന്നായി പലരുടെയും ജീവിതം മാറുന്നു. ആ തിരിച്ചറിവ് എന്നെ എത്തിച്ചത് ലൂക്കാ 11, 23 ലെ തിരുവചനത്തിലാണ്: "എന്നോടുകൂടെ ശേഖരിക്കാത്തവൻ ചിതറിച്ചു കളയുന്നു." അതോടൊപ്പം കൂട്ടിവായിക്കാൻ കർത്താവ് എനിക്കിടയാക്കിയ വചനമാണ് ലൂക്കാ 11, 21 "ശക്തൻ ആയുധധാരിയായി തന്റെ കൊട്ടാരത്തിൽ കാവൽ നിൽക്കുമ്പോൾ അവന്റെ വസ്തുക്കൾ സുരക്ഷിതമാണ്." ക്രിസ്തുവിശ്വാസികൾ എന്ന് അറിയപ്പെടുമ്പോഴും നമ്മിൽ പലർക്കും ദൈവം വാഗ്ദാനം ചെയ്തിട്ടുള്ള പ്രത്യാശയും സന്തോഷവും വിജയവും ഉയർച്ചയും അനുഭവിക്കുവാൻ സാധിക്കുന്നില്ല എന്ന വസ്തുതയിലേക്കാണ് ആ തിരുവചനങ്ങളുടെ ധ്യാനമനനങ്ങൾ എന്നെ നയിച്ചത്. അനുഭവത്തിന്റെ പിൻബലമുള്ള പ്രശ്നോത്തരികൾ അനേകർക്ക് അവരുടെ വിഷമസന്ധികളിൽ വഴിവിളക്കാകും എന്നു ഞാൻ വിചാരിക്കുന്നു. ആ ചിന്തയാണ് 'തകർച്ചയിൽ നിന്നും ഉയർച്ചയിലേക്ക് 7 ഏണിപ്പടികൾ' എന്ന പുസ്തകത്തിന്റെ രൂപീകരണത്തിനു പിന്നിലുള്ളത്.

### എന്താണ് ഈ 7 പടികളുടെ പ്രത്യേകത?

7 പടികൾ കയറുവാൻ ആദ്യം ground zero യിൽ നിൽക്കണം. തറയിൽ നിന്നാലല്ലേ ആദ്യ പടി കയറുവാൻ സാധിക്കുകയുള്ളൂ! അറിവാണ് അടിസ്ഥാനം. ജറെ 17, 7ൽ പറയുന്നു: "കർത്താവിൽ ആശ്രയിക്കുന്നവൻ അനുഗൃഹീതൻ." ദൈവത്തിന്റെ ഈ വാഗ്ദാനം പ്രാപിക്കാൻ ഒരാൾ കർത്താവിൽ ആശ്രയിക്കണം; ആശ്രയിക്കണമെങ്കിൽ വിശ്വസിക്കണം; വിശ്വസിക്കാൻ ദൈവത്തെപ്പറ്റി വ്യക്തമായ അറിവ്, ഏറ്റവും ചുരുങ്ങിയത് ദൈവം സർവശക്തനും കാരുണ്യവാനും സ്നേഹസമ്പന്നനുമാണ് എന്ന അറിവ് വേണം. ആ അറിവാണ് പുസ്തകത്തിന്റെ ആമുഖത്തിലൂടെ അവതരിപ്പിച്ചിട്ടുള്ളത്.

ദൈവം പരമനന്മയും നന്മയുടെ ഉറവിടവുമായതുകൊണ്ട്, 'ദൈവത്തിലേക്കു തിരിയുക' എന്നാൽ 'നന്മയിലേക്ക് തിരിയുക' എന്നതാണ്. അനുതാപത്തിലൂടെ തെറ്റുകൾ മനസ്സിലാക്കുകയും തിരുത്തുകയും ചെയ്ത് ദൈവവുമായും മറ്റുള്ളവരുമായും നല്ല ബന്ധങ്ങളിലേക്ക് വളരുവാൻ ശ്രമിക്കുന്നത് സ്വാഭാവികമായും അടുത്ത പടിയാണ്. ഇങ്ങനെ നാം ശ്രമിക്കുമ്പോഴും നാം അതിജീവിക്കേണ്ടതായ രണ്ട് അവസ്ഥകളുണ്ട്: കഴിഞ്ഞ കാലങ്ങളിലുണ്ടായ പരാജയത്തിന്റെ കുറ്റബോധവും ആത്മവിശ്വാസത്തോടെ മുന്നോട്ടുപോകാനുള്ള ഭയവും. ഈ അതിജീവനം സാധ്യമാകുന്നത് നമുക്ക് വിശ്വസിക്കാൻ കഴിയുമ്പോഴാണ്. രണ്ടാം പടിയിലൂടെ അനുവാചകരെ അതിനാവശ്യമായ വിശ്വാസത്തിലേക്ക് നയിക്കുവാൻ ശ്രമിക്കുകയാണ്.

അങ്ങനെ ദൈവത്തിൽ പൂർണമായി വിശ്വസിക്കാൻ കഴിഞ്ഞാൽ നമ്മെ ഭാരപ്പെടുത്തുന്നവയെല്ലാം അവിടന്നിൽ സമർപ്പിക്കാൻ സാധിക്കും. സമർപ്പണം പൂർണമായ ആശ്രയമാണ്. അതുവഴി നമുക്ക് ആശ്വാസം ലഭിക്കുകയും ചെയ്യും. അതുകൊണ്ടാണ് വിശ്വാസവിചിന്തന പുരോഗതി, സമർപ്പണ വിചിന്തനത്തിന്റെ മൂന്നാം പടിയിൽ എത്തിച്ചേരുന്നത്. നമ്മുടെ കഴിവിനോ സാഹചര്യങ്ങൾക്കോ പരിഹാരം കണ്ടെത്താൻ കഴിയാത്ത അവസ്ഥയിൽ സ്വാഭാവികമായും നമ്മിൽ ഉയരാവുന്ന ചോദ്യമാണ് 'ഇതെങ്ങനെ സംഭവിക്കും?' സമർപ്പണം ഫലദായകമാകാൻ ദൈവത്തിന് ഒന്നും അസാധ്യമല്ല എന്ന ബോധ്യം ഉണ്ടാകണം. അതിനു സഹായിക്കുന്നതാണ് നാലാമത്തെ പടി.

നമ്മൾ വിശ്വസിക്കുകയും സമർപ്പിക്കുകയും ചെയ്യുമ്പോൾ ദൈവം നമുക്ക് അവ സാധ്യമാക്കിത്തരും എന്ന ബോധ്യമുണ്ടെങ്കിലും നമ്മുടെ അഭിലാഷങ്ങൾ സഫലമാകുവാൻ അതിനാവശ്യമായ സമയം ('തക്കസമയം', ഗ്രീക്കിൽ 'കെയ്റോസ്') എടുക്കും. അതുകൊണ്ടാണ് അഞ്ചാമത്തെ പടിയായി നാം നമ്മുടെ മനസ്സിനെ ശുഭാപ്തിവിശ്വാസംകൊണ്ട് നിറയ്ക്കേണ്ടതായി വരുന്നത്. ഇത്രയുമായാൽ നമ്മുടെ ചെറിയ ചെറിയ പ്രശ്നങ്ങളും ആവശ്യങ്ങളും മാത്രമല്ല അവ എത്ര വലുതായിരുന്നാലും ദൈവത്തിന്റെ സഹായത്താൽ സാധ്യമാകുമെന്നും ദൈവത്തിന് നമുക്ക് തരാവുന്ന സൗഭാഗ്യങ്ങളുടെ സാധ്യത അനന്തമാണെന്നും മനസ്സിലാക്കണം. അതിന്

സഹായിക്കുന്ന അധ്യായമാണ് ആറാമത്തെ അധ്യായം. ആമുഖം മുതൽ ആറാമത്തെ അധ്യായം വരെയുള്ള സന്ദേശങ്ങൾ മനസ്സിലാക്കുകയും അതനുസരിച്ചു ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ നമ്മൾ നമ്മുടെ ലക്ഷ്യപ്രാപ്തിയിലേക്ക് അടുക്കുകയായിരിക്കും.

ദൈവം ഏഴാംദിവസത്തെ അനുഗ്രഹിച്ചു വിശുദ്ധമാക്കിയതുപോലെ, നിലനിൽക്കുന്നതും ഐശ്വര്യപൂർണമായതുമായ ഒരു ജീവിതം സാധ്യമാക്കാൻ, ദൈവം തരുന്ന അനുഗ്രഹങ്ങളിൽ ആനന്ദിക്കാനും ദൈവത്തെ മഹത്ത്വപ്പെടുത്താനുമുള്ള മനസ്സു നമുക്കുണ്ടാകണം. അത് സാധ്യമാക്കാൻ സഹായിക്കുന്നതാണ് ഏഴാമത്തെ പടി.

എന്തുകൊണ്ട് 'തകർച്ചയിൽനിന്നും ഉയർച്ചയിലേക്ക് 7 ഏണിപ്പടികൾ'– പുസ്തകത്തിലെ സന്ദേശങ്ങൾ പ്രയോജനപ്രദമായിരിക്കും?

✠ ഈ പുസ്തകത്തിലെ സന്ദേശങ്ങളെല്ലാം 100% വചനാധിഷ്ഠിതമാണ്. ജീവനേകാനും സൗഖ്യമേകാനും വചനത്തിനു കഴിയും എന്നതിനാൽ ഈ ഗ്രന്ഥത്തിന്റെ പാരായണവും അതനുസരിച്ചുള്ള പ്രവൃത്തികളും ഉണർവിലേക്കും ജീവിതസൗഖ്യത്തിലേക്കും നയിക്കും.

✠ ഇതിലെ ഓരോ അധ്യായവും ക്രമീകരിച്ചിരിക്കുന്ന ഘടന യുക്തിസഹവും ക്രമാനുഗതവുമാണ്. അതുകൊണ്ട് സന്ദേശങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാനും നടപ്പിലാക്കാനും കഴിയും. അതുവഴി ജീവിതവിജയത്തിന് അത്യാവശ്യമായ ആശ്വാസവും പ്രത്യാശയും ആത്മവിശ്വാസവും വളരെവേഗം അനുഭവിച്ചു തുടങ്ങാനാകും.

***"തകർച്ചയിൽനിന്നും ഉയർച്ചയിലേക്ക് എന്ന ഈ ഗ്രന്ഥം സുന്ദരമായ ഒരു മോട്ടിവേഷണൽ ഗ്രന്ഥം തന്നെയാണ് – തളർന്നവർക്ക് കരുത്തും പ്രത്യാശയും പകർന്നേകുന്ന ഗ്രന്ഥം"*** *(റവ. ഡോ. ജോഷി മയ്യാറ്റിൽ, പ്രൊഫസർ, സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി, കാർമൽഗിരി, ആലുവ)*

***"ദൈവവിശ്വാസത്തിൽ ആഴപ്പെട്ട് സന്തോഷവും വിജയവും കൈവരിച്ച് സഫലമായ ഒരു ജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ഈ പുസ്തകം ഒരു അനുഗ്രഹമായിരിക്കും"*** *(റവ. മോൺ. ജോളി വടക്കൻ, സിഞ്ചെല്ലൂസ്, ഇരിഞ്ഞാലക്കുട രൂപത)*

***"ജീവിതത്തിന്റെ ഏതൊരു തകർച്ചയിലും ദൈവാശ്രയം കൈവിടാതെ പ്രത്യാശയോടെ മുന്നേറുവാൻ ഇതിലെ ചിന്തകൾ നമ്മെ സഹായിക്കുന്നു"*** *(റവ. ഫാ. ടോണി കോഴിമണ്ണിൽ, ഡീൻ ഓഫ് സ്റ്റഡീസ്, POC).*

✠ കുറ്റബോധത്തിൽ നിന്നും അനാവശ്യമായ ഭയത്തിൽ നിന്നും വിടുതൽ നേടാനും നമ്മുടെ പ്രശ്നങ്ങൾ എത്ര ചെറുതായാലും വലുതായാലും, അവ പരിഹരിക്കാനും സഹായകരമായിരിക്കും. അതോടൊപ്പം തന്നെ നമ്മുടെ അനുദിനജീവിതത്തിൽ ഉണ്ടാകാവുന്ന അമിതമായ ആകുലതകളും ആശങ്കകളും ഒഴിവാക്കി ജീവിക്കാനും സഹായിക്കും.

✠ അനുവാചകർ ആയിരിക്കുന്നിടത്ത് – കുടുംബമോ സ്ഥാപനമോ പൊതുസമൂഹമോ എന്തുമാകട്ടെ – മറ്റുള്ളവർക്ക് പ്രത്യാശ പകരാനും നന്മ പങ്കുവയ്ക്കാനും അതുവഴി നന്മ വളരുന്ന സാഹചര്യം ഒരുക്കാനും ഇടയാകും.

## പുസ്തകത്തെ സംബന്ധിക്കുന്ന രണ്ടാശയങ്ങൾ കൂടി ഞാൻ പങ്കുവയ്ക്കട്ടെ:

ഈ പുസ്തകം ഒരു മോട്ടിവേഷണൽ ഗ്രന്ഥമാണ്. ഒരാളെ വളർത്താൻ മോട്ടിവേഷണൽ ഗ്രന്ഥങ്ങൾ സഹായിക്കുന്നു എന്ന അവബോധം എന്നെ അതിലേക്കാകർഷിച്ചു. ഒരു വ്യക്തി വളർന്നാൽ ഒരു കുടുംബവും സമൂഹവും നന്നാകാനുള്ള സാധ്യത വളരെ കൂടുതലാണല്ലോ.

ഇത് ക്രൈസ്തവ ആധ്യാത്മികതയെ അവലംബിച്ച് എഴുതിയിട്ടുള്ളതാണ്. പല ലോകോത്തര കമ്പനികളും പ്രശസ്തരായ വ്യക്തികളും പിന്തുടരുന്നത് താഴെ പറയുന്ന ത്രിപാദ തത്ത്വമാണ്: ആവശ്യമില്ലാത്തത് ഒഴിവാക്കുക: നമ്മുടെ ജീവിതത്തെ തളർത്തുന്ന ഭയം, നിരാശ, അമിതമായ ഉൽക്കണ്ഠ തുടങ്ങിയവയെല്ലാം ഉപയോഗശൂന്യമായവയാണ്. അത് നമ്മൾ ഒഴിവാക്കുകയോ അതിജീവിക്കുകയോ വേണം. കാര്യക്ഷമതയും ആത്മസംതൃപ്തിയും വർധിപ്പിക്കുക: ഉന്നതമായ നിലവാരം പുലർത്തുകയും നിലനിറുത്തുകയും ചെയ്യുക. ഇപ്പറഞ്ഞതെല്ലാം എന്റെ വിശുദ്ധഗ്രന്ഥ വായനയിൽ എനിക്കു കണ്ടെത്താൻകഴിഞ്ഞിട്ടുണ്ട്.

നിങ്ങളിൽ പലരും കേട്ടിരിക്കാവുന്ന ഒരു ഉദ്ധരണിയോടെ പുസ്തകത്തെപ്പറ്റിയുള്ള എന്റെ ചിന്ത ഞാൻ നിറുത്തട്ടെ: You only live once; but if you do it right, once is enough. ഓരോ ജീവിതവും വളരെ വിലപ്പെട്ടതാണ്. ഇപ്പോഴത്തെ അവസ്ഥ നല്ലതാണോ? എങ്കിൽ അത് നിലനിറുത്താൻ ഈ പുസ്തകം സഹായിക്കും. അതിനാൽ, സ്വജീവിതം വിജയിക്കാൻ നമുക്കാകുന്നത് നമ്മൾ ചെയ്യണം. അതോ, വേദനയും നിരാശയും നിറഞ്ഞതാണോ? എങ്കിൽ, തീർച്ചയായും നിങ്ങൾക്ക് ആശ്വാസവും പ്രത്യാശയും വിജയവും ഉണ്ടാകും. അങ്ങനെ സംഭവിക്കട്ടെ എന്നാശംസിക്കുന്നു.



*പാലാരിവട്ടം പി.ഒ.സി.യിൽ സെപ്റ്റംബർ 7 നു നടന്ന പുസ്തകപ്രകാശന ചടങ്ങിൽ റവ. ഫാ. സെബാസ്റ്റ്യൻ അരീക്കാട്ട് (റെക്റ്റർ, സെ. മറിയം ത്രേസിയാ പിൽഗ്രിം സെന്റർ, കുഴിക്കാട്ടുശേരി) ശ്രീ. ജോണി പി. ഡേവിഡ് പൊഴോലിപറമ്പിലിന് നൽകി നിർവഹിക്കുന്നു.*



**വാർത്താവിചാരം - സണ്ണി കോക്കാപ്പിള്ളിൽ**



## ഇന്നും ക്രൈസ്തവ സ്ഥാപനങ്ങൾതന്നെ മുൻപന്തിയിൽ

കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മികവിന്റെ കണക്കെടുത്തപ്പോൾ, ക്രിസ്തീയ സ്ഥാപനങ്ങൾ ബഹുദൂരം മുന്നിലാണെന്ന് സർവ്വേ റിപ്പോർട്ട് സൂചിപ്പിക്കുന്നു. ഭാരതത്തിലെ മികച്ച 100 സ്ഥാപനങ്ങളിൽ 18 എണ്ണം കേരളത്തിലാണ്. അതിൽ 13 എണ്ണം ക്രിസ്തീയ സ്ഥാപനങ്ങളാണ്. ഒരു മുസ്ലിം സ്ഥാപനവും നാല് സർക്കാർ സ്ഥാപനങ്ങളുമാണ് മറ്റുള്ളവ. ക്രൈസ്തവ സ്ഥാപനങ്ങളെ തകർക്കാൻ ബോധപൂർവമായ ശ്രമങ്ങൾ നിരവധി മേഖലകളിൽ നിന്നും ഉയരുമ്പോഴും മികച്ച നിലവാരം പുലർത്താൻ പ്രസ്തുത സ്ഥാപനങ്ങൾക്ക് കഴിഞ്ഞുവെന്നത് അഭിമാനകരമാണ്. യഥാർഥത്തിൽ ഇതിന്റെ ഗുണഭോക്താക്കൾ ഇതര മതസ്ഥരുമാണുതാനും. ഇത്തരം സ്ഥാപനങ്ങളുടെ നടത്തിപ്പിലുള്ള മികവ് കണ്ട് അസൂയപ്പെടുന്നവരാണ് ആരോപണങ്ങളുമായി മുന്നോട്ടു വരുന്നത്.

ജാതിമതഭേദമന്യേ എല്ലാവർക്കും അക്ഷരവെളിച്ചം നൽകി നാടിനെ ഉയർത്തിയ ക്രൈസ്തവ സംഭാവനകളെ തമസ്കരിക്കുന്ന സമകാലിക ബോധത്തെ തുറന്നു കാണിക്കണം. സാമൂഹ്യ മാധ്യമങ്ങളിലെ കമന്റുകളിൽ കാണുന്ന ചിലരുടെ കുറ്റാരോപണങ്ങൾക്ക് തക്ക മറുപടി നൽകാനോ ചെറുത്തുനിൽക്കാനോ ക്രൈസ്തവരുടെ ഭാഗത്തുനിന്നും വേണ്ടത്ര മുന്നൊരുക്കങ്ങൾ കാണുന്നില്ല എന്നും പരിശോധിക്കേണ്ടതുണ്ട്. ഭാരതത്തെയും പ്രത്യേകമായി കേരളത്തെയും ഉയർച്ചയിൽ എത്തിക്കുന്നതിൽ ക്രൈസ്തർ വഹിച്ച പങ്കിനെ കുറച്ചു കാണിക്കാനുള്ള പരിശ്രമങ്ങളെ തുറന്നു കാണിക്കാൻ കഴിയണം. അതിന് ഏറ്റവുമാവശ്യം സഭകൾ തമ്മിലും സഭയ്ക്കുള്ളിലും ഐക്യം ഉണ്ടാകുകയെന്നതാണ്.

## അഴുകാത്ത ശരീരം നമ്മോട് പറയുന്നത്

നവ വിശുദ്ധരായ കാർലോ അക്യൂടിസും പിയർ ജോർജിയോ ഫ്രസാത്തിയും ആധുനിക യുവജനങ്ങളെ ഏറെ സ്വാധീനിക്കുമെന്ന് ഉറപ്പാണ്. എന്നാൽ, ഇവരുടെ സവിശേഷതകളിൽ പ്രധാനപ്പെട്ട ഒന്നാണ് ഇവരുടെ ശരീരങ്ങൾ ഇത്രകാലമായിട്ടും അഴുകിയിട്ടില്ല എന്നത്. ശരീരത്തിൽ നിന്നും ജീവൻ പോയാൽ ഭൗതിക ദേഹം അഴുകുക എന്നത് പ്രകൃതിയുടെ നിയമമാണ്. പ്രകൃതി നിയമങ്ങൾക്ക് അതീതമായി സംഭവിക്കുന്നതിനെ നാം അത്ഭുതം എന്ന് വിളിക്കുന്നു.




കത്തോലിക്കാ സഭയിൽ നൂറുകണക്കിന് വിശുദ്ധരുടെ ശരീരങ്ങൾ ഇന്നും കേടുകൂടാതെ ഇരിക്കുന്നുണ്ട്. യഥാർഥ ദൈവത്തിൽ വിശ്വസിക്കുന്നവരുടെ സമൂഹമാണ് ക്രൈസ്തവരെന്നതിന് ആധികാരികതയാണ് ഇത് വെളിപ്പെടുത്തുന്നത്. ഇത് നമ്മുടെ വിശ്വാസത്തെ വർധിപ്പിക്കും. ലോകത്ത് മറ്റാർക്കും ഇത് അവകാശപ്പെടാനില്ല. ഇതൊരു അടയാളമാണ്, ക്രിസ്തുവാണ് ഏക രക്ഷകൻ എന്നതിന്റെ അടയാളം. ദിവ്യകാരുണ്യ അത്ഭുതങ്ങളും വിശുദ്ധരുടെ അഴുകാത്ത ശരീരങ്ങളും ഒക്കെ സത്യവിശ്വാസത്തിന് സാക്ഷ്യമായി നിലകൊള്ളുന്നു. നമുക്ക് അഭിമാനിക്കാനും പൊതുസമൂഹത്തിൽ സാക്ഷ്യപ്പെടുത്താനുമുള്ള മഹാത്ഭുതങ്ങളാണ്. ഇതാക്കെ തിരിച്ചറിയുമ്പോളാണ് നമ്മുടെ വിശ്വാസം ഉറച്ചതാകുന്നത്.



# പീഢന കുരുക്കുകളിൽ ഉരുകിയൊലിക്കുന്നവർ

കുറച്ചു വർഷങ്ങൾക്കു മുമ്പ് സംഭവിച്ച കാര്യം ഓർമയിൽ വരുന്നു. 18 വയസ്സുള്ള ഒരു ക്രൈസ്തവ പെൺകുട്ടി മറ്റൊരു മതത്തിലുള്ള യുവാവുമായി പ്രണയത്തിലായി. ആറ്റുനോറ്റുണ്ടായ ഏക മകളാണ്. പൊന്നുപോലെ വളർത്തിയ കുട്ടി. വിവാഹം ചെയ്തു കൊടുക്കണമെന്ന് മാതാപിതാക്കളോട് ആവശ്യപ്പെട്ടു. അവർക്ക് ഒരുതരത്തിലും ഇതംഗീകരിക്കാൻ കഴിയില്ലായിരുന്നു. അപ്പനും മകളും തമ്മിൽ അതുമിതും പറഞ്ഞു തെറ്റി. സംഘർഷമായി. മകൾ ഇറങ്ങിപ്പോകുമെന്ന് ഭീഷണിപ്പെടുത്തി. ദേഷ്യംപൂണ്ട അപ്പൻ മകളെ തല്ലി. ജീവിതത്തിൽ ആദ്യമായി തല്ലിയതാണ്. അടികൊണ്ട് അവൾ നിലത്തുവീണു. കവിളിൽ തിണർപ്പുണ്ടായി. അല്പസമയം കഴിഞ്ഞപ്പോൾ ഈറ്റപ്പുലിയെ പോലെ അവളെണീറ്റു. അപ്പന്റെ നേരെ കൈചൂണ്ടികൊണ്ട് അവൾ ഇങ്ങനെ പറഞ്ഞു: "ഇതു സമ്മതിച്ചു തന്നില്ലെങ്കിൽ നിങ്ങൾ എന്നെ പീഡിപ്പിച്ചെന്നു പറഞ്ഞു ഞാൻ പോലീസിൽ കേസ് കൊടുക്കും." ഇത്തവണ വീണത് അപ്പനാണ്. സ്വന്തം മകൾ മുഖത്തുനോക്കി പറഞ്ഞത് അദ്ദേഹത്തിന് ചിന്തിക്കാൻ പോലും കഴിയില്ലായിരുന്നു. അയാൾ അവിടെയിരുന്ന് കരഞ്ഞു. എന്നിട്ടിങ്ങനെ പറഞ്ഞു: "നിന്റെ ഇഷ്ടംപോലെ ചെയ്തുകൊള്ളൂ. നീ പ്രായപൂർത്തിയായെന്ന് അപ്പൻ അറിഞ്ഞില്ല മോളെ"

ഈ സംഭവം ഇപ്പോൾ വിവരിക്കാൻ കാരണം, ഈയിടെ കേരളത്തിൽ സംഭവിച്ച ചില കാര്യങ്ങളെ മുൻനിറുത്തിയാണ്. ഒരധ്യാപകനെതിരെ ഏതാനും പെൺകുട്ടികൾ കൊടുത്ത കേസ്, ഒരു പാവം സെക്യൂരിറ്റി കാരനെതിരെ കാമുകനെ രക്ഷിക്കാൻ വേണ്ടി മറ്റൊരു പെൺകുട്ടി കൊടുത്ത കേസ് തുടങ്ങിയവ ചർച്ചാവിഷയമായതിനാലാണ്. കോപ്പിയടി പിടിച്ചതിനാണ് വിദ്യാർഥിനികൾ അധ്യാപകനെ അനേക വർഷം മുൾമുനയിൽ നിറുത്തിയത്. ഉപദേശിച്ചതിനാലാണ് ഒരു പെൺകുട്ടി സെക്യൂരിറ്റി ജോലി ചെയ്യുന്ന ഒരു വൃദ്ധനെ മാസങ്ങളോളം ജയിലിൽ കിടത്തിയത്. ഒരു തെറ്റും ചെയ്യാതെ പോക്സോ കേസിൽ പ്രതിയാവുക, സ്വന്തം കുടുംബത്തിൽ പോലും നാണംകെട്ട് ജീവിക്കുക, മനുഷ്യരുടെ മുഖത്തുനോക്കാൻ പോലും കഴിയാതെ കുറ്റാരോപിതനായി കഴിയുക എന്നത് എത്രമാത്രം വേദനാജനകമാണ്.

അതുപോലെതന്നെയാണ് ഉഭയ സമ്മതത്തോടെ ശാരീരിക ബന്ധം പുലർത്തി ജീവിച്ചിട്ട് പരസ്പരം അകലുമ്പോൾ പീഢനക്കേസുമായി വരുന്നത്. എന്നെങ്കിലും വിവാഹം കഴിക്കാമെന്ന് ആരെങ്കിലും സൂചിപ്പിക്കുമ്പോൾ തന്നെ ഇതിനൊക്കെ ഇറങ്ങിപ്പുറപ്പെടണമായിരുന്നോ? ഇപ്പോൾ എന്താണ് നടക്കുന്നത്. നിസ്സംഗരായ അധ്യാപകരെയാണ് കാണാൻ കഴിയുന്നത്. മുൻകാലങ്ങളിൽ അധ്യാപകരായിരുന്നു മൂല്യങ്ങൾ പഠിപ്പിച്ചിരുന്നത്. ഇന്ന് എന്തുകൊണ്ടാലും മൗനം പാലിക്കേണ്ട അവസ്ഥയാണ്. തിരുത്തേണ്ടവർ നിശ്ശബ്ദരാകുമ്പോൾ മൂല്യനിരാസത്തിൽ ഒരു തലമുറ വളരുന്നു. അധ്യാപകരുടെ കൈയും കാലും കെട്ടിയിട്ടത് ഒരു ധാർമിക ച്യുതി തന്നെയാണ്. സ്വാതന്ത്ര്യം നഷ്ടപ്പെട്ട് ഭയന്ന് ജീവിക്കേണ്ട അവസ്ഥയിൽ അധ്യാപകരെത്തിയോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

## മാധ്യമ പാപ്പരാസികൾ

സമൂഹമാധ്യമങ്ങളടക്കം കേരളത്തിലെ ഒട്ടുമിക്ക മാധ്യമങ്ങളും നിലവാരമില്ലാത്ത വിധം ആയതിന്റെ കാരണം മനസ്സിലാകുന്നില്ല. സർവ മേഖലകളിലും ഗുരുതരമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുമ്പോഴും പെണ്ണുകേസും അവിഹിതഗർഭവും അന്വേഷിച്ച് നടക്കാനേ ഇവിടത്തെ മാധ്യമപ്രവർത്തകർക്ക് നേരമുള്ളൂ. വിദ്യാഭ്യാസത്തിന്റെ നിലവാരം ഇടിഞ്ഞത് തൊഴിലില്ലായ്മ, പുതിയ തസ്തികകൾ സൃഷ്ടിക്കാത്തത്, വന്യമൃഗ ശല്യം, മയക്കുമരുന്ന് ഉപയോഗം, മദ്യാസക്തി, അഴിമതി, വർഗീയത, പോലീസ് പീഢനം എന്നുതുടങ്ങി ഒരു നൂറായിരം കാര്യങ്ങൾ തുറിച്ചു നോക്കുമ്പോൾ ആരുടെയെങ്കിലും പ്രണയ വഴക്കുകളും തമ്മിൽ പിരിയലും ഒക്കെ ജീവൽ പ്രശ്നങ്ങളാക്കി മാധ്യമപ്രവർത്തകർ അതിനു പിന്നാലെ എന്ന കാഴ്ചയാണ് എവിടെയും കാണുന്നത്. ഭാവനയിൽ കഥകളുണ്ടാക്കി ചർച്ച നടത്തി ജനങ്ങളെ മാധ്യമങ്ങൾ വിഡ്ഢികളാക്കുന്നു. ഇതിന്റെ പിന്നിലും നിഗൂഢമായ അജണ്ടകൾ ഒളിഞ്ഞിരിപ്പുണ്ടോ എന്ന് സംശയിക്കണം.

സ്മാർട്ട് കിഡ്സ് – ചിത്രീകരണം:  വെങ്കി  കഥ: സി. ജിയ എം.എസ്.ജെ

# പ്രോഗ്രസ് കാർഡ്

'എന്റെ ദൈവമേ, ഇന്നും തോമസ് മാഷ് പ്രോഗ്രസ് കാർഡ് കൊണ്ടുവരരുതേ.' അഖിലിന്റെ ഒരേയൊരു പ്രാർഥന അതുമാത്രമായിരുന്നു. ഇത്തവണ ജയിക്കുമെന്ന് പപ്പയ്ക്ക് വാക്ക് കൊടുത്തതാണ്. പക്ഷേ, എല്ലാ പ്ലാനുകളും പാളിപ്പോയി. രണ്ടു വർഷത്തിനുശേഷം സൗദിയിൽ നിന്നും പപ്പ അവധിക്ക് വന്നിരിക്കുന്നു. ഇനിയെങ്ങാനും പ്രോഗ്രസ് കാർഡ് പപ്പയുടെ കൈയിൽ നേരിട്ട് കൊടുക്കാനാണോ സാറിന്റെ തീരുമാനം? അതും അറിഞ്ഞുകൂടാ. അഖിലിന്റെ നെഞ്ചിടിപ്പ് വർധിച്ചുകൊണ്ടിരുന്നു. രണ്ടു ദിവസം മുമ്പേ ക്ലാസ്സിലെ ബാക്കിയെല്ലാ കുട്ടികൾക്കും പ്രോഗ്രസ് കാർഡ് കിട്ടി. തന്റെ മാത്രം ഇതുവരെ കിട്ടിയില്ല. സാറ് മറന്നതാണെങ്കിൽ താനും ചോദിക്കുന്നില്ല എന്നവൻ തീരുമാനിച്ചു. മാഷിനിന്ന് ലഞ്ച് ബ്രേക്കിനു തൊട്ടുമുമ്പുള്ള ക്ലാസ്സാണ്. ക്ലാസ്സിൽ എത്തിയ തോമസ് സാർ പുസ്തമെടുത്ത് പഠിപ്പിച്ചു തുടങ്ങി. ക്ലാസ്സ് കഴിയുന്നതുവരെ അഖിലിന് വല്ലാത്തൊരു ആധിയായിരുന്നു. ക്ലാസ്സ് അവസാനിക്കാറായപ്പോൾ, തോമസ് സാർ പെട്ടെന്ന് നിറുത്തി, 'അഖിൽ, ഇങ്ങോട്ട് വന്നേ.' അഖിലിന്റെ ഉള്ളൊന്ന് കാളി. അവൻ മെല്ലെ എഴുന്നേറ്റ് സാറിന്റെ അടുത്തേക്ക് ചെന്നു. സാർ ഒരു കവർ കൈയിൽ വച്ചുകൊടുത്തു. "ഇതാ നിന്റെ പ്രോഗ്രസ് കാർഡ്. നിന്റെ പപ്പ നാട്ടിൽ എത്തിയിട്ടുണ്ടെന്നറിഞ്ഞു. ഞാൻ വിചാരിച്ചു ഇത് നേരിട്ട് നിന്റെ പപ്പയുടെ കൈയിൽ കൊടുക്കാമെന്ന്." സാറിന്റെ വാക്കുകൾ അഖിലിനെ ഞെട്ടിച്ചു. അവന്റെ പേടി സത്യമായിരിക്കുന്നു!



സാർ തുടർന്നു, "നിനക്കറിയാമല്ലോ, ഇത്തവണയും നിന്റെ നില അത്ര നല്ലതല്ല. പക്ഷേ, ഒരു കാര്യം ഞാൻ പറയാം. നിന്റെ പപ്പ സ്കൂളിൽ വന്നിരുന്നു. നിനക്ക് പഠിക്കാൻ താത്പര്യക്കുറവൊന്നുമില്ലെന്നും, ശ്രദ്ധ കൂട്ടിയാൽ നന്നായി പഠിക്കുമെന്നും അദ്ദേഹം എന്നോട് പറഞ്ഞു. നിനക്ക് വേണ്ടി അദ്ദേഹം എന്നോട് പ്രത്യേകമായി സംസാരിച്ചു."

അഖിൽ ഞെട്ടിപ്പോയിരുന്നു. പപ്പ സ്കൂളിൽ വന്നിരുന്നോ? താൻ അറിയാതെ? അവന്റെ കണ്ണുകൾ നിറഞ്ഞു. പപ്പയ്ക്ക് തന്നിൽ ഇത്രയും വിശ്വാസമുണ്ടായിരുന്നോ? "ഈ പ്രോഗ്രസ് കാർഡ് പപ്പയെ കാണിക്കുന്നതിനു മുൻപ്, നിനക്കൊരു അവസരം കൂടി ഞാൻ തരുകയാണ്. അടുത്ത ടെസ്റ്റിൽ നന്നായി പഠിച്ച് നല്ല മാർക്ക് വാങ്ങിയാൽ, ഈ കാർഡിലെ മാർക്കുകൾക്ക് പ്രാധാന്യം കുറയും. നിനക്ക് കഴിവുണ്ട് അഖിൽ, അത് തെളിയിക്കണം," സാർ പറഞ്ഞു.

അഖിൽ തലയാട്ടി. അവന്റെ ഉള്ളിൽ ഒരു പുതിയ ധൈര്യം നിറഞ്ഞു. ഇത്തവണ പപ്പയെ നിരാശപ്പെടുത്തില്ല. സാർ തന്ന ഈ രണ്ടാമത്തെ അവസരം താൻ പാഴാക്കില്ല. മനസ്സിൽ ഒരേയൊരു ചിന്ത മാത്രം പഠിക്കണം, നന്നായി പഠിക്കണം! അഖിലിന്റെ ഉള്ളിൽ ഒരു പുതിയ ധൈര്യം നിറഞ്ഞു. അവൻ ആ പ്രോഗ്രസ് കാർഡും മുറുകെ പിടിച്ച് ക്ലാസ്സിൽ നിന്നും പുറത്തിറങ്ങാൻ തുടങ്ങുമ്പോൾ തോമസ് സാർ അവനെ പിന്നിൽ നിന്ന് വിളിച്ചു. 'അഖിൽ, ഒരു നിമിഷം നിൽക്കൂ.' അഖിൽ നിന്നു. സാർ അവന്റെ അടുത്തേക്കു വന്ന് അവന്റെ തോളിൽ തട്ടി. ക്ലാസ്സിലെ മുഴുവൻ കുട്ടികളും കേൾക്കും വിധം ഉച്ചത്തിൽ പറഞ്ഞു. "അഖിൽ, നിന്റെ മാർക്ക് കുറഞ്ഞതിന്റെ കാരണം എനിക്കറിയാം. നീ എല്ലാ ദിവസവും സ്കൂൾ വിട്ട്, നിന്റെ അടുത്തുള്ള ആ പഴയ ഷീറ്റുമേഞ്ഞ വീട്ടിലേക്ക് പോകുന്നത് ഞാൻ കണ്ടിട്ടുണ്ട്. അവിടത്തെ ചെറിയ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നതും, അവർക്ക് ഭക്ഷണം എത്തിക്കുന്നതും ഞാൻ അറിഞ്ഞു."

അഖിൽ ഞെട്ടി സാറിനെ നോക്കി. താൻ ആരോടും പറയാതെ ചെയ്ത കാര്യങ്ങൾ സാർ എങ്ങനെ അറിഞ്ഞു? അവന്റെ മുഖത്ത് അമ്പരപ്പും ചെറിയൊരു ചമ്മലുമുണ്ടായിരുന്നു. സാർ പുഞ്ചിരിച്ചുകൊണ്ട് തുടർന്നു, "നിന്റെ പപ്പ സ്കൂളിൽ വന്നപ്പോൾ, ഞാൻ തന്നെയാണ് ഈ കാര്യങ്ങൾ അദ്ദേഹത്തോട് പറഞ്ഞത്. നിന്റെ പഠനത്തിൽ കുറവ് വന്നത് നിന്റെ നന്മകൊണ്ടാണെന്ന് അദ്ദേഹത്തെ ബോധ്യപ്പെടുത്താൻ എനിക്ക് സാധിച്ചു. നീ ചെയ്തുകൊണ്ടിരിക്കുന്നത് വളരെ മഹത്തായ കാര്യമാണ്, അഖിൽ. നിനക്ക് മറ്റുള്ളവരോടുള്ള സ്നേഹവും കരുതലും അഭിനന്ദനാർഹമാണ്."

അഖിലിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. ക്ലാസ്സിലെ കുട്ടികൾ ഒന്നാകെ കൈകൾ കൊട്ടി അഖിലിനെ അഭിനന്ദിച്ചു. സാർ തന്നെ തെറ്റിദ്ധരിച്ചില്ലല്ലോ എന്ന ആശ്വാസവും, പപ്പ എല്ലാം അറിഞ്ഞല്ലോ എന്ന സന്തോഷവും അവനെ പൊതിഞ്ഞു.

"മാർക്ക് എന്നത് വെറും അക്കങ്ങൾ മാത്രമാണ്. പക്ഷേ, നിനക്കുള്ള ഈ നല്ല മനസ്സ്, അത് വിലമതിക്കാനാവാത്തതാണ്" സാർ പറഞ്ഞു. "എന്നാൽ, നിന്റെ പഠനവും പ്രധാനമാണ്. ആ കുട്ടികളെ സഹായി




ക്കുന്നതു പോലെതന്നെ നിന്റെ ഭാവിയും നീ ശ്രദ്ധിക്കണം. നിനക്ക് എല്ലാ പിന്തുണയും നൽകാൻ ഞാനും നിന്റെ പപ്പയും ഈ ക്ലാസ്സിലെ മുഴുവൻ കുട്ടികളുമുണ്ടാകും."

അഖിൽ നിറഞ്ഞ മനസ്സോടെ സാറിനെ നോക്കി ചിരിച്ചു. പ്രോഗ്രസ് കാർഡിലെ മാർക്കുകൾ ഒരു പ്രശ്നമല്ലാതായിരിക്കുന്നു. തന്റെ നന്മ തിരിച്ചറിയുന്നവരുണ്ടെന്ന സന്തോഷത്തിൽ അവൻ അഭിമാനം പൂണ്ടു. ആ പ്രോഗ്രസ് കാർഡ് അവന്റെ ജീവിതത്തിലെ ഏറ്റവും വലിയ പാഠപുസ്തകമായി മാറി. മാർക്കുകളേക്കാൾ വലുതാണ് മനുഷ്യത്വമെന്ന പാഠം.

# വഴുതന മാത്തൻ



കാർട്ടൂൺ - സിനിൽ കെ.ജെ.






SUBSCRIBE!
TO THE BEST CATHOLIC MAGAZINE FOR YOUTH & YOUNG FAMILIES

To purchase
scan QR code or visit:
www.jykairosmedia.org/kairosglobal

Kairos Media
Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India
kairosmag@jykairosmedia.org +91 484 2984327 91 62382 79115 | www.jykairosmedia.org

RNI No.KERMAL/2002/12027, Date of publication: 01/10/2025, ₹50.00




Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041
Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662